www.malankaralibrary.com

# കേരള ക്രൈസ്തവസഭ

## (ഒരു ചരിത്ര സംഗ്രഹം)

(പരിഷ്കരിച്ച പതിപ്പ്)

# THE CHURCH IN KERALA

## (A SHORT CHURCH HISTORY)

By
Domestic Prelate
**Rt. Rev. Msgr, Philipose Ramban**

*Revised and Published by*
**Very Rev. Fr. Mathei Malancharuvil**

**1988**

www.malankaralibrary.com

# കേരള ക്രൈസ്തവസഭ

## (ഒരു ചരിത്ര സംഗ്രഹം)

(പരിഷ്കരിച്ച പതിപ്പ്)

# THE CHURCH IN KERALA

## (A SHORT CHURCH HISTORY)

By

Domestic Prelate

**Rt. Rev. Msgr. Philipose Ramban**

*Revised and Published by*

Very Rev. Fr. Mathai Malancharuvil

1988

www.malankaralibrary.com

## പരിഷ്കരിച്ച പതിപ്പിന്റെ മുഖവുര

നമ്മുടെ സണ്ടേസ്കൂളുകളുടെ ഉപയോഗാർത്ഥം അഭിവന്ദ്യ ചേപ്പാട്ടു പീലിപ്പോസ് റമ്പാച്ചൻ തയ്യാറാക്കിയതാണ് കേരളക്രൈസ്തവസഭ എന്ന ഈ ചെറു ചരിത്രഗ്രന്ഥം. വന്ദ്യറമ്പാച്ചന്റെ നിര്യാണത്തിനു ശേഷം 1980—ലും 1985_ലും അന്നുവരെയുള്ള ചരിത്രം കൂടി ചേർത്ത് പുതിയ പതിപ്പുകൾ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇപ്പോൾ വീണ്ടും പുതിയ പതിപ്പ് ആവശ്യമായി വന്നതിനാൽ ഇതുവരെയുള്ള ചരിത്രം കൂടി ചേർത്ത് ഈ ചെറുഗ്രന്ഥം പ്രസിദ്ധീകരിക്കുന്നു.

പ്രസാധകൻ,

ഫാദർ മത്തായി മലഞ്ചരുവിൽ

തിരുവനന്തപുരം.
15—7—1988.

www.malankaralibrary.com

## ആദ്യപതിപ്പുകളുടെ മുഖവുര

കേരളത്തിലെ ക്രൈസ്തവസഭ ഏ. ഡി. 52—ൽ ക്രിസ്തു ശിഷ്യനായ മാർ തോമ്മാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടതാണ്. ആദ്യകാലത്തെ കേരളക്രിസ്ത്യാനികൾ അവരുടെ ചരിത്രമൊന്നും രേഖപ്പെടുത്തിയിരുന്നില്ല. പാരമ്പര്യങ്ങൾ, പഴയ ശിലാലിഖിതങ്ങൾ, ചെമ്പേടുകൾ, കേരളം സന്ദർശിച്ചിട്ടുള്ള വിദേശീയരുടെ എഴുത്തുകൾ ആദിയായവകളിൽ നിന്നുമാണ് ഇപ്പോൾ നാം അവരുടെ ചരിത്രം ഗ്രഹിക്കുന്നത്.

ഒരു പോർട്ടുഗീസുകാരനായ ഗോവെയാ എന്നയാൾ ഏ. ഡി. 1606—ൽ പോർട്ടുഗീസുഭാഷയിൽ എഴുതിയിട്ടുള്ള ജോർദാനാ എന്ന ഗ്രന്ഥം ആണു കേരളത്തിലുള്ള പഴയ ക്രിസ്ത്യാനികളെപ്പററി നമുക്കു അറിവുതരുന്ന പ്രധാനപ്പെട്ട ചരിത്രഗ്രന്ഥം. എന്നാൽ അതൊരു നിരാക്ഷേപഗ്രന്ഥമെന്നു കരുതുവാൻ വഴി കാണുന്നില്ല. കേരളക്രിസ്ത്യാനികൾ നെസ്തോറിയരായിരുന്നു എന്നും ആ പാഷണ്ഡത നീക്കുവാനായിരുന്നു പോർട്ടുഗീസുകാർ അവരുടെ സഭാകാര്യങ്ങളിൽ ഇടപെട്ടതെന്നും പേർഷ്യൻമെത്രാൻമാരുടെ വരവിനെ തടഞ്ഞത് അവർ നെസ്തോറിയരായതിനാലാണെന്നും മററുമാണ് അദ്ദേഹം എഴുതിയിരിക്കുന്നത്.

മി. മെക്കൻസി, ഡോ. റെയ്, വൈററുഹൗസ്, മി. നാഗമയ്യാ ആദിയായവരെല്ലാം ഗോവെയായുടെ ഈ ഗ്രന്ഥത്തെ ആസ്പദമാക്കിയാണ് സുറിയാനിക്കാരുടെ ചരിത്രം എഴുതിയിട്ടുള്ളത്. പോർട്ടുഗീസുകാർ ഇവിടെ വന്നപ്പോൾ ഇവിടെയുണ്ടായിരുന്നവർ നെസ്തോർകാരായിരുന്നുവെങ്കിൽ കേരളത്തിൻെറ നാനാഭാഗങ്ങളിലായി കാണപ്പെട്ടിരുന്ന ദൈവമാതാവിൻെറ നാമത്തിലുള്ള പഴയ പള്ളികൾ എങ്ങനെ ഉണ്ടായി എന്നതിനെപ്പററി യാതൊരു സമാധാനവും ഇവരാരും പറഞ്ഞു കാണുന്നില്ല. കന്യാസ്ത്രീയമ്മ ദൈവമാതാവല്ലെന്നു തള്ളിപ്പറയുന്ന നെസ്തോറിയർ ദൈവമാതാവിൻെറ നാമത്തിൽ പള്ളികൾ വയ്ക്കുകയില്ലെന്നുള്ളത് തീർച്ചയാണല്ലോ.

www.malankaralibrary.com



മി. ഇട്ടൂപ്പുറൈറ്റർ, കുര്യൻ പാതിരി, മി. ഇ. എം. ഫിലിപ്പ് ആദിയായവർ കേരളക്രിസ്ത്യാനികരംമുമ്പു മുതല്ക്കേയാക്കോബായക്കാരായിരുന്നുഎന്നാണു പറഞ്ഞിരിക്കുന്നത്. കേരളക്രിസ്ത്യാനികരം മുമ്പുമുതലേ യാക്കോബായക്കാരായിരുന്നു എങ്കിൽ യാക്കോബായക്കാരുപയോഗിക്കുന്ന പാശ്ചാത്യസുറിയാനിക്കു പകരം കൽദായസുറിയാനി മതഗ്രന്ഥങ്ങരം ഇവിടെ പഴയകാലത്ത് ഉപയോഗത്തിൽ വന്നത് എങ്ങനെയെന്നുള്ളതിനെപ്പററി യാതൊരു സമാധാനവും അവർ പറഞ്ഞുകാണുന്നില്ല. പുത്തൻകൂർ വൈദികരുടെ പഴയ തറവാടുകളിൽ നോക്കിയാൽപോലും കൽദായസുറിയാനിയിലുള്ള ഗ്രന്ഥങ്ങരം മാത്രമാണ് കാണപ്പെടുന്നത്. എന്നു മാത്രമല്ല 450—ൽ കൽക്കദോനിയാ സുന്നഹദോസിനുശേഷം മാത്രമുണ്ടായ യാക്കോബായസഭ ആദ്യശതകം മുതൽ കേരളത്തിൽ ഉണ്ടായിരിക്കാൻ സാധ്യമല്ലല്ലോ.

അകത്തോലിക്കർ സഭാചരിത്രം എഴുതുമ്പോരം അവരുടെ സഭയുടെ ആവിർഭാവം മുതലുള്ള ചരിത്രം വർണ്ണിച്ചെഴുതുകയും അതിനുമുമ്പുള്ള ചരിത്രം ചുരുക്കിക്കൂട്ടി അവ്യക്തമാക്കിക്കളയുകയും ചെയ്യും. അവർക്കു അതിനേ നിവൃത്തിയുള്ളുതാനും. അങ്ങനെയുള്ള ഗ്രന്ഥങ്ങരംകത്തോലിക്കാവിദ്യാർത്ഥികരംക്കു പഠിക്കുവാൻ പര്യാപ്തങ്ങളല്ല. അതിനാൽ ശരിയായ ഒരു ചരിത്രസംഗ്രഹം എഴുതിക്കിട്ടണമെന്ന് പലരും ആവശ്യപ്പെട്ടതനുസരിച്ച് ഈ ഗ്രന്ഥം എഴുതിയിട്ടുള്ളതാണ്. ഇതുകൊണ്ട് ആ ആവശ്യം നിവർത്തിക്കുമെങ്കിൽ ഞാൻ കൃതാർത്ഥനായി.

തിരുവനന്തപുരം സെൻറ് മേരീസ് പ്രസ് മാനേജർ റവ. ഫാ. മത്തായി മലഞ്ചരുവിൽ ഈ ഗ്രന്ഥം തെററുതിരുത്തി അച്ചടിപ്പിക്കുന്നതിനു ചെയ്തുതന്നിട്ടുള്ള എല്ലാ സഹായസഹകരണങ്ങരംക്കും എനിക്കുള്ള കൃതജ്ഞതയെകൂടി ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

എന്ന്,

ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ

www.malankaralibrary.com

# കേരള ക്രൈസ്തവസഭ

# ഒരു ചരിത്രസംഗ്രഹം

## അദ്ധ്യായം 1

**ആരംഭം**

ക്രിസ്തുമതം ആദ്യമായി ഇൻഡ്യയിൽ പ്രസംഗിച്ചതു യേശുക്രിസ്തുവിന്റെ പന്ത്രണ്ട് അപ്പോസ്തലൻമാരിൽ ഒരാളായ മാർതോമ്മാശ്ലീഹായാണ്. അദ്ദേഹം സിറിയ, മൊസപ്പൊട്ടോമിയാ, പേർഷ്യാ, മുതലായ സ്ഥലങ്ങളിൽ ക്രിസ്തുമതപ്രചരണം നടത്തിയ ശേഷം അവിടുത്തെ ജോലി ക്രിസ്തുവിന്റെ 72 അറിയിപ്പുകാരിൽപെട്ട ആദായിയെയും മാറിയെയും ഏല്പിച്ചിട്ട് എ.ഡി. 52–ൽ കേരളത്തിൽ വന്നു. അക്കാലത്തു ചൈന, പേർഷ്യ, ഈജിപ്റ്റ്, സീറിയാ, മെസൊപ്പൊട്ടോമിയാ മുതലായ സ്ഥലങ്ങളിൽ നിന്ന് ആളുകൾ കച്ചവടത്തിനായി കപ്പൽമാർഗ്ഗം കേരളത്തിൽ വരിക പതിവായിരുന്നു.

മാർത്തോമ്മാശ്ലീഹാ ഇൻഡ്യയിൽ വന്നതിനെപ്പററിയുള്ള പാരമ്പര്യം ഏതാണ്ട് ഇപ്രകാരമാണ്. ശ്ലീഹൻമാരെവിടെയൊക്കെയാണ് സുവിശേഷപ്രചരണത്തിനുപോകേണ്ടതെന്ന് അറിയുവാൻ അവർ ചീട്ടിട്ടു. അപ്പോൾ മാർതോമ്മാശ്ലീഹാ ഇൻഡ്യയിൽ പോകണമെന്ന് ചീട്ടുവന്നു. അതുകണ്ട് ഇത്ര വിദൂരമായ ഒരു സ്ഥലത്തു തനിയെ പോയി സുവിശേഷമറിയിക്കുവാൻ അശക്തനായ തന്നെക്കൊണ്ട് എങ്ങനെ സാധിക്കുമെന്നു ചിന്തിച്ച് അദ്ദേഹം വിഷണ്ണനായി.

www.malankaralibrary.com



ആയിടെ ഇൻഡ്യയിലെ ഒരു രാജാവായ ഗോണ്ടഫോറസിന് അതിമനോഹരമായ ഒരു കൊട്ടാരം പണിയിക്കണമെന്ന് അതിയായ ആഗ്രഹമുണ്ടായി. അതിലേക്ക് ഒരു നല്ല ശില്പിയെ കൂട്ടിക്കൊണ്ടുവരുവാൻ ഹാബാൻ എന്നൊരാളെ ചുമതലപ്പെടുത്തി മെസൊപ്പൊട്ടോമിയായിലേക്കു അയച്ചു. അന്നു അവിടങ്ങളിൽ വലിയ കെട്ടിടങ്ങൾ പണിതു ശീലമുള്ള നല്ല ശില്പികളുണ്ടായിരുന്നു.

ഹാബാൻ അവിടെ ചെന്ന് യോസ് എന്ന സ്ഥലത്തുകൂടി കടന്നുപോകുമ്പോൾ യേശു ഒരു സാധാരണനെപ്പോലെഅദ്ദേഹത്തെസമീപിച്ച്സംസാരിച്ചശേഷം അദ്ദേഹത്തെയും കൂട്ടിക്കൊണ്ട് തോമ്മാശ്ലീഹായുടെ അടുക്കൽ വന്നു. തോമാശ്ലീഹാ യേശുവിനെ കണ്ടയുടനെ വേണ്ട ആചാരോപചാരങ്ങൾ നടത്തി. ശ്ലീഹാ, ഹാബോനോടുകൂടെ പോകണമെന്നും യാതൊരു ഭയപ്പാടിനും ആവശ്യമില്ലെന്നും താനെപ്പോഴും കൂടെയുണ്ടായിരിക്കുമെന്നും യേശു അറിയിച്ചു.

## ഗോണ്ടഫോറസ് രാജാവ്

അങ്ങിനെ ഹാബാനും തോമാശ്ലീഹായും കൂടി അന്ന് ബെസ്നഹറീൻ എന്നറിയപ്പെട്ടിരുന്നമെസൊപ്പൊട്ടാമിയായിൽനിന്ന് കപ്പൽകയറി അന്ത്രപ്പോലിസിലെത്തി. അന്ന് അവിടെത്തെ രാജകുമാരിയുടെ വിവാഹാവസരമായിരുന്നു. അതിനാൽ അവർ അവിടെയിറങ്ങി അതിൽ സംബന്ധിച്ചു. അവിടെ നിന്ന് വീണ്ടും കപ്പൽ കയറി ഗോണ്ടഫോറസ് രാജാവിൻെറ കൊട്ടാരത്തിലെത്തി. അദ്ദേഹത്തിൻെറ രാജ്യം ഇപ്പോഴത്തെ ബലൂചിസ്ഥാനും പഞ്ചാബുംകൂടി ചേർന്നുകിടക്കുന്നപഴയ പാർത്ഥ്യദേശമായിരുന്നു. തോമാശ്ലീഹാ നല്ല സുമുഖനും സുശീലനുമായിരുന്നു. ഗോണ്ടഫോറസ് രാജാവ് അദ്ദേഹത്തെകണ്ട് വളരെ സന്തോഷിച്ചു പണിയേണ്ട കൊട്ടാരത്തിൻെറ മാതൃകയെല്ലാം ശ്ലീഹായെ പറഞ്ഞുമനസ്സിലാക്കി. അനന്തരം പണി ഉടനെ തുട

www.malankaralibrary.com



ങ്ങുവാനായികുറെപ്പണവും അദ്ദേഹത്തെഏല്പിച്ചു ഈ ഗോണ്ടഫോറസിൻെറ രാജ്യം ചോളദേശം അതായത് മൈലാപ്പൂർ പ്രദേശം ആയിരുന്നു എന്നും ചിലർ പറയുന്നുണ്ട്. എങ്കിലും അത് അത്ര ശരിയാണെന്നു തോന്നുന്നില്ല.

തോമ്മാശ്ലീഹാ തൻെറ അടുക്കൽ വന്ന ദരിദ്രർക്കെല്ലാം ധർമ്മം കൊടുത്തു. അങ്ങനെ രാജാവിനോടു വാങ്ങിയ പണം മുഴുവനും തീർന്നു. കൊട്ടാരത്തിൻെറ പണി ആരംഭിക്കുവാൻപോലും സാധിച്ചില്ല. അതു കണ്ടപ്പോൾ രാജാവ് കോപിച്ച് അദ്ദേഹത്തെപിടിച്ചു തടവിലാക്കി. കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ രാജാവിനു ഒരു ദർശനമുണ്ടായി. താൻ ഉദ്ദേശിച്ചിരുന്നതിലും മനോഹരമായ ഒരു കൊട്ടാരം സ്വർഗ്ഗത്തിൽ തനിക്കായി തീർത്തിരിക്കുന്നതായിട്ടാണ് കണ്ടത്. അതുമൂലം ആനന്ദതുന്ദിലനായ രാജാവ് ഈ ശില്പിയുടെ ദിവ്യത്വം മനസ്സിലാക്കി. രാജാവും കുടുംബവും പ്രജകളിൽ പല പ്രമുഖന്മാരും കൂടി ജ്ഞാനസ്നാനം സ്വീകരിച്ച് ക്രിസ്ത്യാനികളായി. താൻ ചെയ്തുപോയ തെററിന് ക്ഷമാപണം യാചിച്ചുകൊണ്ട് രാജാവ് തോമ്മാശ്ലീഹായെ നമിച്ചു സ്വതന്ത്രനാക്കി വിടുകയും ചെയ്തു.

## തോമ്മാശ്ലീഹാ സൊക്കോത്രാദ്വീപിൽ

മാർതോമ്മാശ്ലീഹാ അവിടെനിന്നു കാൽനടയായി പുറപ്പെട്ടു. പലതരംകാട്ടുമൃഗങ്ങളും ഘോരജന്തുക്കളും ഉള്ള വനാന്തരത്തിൽക്കൂടി കല്ലും മുള്ളും വകവയ്ക്കാതെ നടന്ന് കടൽത്തീരത്ത് എത്തി. ഒരു പടവിൽ കയറി ആഫ്രിക്കായുടെ കിഴക്കേതീരത്തുള്ള സൊക്കോത്രാ ദ്വീപിലിറങ്ങി. അവിടെയും സുവിശേഷമറിയിച്ചു. പലരെയും ജ്ഞാനസ്നാനപ്പെടുത്തി. ഒരു പള്ളിയും പണിയിച്ചു അവർക്കുവേണ്ട വൈദികരെയും ഒരു മെത്രാനെയും വാഴിച്ചുകൊടുക്കുകയും ചെയ്തു.

www.malankaralibrary.com



## മാർതോമ്മാശ്ലീഹാ കേരളത്തിൽ

മാർതോമശ്ലീഹാ അവിടെനിന്ന് വീണ്ടും കപ്പൽ കയറി കേരളത്തിലെ കൊടുങ്ങല്ലൂർ തുറമുഖത്താണ് വന്നിറങ്ങിയത്. അക്കാലത്ത് കേരളവുമായി വ്യാപാരബന്ധം പുലർത്തിക്കൊണ്ടിരുന്നയഹൂദൻമാരുടെ കച്ചവടകേന്ദ്രങ്ങൾ ഇവിടെ ഉണ്ടായിരുന്നു. അവരുടെയിടയിൽ ആദ്യമാദ്യം സുവിശേഷം പ്രസംഗിച്ച ശ്ലീഹാ അവർ വഴി കേരളത്തിലെ യഹൂദരല്ലാത്തവരോടും പ്രസംഗിച്ചു. യൂദൻമാരുടെ ഏഴ് വാണിജ്യകേന്ദ്രങ്ങളെ ചുററിപ്പററി ഏഴ് സഭാകേന്ദ്രങ്ങൾ ഉടലെടുത്തു. കൊടുങ്ങല്ലൂർ, പാലയൂർ, കോട്ടക്കായൽ, കോക്കമംഗലം, ചായൽ, നിരണം, കൊല്ലം എന്നിവയായിരുന്നു പ്രസ്തുത സഭാകേന്ദ്രങ്ങൾ. ചില ബ്രാഹ്മണകുടുംബങ്ങളും ക്രിസ്ത്യാനികളായി എന്നും വളരെ പഴക്കംചെന്ന ഒരു പാരമ്പര്യവും ഇവിടെയുണ്ട്.

## തോമാശ്ലീഹാ മൈലാപൂരിൽ

തോമ്മാശ്ലീഹാ കേരളത്തിൽനിന്നും കൊളമ്പിലും ചൈനയിലും പോയി സുവിശേഷം പ്രസംഗിച്ചു, പലരെയും ക്രിസ്ത്യാനികളാക്കിയശേഷം നാലരമാസം കഴിഞ്ഞ് ഇൻഡ്യയുടെ കിഴക്കേതീരത്തുള്ള മൈലാപ്പൂരിൽ വന്നിറങ്ങി നാലരമാസം അവിടെയും സുവിശേഷമറിയിച്ചുകൊണ്ട് താമസിച്ചു. അനന്തരം മലയാററൂരേക്കു തിരിച്ചു. അവിടെയും ചിലരെ മാമ്മോദീസാ മുക്കിയശേഷം വീണ്ടും മൈലാപ്പൂരിലേക്കു മടങ്ങിപ്പോയി അപ്പോഴും അനേകർ വിശ്വസിച്ചു സ്നാനമേററു ക്രിസ്ത്യാനികളായി അവർക്കായി അവിടെ ഒരു ദൈവാലയവും പണിയിച്ചു.

അവിടുത്തെ വിജാതിയർ വിഗ്രഹാരാധന, നരബലി, പൂരംപാട്ട്, സതി മുതലായ ദുഷ്ക്കർമ്മങ്ങൾ ഈശ്വരപ്രീതിയുണ്ടാകുമെന്നു കരുതി അനുഷ്ഠിച്ചു വന്നിരുന്നു. തോമാശ്ലീഹായുടെ ഉപദേശംകേട്ട് അനേകർ അവയെ ഉപേക്ഷിച്ചുതുടങ്ങി. അപ്പോൾ അവ

www.malankaralibrary.com



രിൽ യഥാസ്ഥിതികരായ ചിലർ അതിൽ കുപിതരായി, ഒരു ദിവസം അവിടെയുള്ള ഒരു ക്ഷേത്രക്കാവിൽവച്ച് ഒരു നരബലി നടത്തുവാൻ പോകുന്നു എന്നറിഞ്ഞ് അതു തെററാണെന്നും അതിൽ ദൈവം കോപിക്കുകയെയുള്ളുഎന്നും തോമ്മാശ്ലീഹാ പറഞ്ഞു. ഉടനെ തോമ്മാശ്ലീഹാ കൂടെ ക്ഷേത്രത്തിൽ ചെന്ന് ആരാധന നടത്തണമെന്നവർ നിർബന്ധിച്ചു. അപ്പോൾ തോമ്മാശ്ലീഹാ ആ ക്ഷേത്രത്തിൻെറ നേരെ തിരിഞ്ഞ് കുരിശു വരയ്ക്കുകയും ക്ഷേത്രവും ദേവനും അഗ്നിക്കിരയായിത്തീരുകയും ചെയ്തു. ഇതിനു പ്രതികാരം ചെയ്യുവാനായി ആ എമ്പ്രാൻമാർ വഴിയിൽ ഒളിച്ചിരുന്ന് മാർതോമ്മാശ്ലീഹായെ ചിന്നമലയിൽവച്ച് ഒരു ശൂലംകൊണ്ട് കുത്തിക്കൊന്നുകളയുകയും ചെയ്തു. പിൽക്കാലം ഈ ചിന്നമലയ്ക്കു സുറിയാനിക്കാർ 'ഗൽമുന' എന്നു സുറിയാനിയിൽ പേരു പറഞ്ഞുവന്നു. അതിൻെറ അർത്ഥം ചെറിയകല്ലുമല, ചിന്നമല എന്നൊക്കെയാകുന്നു. അതുകേട്ട് പലചരിത്രകാരൻമാരും ഈ ചിന്നമലയ്ക്ക് 'കലമീനാ', 'കല്യാണ' എന്നൊക്കെയും പേരു പറഞ്ഞിട്ടുണ്ട്. ഈ പേരിൻെറ ശരിയായ അർത്ഥമറിയാതെ കലമീനാ എന്നൊരുസ്ഥലം ഇൻഡ്യയിലില്ലെന്നും അതിനാൽ തോമ്മാശ്ലീഹാ മരിച്ചതു ഇൻഡ്യയിലല്ലെന്നുവരെ വാദിക്കാനും ഇടയായിട്ടുണ്ട്.

ക്രിസ്ത്യാനികൾ തോമ്മാശ്ലീഹായുടെ മൃതശരീരവും തൻെറ കയ്യിലുണ്ടായിരുന്ന ഒരു ജലപാത്രവും എടുത്തുകൊണ്ടുവന്ന് മൈലാപ്പൂരിലുള്ള അവരുടെ പള്ളിയിൽ സംസ്ക്കരിക്കുകയും, അന്നു മുതൽ ആ സ്ഥലം ക്രിസ്ത്യാനികളുടെ ഒരു പുണ്യസ്ഥലമായിത്തീരുകയും ചെയ്തു.

## തോമ്മാശ്ലീഹായുടെ തിരുശേഷിപ്പുകൾ

കുറെക്കാലം കഴിഞ്ഞപ്പോൾ മൈലാപ്പൂർ പ്രദേശത്തു ഒരു വസന്തരോഗം പടർന്നുപിടിച്ചു. പലരും നാടുവിട്ടു ജീവനുംകൊണ്ടു നാലുവഴിക്കുംപോയി.

www.malankaralibrary.com



മൈലാപ്പൂർപള്ളി ഒരുവിധം അനാഥമായിത്തീർന്നു. മൂന്നാം നൂററാണ്ടിൻെറ ഉറഹാ എന്നു പറയപ്പെട്ടുവന്ന എഡേസായിൽനിന്നും കാബിൻ എന്നൊരു കച്ചവടക്കാരൻ വന്നു മാർ തോമ്മാശ്ലീഹായുടെ കബറിടം തുറന്നു തിരുശേഷിപ്പുകളിൽ ചിലഭാഗങ്ങൾ എടുത്തുകൊണ്ടുപോയി. എഡേസായിലെ പള്ളിയിൽ നിക്ഷേപിച്ചു. അതു ഒരു ഒക്ടോബർ ആറാം തീയതി ആയിരുന്നു. ഗ്രീക്കുസഭക്കാർ ആ തീയതി തോമ്മാശ്ലീഹായുടെ ഓർമ്മദിവസമായി ഇന്നും ആചരിച്ചുവരുന്നു.

1258–ൽ ആ തിരുശേഷിപ്പുകൾ അവിടെ നിന്നും കിയോസ് എന്ന ചാപ്പലിലേക്കു മാററി സ്ഥാപിച്ചു. അവിടെനിന്നു ഇററലിയിലെ ഓർട്ടോണോ എന്ന സ്ഥലത്തേക്കു കൊണ്ടുപോയി. അത് ഒരു ഡിസംബർ 21–ാം തീയതിയായിരുന്നു. അതിനാൽ പാശ്ചാത്യ സഭയിൽ ആ ദിവസമാണ് മാർ തോമ്മാശ്ലീഹായുടെ ഓർമ്മദിവസമായി ആചരിച്ചുവരുന്നത്.

## തിരുശേഷിപ്പു കേരളത്തിൽ

1953–ൽ അത്യുന്നത കർദ്ദിനാൾ ടിസറാൻറ് തിരുമേനി കേരളം സന്ദർശിച്ചയവസരത്തിൽ ആ തിരുശേഷിപ്പുകളിൽ ഒരുഭാഗം കൊണ്ടുവന്ന് മാർ തോമ്മാശ്ലീഹാ കേരളത്തിൽ വന്നിറങ്ങിയ കൊടുങ്ങല്ലൂരിൽ സ്ഥാപിച്ചിട്ടുണ്ട്. കേരളസുറിയാനിക്കാർ ഇന്നും മാർ തോമ്മാശ്ലീഹായുടെ മരണദിവസമായ ജൂലൈ 3–ാം തീയതിയാണ് അദ്ദേഹത്തിൻെറ ഓർമ്മദിവസമായി ആചരിച്ചുവരുന്നതെന്നുള്ളതും സ്മർത്തവ്യമാണ്.

രണ്ടാം വത്തിക്കാൻ സുന്നഹദോസിനു ശേഷം (1962–1965) ലോകത്തെമ്പാടുമുള്ള കത്തോലിക്കർ, കേരളത്തിലെ സുറിയാനിക്രിസ്ത്യാനികളെ അനുകരിച്ച് മാർതോമ്മാശ്ലീഹായുടെ ഓർമ്മദിവസം ജൂലൈ മൂന്നാം തീയതിയാണ് ആഘോഷിക്കുന്നത്.

www.malankaralibrary.com



**ചരിത്രഗ്രന്ഥങ്ങൾ**

തോമ്മാശ്ലീഹായുടെ കേരളത്തിലുള്ള വേലയെപ്പററി ഗ്രഹിക്കുന്നതിനു ചില രേഖകരം ഇല്ലാതില്ല. രണ്ടാം നൂററാണ്ടിൽ എഴുതപ്പെട്ട തോമ്മാശ്ലീഹായുടെ നടപടിപുസ്തകം (Acts of St. Thomas) എന്നൊരു ഗ്രന്ഥമുണ്ട്. തോമ്മാശ്ലീഹാ കേരളത്തിൽ വന്നു നടത്തിയ വേദപ്രചരണവേലയെക്കുറിച്ചും മൈലാപ്പൂരിലെ ചിന്നമലയിൽ വച്ചുള്ളതായ തൻെറ രക്തസാക്ഷിമരണത്തെക്കുറിച്ചും ആ പുസ്തകത്തിൽ വിവരിച്ചെഴുതിയിട്ടുണ്ട്.

രണ്ടാമതായി നമ്മുടെ നാട്ടിൽ മാർതോമാശ്ലീഹായുടെ ശിഷ്യനെന്നറിയപ്പെട്ടിരുന്ന നിരണത്തു മാളിയേക്കൽ തോമ്മാ എന്നൊരു വൈദികൻ എഴുതിയിരുന്ന തോമ്മാചരിത്രത്തെ 1601—ൽ തോമ്മാ എന്നു പേരുള്ള വെറൊരാരം മാർഗ്ഗം കിളിപ്പാട്ടിൻെറ രീതീയിൽ എഴുതിയിട്ടുള്ള ഒരു മലയാളഗ്രന്ഥവും മാർതോമാശ്ലീഹായുടെ കേരളത്തിലെ സുവിശേഷവേലയുടെ ഒരു സംക്ഷിപ്ത ചരിത്രം നമുക്കു തരുന്നുണ്ട്.

മാർ തോമ്മാശ്ലീഹാ ഇൻഡ്യയിൽ (കേരളത്തിൽ) സുവിശേഷവേല ചെയ്തു എന്ന് നിരവധി സഭാപിതാക്കൻമാരും പ്രാചീന ആരാധനക്രമങ്ങളും സാക്ഷിക്കുന്നു.

എല്ലാററിനും ഉപരിയായി, കേരളത്തിൽ ഉള്ള സുറിയാനിക്രിസ്ത്യാനികളുടെ ജീവിതസാക്ഷ്യമത്രേ ഏററം പ്രധാനം. മാർ തോമ്മാശ്ലീഹായിൽ നിന്ന് തങ്ങളുടെ പിതാക്കൻമാർ സത്യവേദം സ്വീകരിച്ചവരാണെന്ന് ഉറപ്പായി ഇവിടുത്തെ സുറിയാനിക്രിസ്ത്യാനികരം വിശ്വസിക്കുന്നു.

**നസ്രാണികൾ**

ക്രിസ്തീയസഭയുടെ ആരംഭകാലത്ത് അന്ത്യോക്യായിലെ പ്രധാന ഭാഷ ഗ്രീക്കായിരുന്നു. “ദൈവത്തിൻെറ അഭിഷിക്തൻ” എന്ന അർത്ഥത്തിൽ അവർ

www.malankaralibrary.com



യേശുവിനെ ഗ്രീക്കിൽ ക്രിസ്തുവെന്നും യേശുവിൻെറ അനുയായികളെ ക്രിസ്ത്യാനികൾ എന്നും വിളിച്ചു. (നട. 11, 26) യഹൂദൻമാർ യേശു അഭിഷിക്തനാണെന്നു സമ്മതിച്ചിരുന്നില്ല. അവർ യേശുവിനെ നസ്രായമതക്കാരൻ എന്നും ക്രിസ്ത്യാനികളെ നസറായ മതാനുസാരികൾ, നസ്രാണികൾ എന്നും വിളിച്ചുവന്നു. (നട. 24, 5) ആദ്യകാലം മുതൽ കേരളീയക്രിസ്ത്യാനികളെ നസ്രാണികളെന്നാണ് വിളിച്ചുവരുന്നത്. ഇതിൽ നിന്നും ഇവിടെ ആദ്യകാലത്ത് സഭയെ സംരക്ഷിക്കുവാൻ വന്നുകൊണ്ടിരുന്നത് അന്ത്യോക്യായിൽ നിന്നല്ലെന്നും പേർഷ്യ മുതലായസ്ഥലത്തുനിന്നാണെന്നും അനുമാനിക്കാവുന്നതാണ്.

## അദ്ധ്യായം 2

## തോമ്മാശ്ലീഹായുടെ കാലശേഷം

മാർതോമ്മാശ്ലീഹാ മാനസാന്തരപ്പെടുത്തിയ കൊടുങ്ങല്ലൂർ രാജാവിൻെറ ജാമാതാവായ ഒരാളെ കീപ്പാ എന്ന പേരിൽ ഒരു മെത്രാനായി വാഴിച്ച് കൊടുങ്ങല്ലൂരിൽ താമസിപ്പിച്ചു എന്നും ചോഴമണ്ഡലത്തിലെ രാജാവിൻെറ സഹോദരനായ ഒരാളെ പൗലൂസ് എന്ന പേരിൽ ഒരു മെത്രാനായി വാഴിച്ചു മൈലാപ്പൂരിലാക്കിയെന്നും അവർ ക്രമാനുസൃതംപിൻഗാമികളെ വാഴിച്ചുകൊണ്ട് മൂന്നാം നൂററാണ്ടുവരെ നിലനിന്നുവന്നു എന്നും പറയപ്പെടുന്നുണ്ട്.

### ത്രീസാക്രിസ്ത്യാനികൾ

മൂന്നാം നൂററാണ്ടിൻെറ ആരംഭഘട്ടത്തിൽ ബ്രാഹ്മണരിൽ നിന്നും മററുമുണ്ടായ മതപീഡനം നിമിത്തം മൈലാപ്പൂർ പ്രദേശത്തുനിന്നും വളരെ ക്രിസ്ത്യാനികൾ അയൽനാടുകളിലേക്കു ഓടിപ്പോയി. ആ കൂട്ട

www.malankaralibrary.com



ത്തിൽ ഒരു സംഘം ക്രിസ്ത്യാനികൾ കിഴക്കേ കടൽത്തീരം വഴി തെക്കോട്ടുവന്നു' കന്യാകുമാരി ചുററി പടിഞ്ഞാറേ കടൽത്തീരത്തുള്ള കൊല്ലത്തുവന്ന് അവിടെയുള്ള ക്രിസ്ത്യാനികളോടുകൂടെതാമസമാക്കി. കുറെപ്പേർ തിരുവാങ്കോട്ടും താമസിച്ചു. ഇവർ തങ്ങളുടെ ക്രിസ്തീയ വിശ്വാസം സംരക്ഷിക്കുന്നതിനുവേണ്ടി സ്വമതക്കാരുള്ള സ്ഥലം തേടി വളരെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളുംസഹിച്ചു വന്നുചേർന്നതിൽ കൊല്ലത്തെ സുറിയാനിക്കാർ അവരെ "ത്രീസായ്" എന്ന സുറിയാനിപ്പേർ വിളിച്ചു. "ത്രീസായ്" എന്ന സുറിയാനി പദത്തിൻെറ അർത്ഥം 'ഓർത്തഡോക്സ്' അതായത് 'സത്യവിശ്വാസം പാലിക്കുന്നവർ' എന്നാകുന്നു. ഈ വാക്ക് സുറിയാനിയാണെന്ന് ഗ്രഹിക്കാതെ ചിലർ ത്റീസായ് എന്നതിന് 'ധരിയായ്ക്കരം' എന്നാണർത്ഥമെന്ന് വ്യാഖ്യാനിച്ചിട്ടുണ്ട്. മാണിക്കവാചകർ എന്നൊരു ഹൈന്ദവമാന്ത്രികൻ അക്കാലത്തുണ്ടായിരുന്നു. അദ്ദേഹം ജപിച്ചുകൊടുത്ത ഭസ്മം ധരിക്കാതെ മാറിക്കളഞ്ഞവർ എന്നാണതിൻെറ അർത്ഥമെന്നും അവർ എഴുതിയിരുന്നു. എന്നാൽ അത് ശരിയല്ല.

ഈശോദാസവീരരായി എന്നൊരാരാൾ ഇവർക്ക് കൊല്ലത്ത് ഒരു പള്ളി പണി കഴിപ്പിച്ചുകൊടുത്തു. പിൽക്കാലത്ത് ആ സ്ഥലം കടലെടുത്തുപോയതിനാൽ ആ പള്ളി നശിച്ചുപോയി.

## രണ്ടു പഴയ താമ്രശാസനങ്ങൾ

മാർതോമാശ്ലീഹാ ഇൻഡ്യയിൽ മേൽപ്പട്ടക്കാരെ വാഴിച്ചിട്ടുണ്ടായിരുന്നു എന്നു പറയുന്നത് ശരിയായിരിക്കണമെന്ന് അനുമിപ്പാൻ ചില ലക്ഷണങ്ങളുണ്ട്. അതിൽ പ്രധാനപ്പെട്ടത് രണ്ടു താമ്രശാസനങ്ങളാണ്.

അതിൽ ആദ്യത്തേത് കൊടുങ്ങല്ലൂരെ ഭരണാധികാരിയായ വീരരാഘവചക്രവർത്തി പെരുമാൾ, മഹാദേവർ പട്ടണത്തിലെ ക്രിസ്ത്യാനികളെ ഭരിച്ചുവന്ന

www.malankaralibrary.com



ഴുതപ്പെട്ടത് മൂന്നാം നൂററാണ്ടിലാണെങ്കിൽ അതിൽ സൂചിപ്പിച്ചിരിക്കുന്ന മെത്രാൻ മാർതോമാശ്ലീഹായാൽ വാഴിക്കപ്പെട്ട മെത്രാൻമാരുടെ അനന്തരഗാമികളാണെന്നു ന്യായമായി അനുമിക്കാം.

ഈ ചെമ്പേടുകളിൽ രണ്ടാമത്തേത് ഇപ്പോഠം രണ്ടു സ്ഥലങ്ങളിലായിട്ടാണ് ഇരിക്കുന്നത്. പുത്തൻകൂർ സുറിയാനിക്കാർ യാക്കോബായക്കാരെന്നും മാർത്തോമ്മാക്കാരെന്നും രണ്ടു കക്ഷികളായി പിരിഞ്ഞു നിന്നുകൊണ്ട് നടത്തിയ ആദ്യത്തെ വട്ടിപ്പണക്കേസിൽ തോററുപോയ മാർതോമ്മാമെത്രാൻ വിധിപ്രകാരംഇത് യാക്കോബായമെത്രാനു കൊടുക്കുവാനായി കോർട്ടിൽ കെട്ടിവച്ചപ്പോഠം അതിൽ നീളം കൂടിയ ഒരു തകിട് ഒഴിച്ചുള്ളവ മാത്രമേ ഹാജരാക്കിയുള്ളു. പിന്നീട് പഴയ ലിപികഠം വായിച്ചു ശീലമുള്ള ഗവേഷകൻമാർ നോക്കിയപ്പോഴാണ് തിരുവല്ലാ എസ്. സി. സിമ്മനാരിയിലിരിക്കുന്ന നീണ്ട ചെമ്പേട് കോട്ടയം പഴയ സിമ്മനാരിയിലിരിക്കുന്ന ചെമ്പേടുകളുടെ നടുവിലുള്ള ഒരു വിഭാഗമാണെന്നു മനസ്സിലായത്.

## പന്തേനൂസിൻെറ ആഗമനം

മൈലാപ്പൂർ ബ്രാഹ്മണർ അവിടെയുള്ള ക്രിസ്ത്യാനികളെ മതസംബന്ധമായ തർക്കത്തിൽ തോൽപിക്കുകയും അവരെ വളരെ പീഡിപ്പിക്കുകയും ചെയ്തു. അതുപോലെ കേരളത്തിലും മതസംബന്ധമായ വാദപ്രതിവാദങ്ങഠം ഉണ്ടാകുവാനുള്ള ലക്ഷണങ്ങഠം കണ്ടുതുടങ്ങി. ഹിന്ദുക്കളോടു വാദിച്ചു ജയിക്കത്തക്ക ആളുകഠം ക്രിസ്ത്യാനികളുടെ കൂട്ടത്തിലുമുണ്ടായിരിക്കണമെന്ന് അവർ കരുതി. അക്കാലത്ത് അലക്സാന്ത്രിയായിൽനിന്നും കച്ചവടക്കാർ കപ്പൽവഴി കേരളത്തിൽ വരുമായിരുന്നു. ക്രിസ്തുമതത്തെക്കുറിച്ചു നല്ല അറിവും പരിചയവും സിദ്ധിച്ചിട്ടുള്ള ഒരാളെ അയച്ചുതരണമെന്ന് കാണിച്ചു പ്രസ്തുത കച്ചവടക്കാർ മുഖേന കേരള നസ്രാണികഠം അലക്സാന്ത്രിയാ

www.malankaralibrary.com



യിലെ ദെമെത്രീയോസ് മെത്രാന്റെ പേർക്ക് എഴുതി അയച്ചു.

അന്ന് ക്രിസ്തുമതം പഠിപ്പിക്കുന്നതിനു പ്രശസ്തിയേറിയ ഒരു പാഠശാല അലക്സാന്ത്രിയായിലുണ്ടായിരുന്നു. അതിലെ പ്രിൻസിപ്പാൾ പലസ്ത്യാക്കാരനായ പന്തേനൂസ് ആയിരുന്നു. അദ്ദേഹം ഒരു നല്ല തത്വജ്ഞാനിയും ജിതേന്ദ്രിയനുമായിരുന്നു. ദെമെത്രിയോസ് മെത്രാൻ അദ്ദേഹത്തെ ഏ. ഡി. 190—ൽ കേരളത്തിലേക്കയച്ചു. അദ്ദേഹം ഇവിടെവന്നപ്പോൾ കേരള സുറിയാനിക്കാരുടെ പക്കൽ വി. മത്തായി എഴുതിയ സുവിശേഷത്തിന്റെ കൽദായസുറിയാനിയിലുള്ള ഒരു പ്രതി കണ്ട് അത്ഭുതപ്പെട്ടു എന്നും മററും സഭാചരിത്രകാരനായ എവുസേബിയസ് രേഖപ്പെടുത്തിയിരുന്നു. ഇതിൽനിന്നും നമ്മുടെ പൂർവ്വികൻമാർ അന്യരാജ്യങ്ങളിലുള്ള ക്രിസ്ത്യാനികളുമായി സമ്പർക്കത്തിലേർപ്പെട്ടിരുന്നു എന്ന് ഗ്രഹിക്കാവുന്നതാണ്.

## ഭാരതമെത്രാൻ നിഖ്യാസുന്നഹദോസിൽ

ക്രിസ്തുമതത്തെ നശിപ്പിക്കുന്നതിനു റോമ്മാചക്രവർത്തിമാർ ആരംഭകാലം മുതൽ വളരെ പരിശ്രമിച്ചുകൊണ്ടിരുന്നു. അതിനുവേണ്ടി പത്തു മതപീഡനങ്ങളും അവർ നടത്തി. എങ്കിലും അൽഭുതകരമാംവണ്ണം ക്രിസ്തുമതം അതിനെ അതിജീവിച്ചു. ഒടുവിൽ റോമ്മാ നാടുവാഴിയായ കോൺസ്ററാൻറയിൻചക്രവർത്തിതന്നെ മാനസാന്തരപ്പെട്ടു ക്രിസ്തുമതം സ്വീകരിച്ചു. അതോടുകൂടെ ആ മതപീഡനവും അവസാനിച്ചു. ഏ. ഡി. 313—ൽ റോമാസാമ്രാജ്യത്തിൽ എവിടെയും ക്രിസ്ത്യാനികൾക്ക് പള്ളി വയ്ക്കുന്നതിനും ആരാധന നടത്തുന്നതിനും വേണ്ട സ്വാതന്ത്ര്യം അനുവദിച്ചുകൊടുത്തു.

ഇങ്ങനെ സഭയ്ക്കു വെളിയിൽനിന്നുള്ള ഉപദ്രവങ്ങൾ തീർന്നപ്പോൾ സഭയ്ക്കകത്തുനിന്നു പല ദുരുപ

www.malankaralibrary.com



ദേശങ്ങളും പൊന്തിവരുവാൻ തുടങ്ങി. അപ്പോഠം സത്യോപദേശമേതെന്നും ദുരുപദേശമേതെന്നും വ്യക്തമായി പ്രഖ്യാപിക്കേണ്ടയാവശ്യം നേരിട്ടു. അതിനായി ഏ. ഡി, 325–ൽ നിഖ്യാ എന്ന സ്ഥലത്തുവച്ച് ഒരു സാർവത്രിക സുന്നഹദോസ് കൂടി. ക്രിസ്തു. സത്യദൈവമല്ലെന്നുള്ള അറിയോസിൻെറ ഉപദേശം തെററാണെന്നും. മനുഷ്യനായി പിറന്ന ദൈവമാണ് ക്രിസ്തുവെന്നും അതായത് ശരിയായ ഉപദേശമെന്നും ആ സുന്നഹദോസ് പ്രഖ്യാപിച്ചു.

ഈ സുന്നഹദോസിൽ 318 മെത്രാൻമാർ സംബന്ധിച്ചിരുന്നു. അവരിലൊരാഠം പേർഷ്യയുടെയും വലിയ ഇൻഡ്യയുടെയും മെത്രാനായ യോഹന്നാൻ മെത്രാനായിരുന്നു. അദ്ദേഹം ആസുന്നഹദോസ് നടപടിയിൽ ഈ സ്ഥാനപേര് പറഞ്ഞ് ഒപ്പിട്ടിട്ടുണ്ട്. ഇതിൽനിന്നും തോമ്മാശ്ലീഹാ ഇൻഡ്യയിൽ ഒരു സ്വതന്ത്രസഭയല്ല സ്ഥാപിച്ചതെന്നും മററു സഹോദരങ്ങളോടും സഭകളോടും ഉള്ള കൂട്ടായ്മയിലാണ് തോമ്മാശ്ലീഹ സഭയെ സ്ഥാപിച്ചതെന്നും പേർഷ്യായും ഇൻഡ്യായും അന്നു ഒരേ മെത്രാപ്പോലിത്തായുടെ കീഴിലായിരുന്നു സ്ഥിതിചെയ്തിരുന്നതെന്നും അദ്ദേഹത്തിൻെറ അധികാരത്തിൻ കീഴിലായിരുന്നു കേരളത്തിലെ മെത്രാൻമാരെന്നും നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്.

## ഡൊറോത്തിയോസിൻെറ എഴുത്ത്

ടയറിലെ മെത്രാനായ ഡൊറോത്തിയോസ് ക്രിസ്തുവർഷം 325-ൽ പന്ത്രണ്ടു ശ്ലീഹൻമാരെപ്പററി സംഗ്രഹിച്ചെഴുതിയ ചരിത്രഗ്രന്ഥത്തിൽ മാർത്തോമ്മാശ്ലീഹാ പാർത്ഥ്യരും മേദ്യരുമായ ഇൻഡ്യക്കാരുടെയിടയിൽ സുവിശേഷവേല നടത്തിയിരുന്നുവെന്നും ഇൻഡ്യയിലെ 'കലമീനാ'യിൽവച്ച് അദ്ദേഹം മരിച്ചുവെന്നും പറഞ്ഞിട്ടുണ്ട്, ആ വിവരം എവുസേബിയസ് രേഖപ്പെടുത്തിയിട്ടുമുണ്ട്. ചിന്നമലയ്ക്കു സുറിയാനിയിൽ

www.malankaralibrary.com



ഗൽമൂനാ എന്നാണ് പറഞ്ഞുവന്നത്. ആ സുറിയാനി വാക്കിന്റെ ഒരു തൽഭവമാണ് കലമീനാ. അല്ലെങ്കിൽ മററു ചിലർ എഴുതിയിരുന്ന 'കല്യാണ' എന്നുള്ള വാക്കുകളെന്നു മേൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

## മാലദ്വീപുകാരൻ തെയോഫിലോസ്

പൗരസ്ത്യറോമ്മാസാമ്രാജ്യത്തിന്റെ തലസ്ഥാനമായ കോൺസ്ററാൻറിനോപ്പിളിലെ ചക്രവർത്തി, ക്രിസ്തു ദൈവമല്ലെന്നു പഠിപ്പിച്ചുവന്ന അറിയോസിന്റെ വേദവിപരീതത്തെ പിൻതാങ്ങുന്ന ഒരാളായിരുന്നു. അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ മാലദ്വീപുകാരനായ ഒരു തെയോഫിലസ് താമസിച്ചിരുന്നു. അദ്ദേഹവും അറിയോസിന്റെ ഉപദേശത്തെ പിൻതാങ്ങുന്ന ആളായിരുന്നു. ചക്രവർത്തി അദ്ദേഹത്തെ ഒരുമെത്രാനായി വാഴിപ്പിച്ച് അറിയോസിന്റെ ഉപദേശം കിഴക്കൊക്കെയും പ്രചരിപ്പിക്കുവാൻ ഒരു മിഷനറിയായി അറേബിയ അബ്സിനിയാ മുതലായസ്ഥലങ്ങളിലേക്കയച്ചു. അദ്ദേഹം അവിടെയെല്ലാം പ്രസംഗംനടത്തിയശേഷം സ്വദേശമായ മാലദ്വീപിലെത്തി. അവിടെനിന്നും 335—ൽ അദ്ദേഹം കേരളത്തിലും വന്നു.

ഫിലോസ്റേറാർജിയൂസ് (Philostorgius)എന്നൊരാാം സഭയുടെ ചരിത്രം എഴുതിയിട്ടുണ്ട്. അതിൽ തേയോഫിലോസ് കേരളത്തിൽ നടത്തിയ സുവിശേഷവേലയുടെ ചരിത്രവുംകൂടി ചേർത്തിട്ടുണ്ട്. അതിൽ കേരളീയർ അദ്ദേഹത്തിന്റെ പ്രസംഗം ഒരേ ഇരുപ്പിൽ ഇരുന്നുകേട്ടുവെന്നും ഇവിടെ പള്ളികളും വൈദികരും ഉണ്ടെന്നും ഇവിടെ കുർബാന ചൊല്ലുന്നത് സുറിയാനിയിലാണെന്നും മററും രേഖപ്പെടുത്തിയിട്ടുണ്ട്. അതു കൂടാതെ കൊടുങ്ങല്ലൂരിലും മൈലാപ്പൂരിലും സിലോണിലും മെത്രാൻമാരുണ്ടെന്നും കൂടി പറഞ്ഞിട്ടുണ്ട്. ഇതിൽനിന്നും നാലാം നൂററാണ്ടിൽ ഇവിടെ മെത്രാൻമാരുണ്ടായിരുന്നു എന്നു കാണാം.

www.malankaralibrary.com

## അദ്ധ്യായം 3

### ക്നായിത്തോമയുടെ ആഗമനം

കോൺസ്റ്ററൻറയിൻ ചക്രവർത്തി റോമ്മാസാമ്രാജ്യത്തെ തൻെറ രണ്ടു മക്കൾക്കായി വിഭജിച്ചുകൊടുത്തു. അതിൽ കിഴക്കേതിൻെറ തലസ്ഥാനം കോൺസ്റ്ററാൻറിനേപ്പിളും മറേറതിൻേറത് റോമ്മായുമായിരുന്നു. പിൽക്കാലത്ത് കോൺസ്റ്ററാൻറിനേപ്പിളിൽ ഇരുന്നത് മതത്യാഗി എന്ന് അറിയപ്പെട്ടിരുന്ന ജൂലിയൻ ചക്രവർത്തിയായിരുന്നു. അദ്ദേഹം അയൽരാജ്യമായ പേർഷ്യയിലെ സാപ്പോർ ദ്വിതീയൻ രാജാവ് (310-380) ജൂലിയൻെറ അധികാരത്തിലുള്ള കിഴക്കൻ നാടുകൾ ആക്രമിക്കുവാനും അവിടെയുള്ള ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാനും തുടങ്ങി. തൻമൂലം ക്രിസ്ത്യാനികൾ അവിടെനിന്നും നാടുവിട്ട് ഓടിപ്പോയി. അക്കൂട്ടത്തിൽ ഏ. ഡി. 345-ൽ ക്നായിത്തോമ്മാ എന്നു പേരുള്ള ഒരാളിൻെറ നേതൃത്വത്തിൽ മൂന്നു കപ്പലുകളിലായി ഒരു സംഘം ക്രിസ്ത്യാനികൾ കേരളത്തിൽ കൊടുങ്ങല്ലൂർ തുറമുഖത്തു വന്നുചേർന്നു. അവരിൽ ഉറഹാക്കാരനായ ഒരു യൗസേപ്പ് മെത്രാനും കുറെ വൈദികരും അല്മായരും ഉൾപ്പെടെ നാനൂറോളം ആളുകളുണ്ടായിരുന്നു.

ക്നായിത്തോമ്മായും മററു ഇവിടെ വന്നപ്പോൾ കഴുത്തിൽ കുരിശു ധരിച്ച കുട്ടികളെകണ്ട് വളരെ സന്തോഷിച്ചു അദ്ദേഹത്തോടുകൂടെ വന്ന യൗസേപ്പു മെത്രാൻ നിഖ്യാസുന്നഹദോസിൽ ഇൻഡ്യയുടെ മെത്രാനായി ഒപ്പുവച്ചു. യോഹന്നാൻ മെത്രാനാലയക്കപ്പെട്ടയാളായിരുന്നു എന്നുംകൂടി പറയപ്പെടുന്നുണ്ട്.

### ചേരമാൻ പെരുമാൾ

അന്നു കേരളത്തിനു ചേരളംഎന്നായിരുന്നുപേര്. കേരളത്തിനു പടിഞ്ഞാറുഭാഗത്തുള്ള ഇൻഡ്യൻ മഹാസമുദ്രം വളരെ പടിഞ്ഞാറോട്ടു മാറിപ്പോയതിനാൽ

www.malankaralibrary.com


ചേറ് ധാരാളം അടിഞ്ഞു കിടന്നിരുന്ന ഒരു ഭൂവിഭാഗമായിരുന്നു അന്നു കേരളം. അന്നു കേരവൃക്ഷം ഇവിടെ ഇല്ലായിരുന്നു. കേരവൃക്ഷം സുലഭങ്ങളാകുന്നതുവരെയും ഈ കേരളത്തെ ചേരളമെന്നും അതിന്റെ അധിപനെ ചേരമാൻ എന്നും വിളിച്ചുവന്നിരുന്നു. ക്നായിത്തോമ്മാ എന്ന ഒരു വണിക്ശ്രേഷ്ഠൻ വന്നിട്ടുണ്ടെന്നു കേട്ടു ചേരമാൻപെരുമാറ്റം അദ്ദേഹത്തെ കോവിലകത്തേക്കു വരുത്തി. ക്നായിത്തോമ്മാ സമർത്ഥനും സുമുഖനും ആയിരുന്നു. കേരളത്തിൽ താമസിക്കുവാൻ തനിക്കാഗ്രഹമുണ്ടെന്നും അതിലേക്കു കുറെ സ്ഥലം അനുവദിച്ചുതരണമെന്നും ക്നായിത്തോമ്മാ പെരുമാളിനോടു അഭ്യർത്ഥിച്ചു.

പെരുമാളിനും ആ അഭ്യർത്ഥന വളരെ സന്തോഷകരമായി തോന്നി. ആരാംപാർപ്പില്ലാത്ത കുറെ സ്ഥലം തെരഞ്ഞെടുത്തുകൊള്ളുവാൻ സമ്മതിച്ചു. പെരുമാറ്റം വേട്ടയ്ക്കുപോയ സമയം ഒരു സ്ഥലം കണ്ടു. അതു ക്നായിത്തോമ്മായെ കാണിച്ചുകൊടുത്തു. തൊമ്മച്ചനും ആ സ്ഥലം നല്ലതെന്നു തോന്നി. അവിടെ ആനക്കോലാൽ 244 കോൽ സ്ഥലം ചേരമാൻ പെരുമാറ്റം അളന്നുതിരിപ്പിച്ചു ക്നായിത്തോമ്മായ്ക്കു കൊടുത്തു.

മാർതോമ്മാശ്ലീഹായുടെ കാലത്ത് ഒരു പള്ളി സ്ഥാപിച്ചിരുന്ന കോട്ടക്കായൽ എന്ന സ്ഥലത്തുനിന്നു കുറെ ക്രിസ്തീയകുംബക്കാരെ വരുത്തി അവർ ആ സ്ഥലത്ത് വടക്കുഭാഗത്തായും ക്നായിത്തോമ്മായോടുകൂടെ വന്നവർ തെക്കുഭാഗത്തായും താമസമുറപ്പിച്ചു. അവരുടെ ഓരോ കുടുംബത്തിനും ആവശ്യഭൂമി ക്നായിത്തോമ്മാതന്നെ വീതിച്ച് അതിരിട്ടുകൊടുത്തു. തെക്കുഭാഗത്തു താമസിച്ചവർ അവിടെ ഒരു പള്ളിയും പണിയിച്ചു. തെക്കുഭാഗത്തു താമസിച്ചിരുന്നവരെ തെക്കുംഭാഗരെന്നും, വടക്കുഭാഗത്തു താമസിച്ചിരുന്നവരെ വടക്കുഭാഗരെന്നും വിളിച്ചുവന്നു. ഈ പേരുകൾ ഇന്നും നിലനിന്നുവരുന്നു. ഇവർ

www.malankaralibrary.com



കൃഷി, കച്ചവടം, സൈന്യസേവനം മുതലായവ ചെയ്തു ജീവിച്ചുവന്നു.

## പേർഷ്യാക്കാരൻ കോസ്മോസ്

ഏ. ഡി 520–നും 535–നും മദ്ധ്യേ കോസ്മോസ് (Cosmos Indicopleustes) എന്നൊരു പേർഷ്യാക്കാരൻ പൂർവദേശങ്ങളിൽ സഞ്ചരിച്ചിരുന്നു. അദ്ദേഹം ക്രിസ്ത്യൻടോപ്പോഗ്രാഫി (Christian topographia) എന്നൊരു പുസ്തം എഴുതിയിട്ടുണ്ട്. അതിൽ കൊല്ലത്തും മൈലാപ്പൂരിലും സിലോണിലും പേർഷ്യൻമെത്രാൻമാരെ കണ്ടു എന്നും, സിലോണിൽ മിക്കവരും പേർഷ്യൻ ക്രിസ്ത്യാനികളാണുള്ളതെന്നും പറഞ്ഞിരിക്കുന്നു. മലബാറിലെ ക്രിസ്ത്യാനികളെക്കുറിച്ച് അങ്ങനെ എടുത്തു പറഞ്ഞിട്ടില്ലാത്തതിനാൽ ഇവിടെയുള്ളവർ നാട്ടുകാരായിരുന്നുവെന്ന് അദ്ദേഹം അനുമാനിച്ചിരിക്കുകയാണെന്ന് ചരിത്രകാരൻമാർ പറയുന്നു.

ഇദ്ദേഹംമൈലാപ്പൂരിനടുത്തുള്ള സെൻറ്തോമസ് മൗണ്ടിനു "കല്യാണ" എന്ന പേരാണു ഉപയോഗിച്ചിരിക്കുന്നത്. ഇതു "ഗൽമുനാ" എന്ന സുറിയാനി പദത്തിൻെറ ഒരു തൽഭവമാണെന്നു ഗ്രഹിച്ചിരിക്കേണ്ടതാണ്. മലബാറിൽ കുരുമുളകു ധാരാളം വളരുന്നുണ്ടെന്നുംകൂടി അദ്ദേഹം പറഞ്ഞിട്ടുണ്ട്. മൈലാപ്പൂരിലെ മാർത്തോമ്മാശ്ലീഹായുടെ കബറിടത്തെക്കുറിച്ചും അദ്ദേഹം എഴുതിയിട്ടുണ്ട്. അന്നുമഹമ്മദുമതം ഉണ്ടായിട്ടില്ലാത്തതിനാൽ മൈലാപ്പൂരിലെ മാർതോമ്മാശ്ലീഹായുടെ കബറിടം ഒരു മഹമ്മദീയൻേറതാണെന്നുള്ള അഭിപ്രായം ശരിയല്ലെന്നു ഈ കോസ്മോസിൻെറ സാക്ഷ്യംകൊണ്ടു ഗ്രഹിക്കാവുന്നതാണ്.

## ടൂർസിലെ വി· ഗ്രിഗറിയുടെ സാക്ഷ്യം

ഏ. ഡി. 590–നുമുമ്പ് എഴുതിയിട്ടുള്ള "രക്തസാക്ഷികളുടെ പ്രശസ്തി" എന്നൊരു ഗ്രന്ഥമു

www.malankaralibrary.com



ണ്ട്. അതിൽ ഫ്രാൻസിലുള്ള ടൂർസിലെ വിശുദ്ധ ഗ്രിഗറി മൈലാപ്പൂരിനെപ്പററി എഴുതിയിട്ടുണ്ട്. ലോകമൊക്കെയും തീർത്ഥാടനം നടത്തിയ സിറിയാക്കാരനായ തേയോദോർ എന്നൊരു മെത്രാൻ ഗോളിൽചെന്ന് അദ്ദേഹത്തെകണ്ടു. അദ്ദേഹം ഇൻഡ്യയുടെ കിഴക്കേ തീരത്തുള്ള മൈലാപ്പൂരിൽ മാർതോമ്മായുടെ കബറിടം സന്ദർശിച്ചുവെന്നും. അവിടെ ഒരു സന്യാസാശ്രമവും പള്ളിയും ഉണ്ടെന്നും പള്ളി നന്നായലങ്കരിച്ചിട്ടുള്ളതാണെന്നും മാർതോമ്മാശ്ലീഹായുടെ തിരുശേഷിപ്പുകളുടെ ഒരു ഭാഗം അവിടെ നിന്നും ഉറഹായിലേക്ക് കൊണ്ടുപോയിരിക്കുകയാണെന്നും, അവിടുത്തുകാർ പറഞ്ഞതായി എഴുതിയിട്ടുണ്ട്. ഈ രേഖ എഴുതിയ കാലത്തും ഇസ്ലാം മതം ഉണ്ടായിട്ടില്ല. അതിനാൽ മാർതോമ്മാ ശ്ലീഹായുടെ കബറിടം ഒരു മഹമ്മദിയൻേറതാണെന്നുള്ള അഭിപ്രായം അടിസ്ഥാനരഹിതമാണെന്നു സ്പഷ്ടമാണ്.

## ആൽഫ്രഡ് രാജാവിൻെറ നേർച്ച

ഇംഗ്ലണ്ടിലെ ആൽഫ്രഡ്രാജാവ് 888–ൽ സിംഗ്ലം (Sighlem) എന്ന ഒരു മെത്രാൻവശം മൈലാപ്പൂരിലുള്ള മാർതോമ്മാശ്ലീഹായുടെ കബറിടത്തിലേക്കു നേർച്ചകാഴ്ചകൾ കൊടുത്തയച്ചിട്ടുണ്ട്. ഇദ്ദേഹം യറുശലേം, റോമ്മാ മുതലായ സ്ഥലങ്ങളിലേക്കും ഇതുപോലെ നേർച്ചകാഴ്ചകൾ കൊടുത്തയച്ചിട്ടുള്ള ആളും ഒരു കത്തോലിക്കനുമായിരുന്നു. തോമ്മാശ്ലീഹായുടെ കബറിടം മൈലാപ്പൂരിലാണെന്നുള്ളതു അന്നു ഭുവനപ്രസിദ്ധമായിരുന്നു എന്ന് ഇതിൽനിന്ന് തെളിയുന്നു.

## പുരാതന കുരിശുകൾ

പഴയ പല്ലവിഭാഷയിലുള്ള എഴുത്തുകളോടുകൂടിയതും ഓരോ കല്പലകകളിൽ കൊത്തിയുണ്ടാക്കിയിട്ടുള്ളതും ആറാം നൂററാണ്ടിനും എട്ടാം നൂററാണ്ടിനും ഇടയ്ക്കു ഉണ്ടാക്കപ്പെട്ടിട്ടുള്ളതുമായ കുരിശുകൾ കേരളത്തിലും സെൻറ്തോമസ്മൗണ്ടിലും കാൺമാനുണ്ട്

www.malankaralibrary.com



ഇതു മിക്കവാറും ഒരേ രീതിയിൽതന്നെ ഉള്ളതാണ്. കേരളത്തിലുള്ളവയിൽ ഒന്ന് യാക്കോബായസഭയിലെ തെക്കുംഭാഗക്കാരുടെ വക കോട്ടയംവലിയപള്ളിയിലും മറെറാന്നു മുട്ടുചിറപ്പള്ളിയിലും ഒന്നു ആലങ്ങാട്ടു പള്ളിയിലും ഇരിക്കുന്നു. സെൻറ് തോമസ് മൗണ്ടിലിരിക്കുന്നത് 1522-ൽ അവിടെ ഒരു ചാപ്പൽ പണിയുവാൻ വാനംതോണ്ടിയപ്പോഠം പോർട്ടുഗീസുകാർകണ്ടെടുത്തതാണ്. ആദ്യകാലത്തു ഭാരത്തിലെ ക്രിസ്ത്യാനികഠം ഒരേ വിശ്വാസത്തിലും കൂട്ടായ്മയിലും ജീവിച്ചുവന്നിരുന്നു എന്നതിനു ഇതൊരു സാക്ഷ്യമാണ്.

## മാർ സാഫോറും മാർ പ്രോത്തും
(Mar Sapar-Mar Phrot)

മാർതോമസ് എന്നൊരു മെത്രാൻ ഏ. ഡി. 773-നും 795-നും ഇടയ്ക്കു പേർഷ്യായിൽനിന്നും കേരളത്തിൽ വന്നിട്ടുണ്ട്. ഇദ്ദേഹം കബറടങ്ങിയപ്പോഠം കേരളക്രിസ്ത്യാനികളുടെ രണ്ടുമൂന്നു പ്രതിനിധികഠം 825-ൽ പേർഷ്യായിലെ മെത്രാപ്പോലീത്തായുടെ അടുക്കൽചെല്ലുകയും കേരളം ഭരിച്ചുകൊണ്ടിരുന്ന മെത്രാൻമാരെല്ലാം മരിച്ചുപോയതിനാൽ പകരം ഒന്നുരണ്ടു മെത്രാൻമാരെ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. തദനുസരണം മാർ സാഫോർ എന്നും മാർ പ്രോത്ത് എന്നും രണ്ടുമെത്രാൻമാരെ, കുറെ സുറിയാനിക്കാരോടുകൂടെ ബാബേലിൽനിന്നും ശവറീസ്എന്ന ഒരു കച്ചവടക്കാരൻെറ കപ്പലിൽ കൊല്ലത്തേക്കയച്ചു. അവർ കൊല്ലത്തു വന്നിറങ്ങിയപ്പോഠം ക്രിസ്ത്യാനികഠം അവർക്കൊരു ഗംഭീരസ്വീകരണം നൽകി. ഇവർ വന്ന വർഷം 825 ഓഗസ്ററ് 17-ാം തീയതിയാണ് ഉദയമാർത്താണ്ഡവർമ്മ മഹാരാജാവ് കൊല്ലവർഷം ആരംഭിച്ചത്. ഇവരിൽ മാർ പ്രോത്തു കൊല്ലത്തും മാർ സഫോർ കൊടുങ്ങല്ലൂരും താമസിച്ചു.

മാർ സഫോറിനേയും മാർ പ്രോത്തിനെയും പരിശുദ്ധൻമാരായിട്ടാണ് അന്നത്തെ ജനങ്ങഠം കരുതിവ

www.malankaralibrary.com



ന്നത്. അവർ പല അത്ഭുതങ്ങളും പ്രവർത്തിച്ചിട്ടുള്ളതായി പറയപ്പെടുന്നു. ഇവർ കന്തീശൻമാർ എന്നു അറിയപ്പെട്ടിരിക്കുന്നു. കുണ്ടറ, തേവലക്കര. കായംകുളം, ഉദയംപേരൂർ, കൊല്ലം, വടക്കൻപറവൂർ ആദിയായ സ്ഥലങ്ങളിലെ പള്ളികൾ "കന്തീശൻമാരുടെ" പള്ളികൾ എന്നു വിളിക്കപ്പെട്ടു വന്നിരുന്നു. 1599–ൽ നടന്ന ഉദയംപേരൂർ സുന്നഹദോസിൽവച്ച്, ഇവരുടെ പേരുകൾ പരിശുദ്ധൻമാരുടെ പട്ടികയിൽ ചേർത്തിട്ടില്ലാത്തതിനാൽ പ്രസ്തുത പള്ളികൾ സകല വിശുദ്ധൻമാരുടെയും നാമത്തിൽ പുതുക്കി പ്രതിഷ്ഠിക്കണമെന്നു തീരുമാനിക്കുകയും തദനുസരണം ചിലതെല്ലാം പുതുക്കി പ്രതിഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. ഇവരുടെ മരണശാസനപ്രകാരം രണ്ടുപേരെയും കൊല്ലത്ത് അവർ പണിയിച്ച പള്ളിയിലാണ് സംസ്ക്കരിച്ചത്. ആ പള്ളി നിന്ന സ്ഥലം പിന്നീട് കടലെടുത്തുപോയി.

## വില്ലാർവട്ടം രാജകുടുംബം

മാർസാഫോർ കൊടുങ്ങല്ലൂർ പോയി താമസിച്ചുകൊണ്ട് ഊർജ്ജിതമായ വേദപ്രചാരണവേല നടത്തി. അതിന്റെ ഫലമായി ഉദയംപേരൂർ രാജകുടുംബം ക്രിസ്ത്യാനികളായിത്തീർന്നു. അദ്ദേഹത്തെ അനുകരിച്ചു അവിടുത്തെ പൗരപ്രധാനികളിലും പലർ ക്രിസ്തുമതം സ്വീകരിച്ചു. അതോടുകൂടെ മാർ സാഫോറിന്റെ താമസവും കൊടുങ്ങല്ലൂർനിന്നും ഉദയംപേരൂരേക്ക് മാററി. ഈ രാജകുടുംബം പതിനഞ്ചാം നൂററാണ്ടിന്റെ അവസാനഘട്ടംവരെയും നിലനിന്നിരുന്നു. ഈ രാജകുടുംബത്തിന്റെ പേര് വില്ലാർവട്ടം എന്നായിരുന്നു. 1439–ൽ യൂജിൻ നാലാമൻ മാർപ്പാപ്പാ ഉദയംപേരൂർ രാജാവിനു വാഴ്‌വിന്റെ ഒരു കല്പന അയച്ചുകൊടുത്തിട്ടുണ്ട്. ഈ രാജകുടുംബത്തിലെ ഒടുവിലത്തെ രാജാവായ യാക്കോബ് സ്വരൂപത്തിനു സന്താനമായി ഒരു രാജകുമാരി മാത്രമേ ഉണ്ടായിരുന്നുള്ളു. ആ രാജകുമാരിയെ അന്നു പെരുമ്പടപ്പ് എന്നു വിളിച്ചുവന്നി

www.malankaralibrary.com



രുന്നകൊച്ചി രാജകുടുംബത്തിലെ ഒരു രാജകുമാരൻ ക്രിസ്തുമതം സ്വീകരിച്ചു വിവാഹം കഴിച്ചു. അവർക്ക് സന്താനങ്ങളില്ലാതെ വരികയാൽ ഉദയംപേരൂർ രാജ്യം പെരുമ്പടപ്പിൽ, അതായതു കൊച്ചി രാജ്യത്തിൽ ലയിച്ചുപോകയും ചെയ്തു, അതുപോർട്ടുഗീസുകാരുടെ വരവിനു അത്രയധികം മുമ്പല്ലായിരുന്നു.

## മാർ സാഫോറിനുശേഷംവന്ന മെത്രാൻമാർ

മാർ സാഫോറിൻെറയും മാർ പ്രോത്തിൻെറയും കാലശേഷവും പേർഷ്യയിൽനിന്നു കേരളത്തിലേക്ക് മെത്രാൻമാരെ അയച്ചുകൊണ്ടിരുന്നു. എങ്കിലും അവരോരോരുത്തരുടെയും ഭരണകാലം ക്ലിപ്തപ്പെടുത്തി. കാണിക്കുന്ന രേഖകളൊന്നും ഇപ്പോഠം കാൺമാനില്ല. മാർ സാഫോറിൻെറ കാലശേഷം 988—ൽ ഒരു യോഹന്നാൻ മെത്രാനും 1056—ൽ ഒരു മാർതോമ്മാ മെത്രാനും 1122-ൽ ഒരു യാക്കോബു മെത്രാനും 1129-ൽ റോമിൽ പോയി പാലീയംവാങ്ങിയ മാർ യോഹന്നാൻമെത്രാനും 1231—ൽ ഒരു യൗസേപ്പുമെത്രാനും 1285—ൽ ഒരു ദാവീദ്മെത്രാനും ഒരു മാർ പൗലോസുമെത്രാനും 1301-ൽ മാർ യാക്കോബുമെത്രാനുറംപ്പെടെമൂന്നുമെത്രാൻമാരും 1407-ൽ മാർ യാബ് ആലാഹായും 1450-ൽ കാഞ്ഞിരപ്പള്ളി പള്ളി കൂദാശചെയ്ത മാർ യൗസേപ്പു മെത്രാനും പേർഷ്യായിൽനിന്നു കേരളത്തിൽ വന്നിട്ടുണ്ട്.

ഇതിനുശേഷം 1490-ൽ മാർതോമ്മാ എന്നും മാർ യോഹന്നാനെന്നും രണ്ടു മെത്രാൻമാർ പേർഷ്യയിലെ മാർ ശെമഊൻ അഞ്ചാമൻെറ അടുക്കൽനിന്നും കേരളത്തിൽ വന്നു.അവർ ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം പള്ളികഠം വയ്ക്കുകയും വേണ്ടിടത്തോളം വൈദികരെ വാഴിക്കുകയും ചെയ്തു. ഇവരിൽ മാർ യോഹന്നാൻ കേരളത്തിൽ താമസിച്ചു. മാർതോമ്മാ തിരിച്ചുപോയി. മാർ യോഹന്നാൻ മെത്രാൻ ജീവിച്ചിരിക്കുമ്പോഠം പാത്രിയർക്കീസ് മരിച്ചു. ഏലിയാസ് അഞ്ചാമൻ എന്നദേഹം പുതിയ പാത്രിയർക്കീസായി സഭാഭരണമേററു.

www.malankaralibrary.com



അദ്ദേഹം 1502–ൽ മാർ യാബ് ആലാഹാ മെത്രാപ്പോലീത്താ, മാർയാക്കോബ് മെത്രാൻ, മാർ ദനഹാമെത്രാൻ എന്നിങ്ങനെ മൂന്നുപേരെ, മലബാറിൽനിന്നും തിരിച്ചുചെന്ന് അവിടെ താമസിച്ചിരുന്ന മാർ തോമ്മാ മെത്രാനോടുകൂടെ കേരളത്തിലേക്കയച്ചു. ഇവരിൽ ഒരാളെ സൊക്കാട്രാ ദ്വീപിലേക്കും ഒരാളെ ചൈനയിലേക്കും ആയിട്ടാണ് അയച്ചിരുന്നത്. മാർ യാക്കോബും, മാർ തോമ്മായും കേരളത്തിൽ താമസിച്ചു. ഈ മാർ യാക്കോബ് മെത്രാൻെറ കാലത്താണ് പോർട്ടുഗീസുകാർ കേരളത്തിൽ വന്നത്.

# പ്രധാനപ്പെട്ട കേരളസന്ദർശകർ

1. **ജോൺമോണ്ടി കോർവിനോ** (John of monte Corvino) എന്നൊരു ഫ്രാൻസിസ്ക്കൻ മെത്രാൻ 1291–ൽ കേരളം സന്ദർശിച്ചു. കേരളസഭയെപ്പററി ഒരു ചുരുങ്ങിയ വിവരണം എഴുതിയിട്ടുണ്ട്. ഇദ്ദേഹം ചൈനയിൽ കാംബലക്കി എന്ന സ്ഥലത്തെ മെത്രാനായിരുന്നു.

2. **മാർക്കോപോളൊ** (Marcopolo) എന്നൊരു വെനീസുകാരൻ 1293-ൽ കേരളം സന്ദർശിച്ച് കേരളസഭയെക്കുറിച്ച് എഴുതീട്ടുണ്ട്. കേരളത്തിൽ നിന്നും തീർത്ഥകർ മൈലാപ്പൂരിൽ ചെന്നു തോമ്മാ ശ്ലീഹായുടെ കബറിടത്തിൽനിന്നും മണ്ണെടുത്ത് അതിനെ ഒരു പുണ്യവസ്തുവായി കരുതി കൊണ്ടുപോകാറുണ്ടെന്ന് ഇദ്ദേഹം എഴുതിയിട്ടുണ്ട്.

3. **ജോർഡാനോസ്** (Jordanos Catalani) എന്ന ഡോമിനിക്കൻ വൈദികൻ 1323–ൽ കേരളം സന്ദർശിച്ചിട്ടുണ്ട്. അന്ന് മാർപ്പാപ്പാ താമസിച്ചിരുന്നത് ഫ്രാൻസിൽ അവിഞ്ഞോനിലായിരുന്നു. ഇദ്ദേഹം അവിടെ ചെന്നു ജോൺ 22–ാമൻ മാർപ്പാപ്പായെ കാണുകയും കേരളത്തെപ്പററി ഒരു റിപ്പോർട്ടു സമർപ്പിക്കുക

www.malankaralibrary.com



യും ചെയ്തു. തൽഫലമായി മാർപ്പാപ്പാ കൊല്ലത്തു പുതുതായി ഒരു ലത്തീൻ രൂപത സ്ഥാപിക്കുകയും ഈ ജോർഡാനോസിനെത്തന്നെ അവിടത്തെ പ്രഥമ മെത്രാനായി വാഴിച്ചു കല്പന കൊടുത്തയയ്ക്കുകയും ചെയ്തു. അദ്ദേഹം 1329--ൽ കൊല്ലത്തു വന്ന് കൊല്ലംരൂപത തുടങ്ങി. ഇദ്ദേഹം മിറാബിലിയ (Mirabilia) എന്നൊരു ഗ്രന്ഥം എഴുതിയിട്ടുണ്ട്.

4. **ജോൺ ഡി മരിഞ്ഞോലി** (John de Maringoli) എന്നൊരു ഫ്രാൻസിസ്ക്കൻ മിഷനറി മാർപ്പാപ്പായുടെ പ്രതിപുരുഷനായി ചൈനയിലേക്കു പോയശേഷം മടങ്ങി വന്നവഴി 1348–ൽ കൊല്ലത്തു വന്ന് പതിനാലു മാസത്തോളം താമസിച്ചു. സുറിയാനിക്കാർ കുരുമുളകിൻെറ രാജാക്കൻമാരാണെന്നാണ് അദ്ദേഹം എഴുതിയിരിക്കുന്നത്. ഇവിടത്തെ ക്രിസ്ത്യാനികൾ ഇദ്ദേഹത്തിനു മാസംതോറുംനൂറു പണം വീതവും പോകുന്ന സമയം ആയിരം പൊൻപണവും കൊടുത്തു എന്നും കൂടി എഴുതിയിട്ടുണ്ട്. ഇദ്ദേഹം തിരിച്ചു പോയവഴി മൈലാപ്പൂരും സന്ദർശിക്കയുണ്ടായി.

5. **ലൂയിസ് കടമമുസ്തോക്കാ** എന്നൊരു വെനീസുകാരൻ 1493—ൽ കോഴിക്കോടു വഴി കേരളത്തിൽ വന്നു. ഇവിടുത്തെ ആളുകളോടു ചോദിച്ചാൽ തിരുസഭയുടെ തലവൻ റോമിലെ മാർപ്പാപ്പായാണെന്നു പറയും എന്നദ്ദേഹം എഴുതിയിട്ടുണ്ട്.

www.malankaralibrary.com

## അദ്ധ്യായം 4

## പോർട്ടുഗീസ് ആഗമനം

1498-ൽ ഒരു പോർട്ടുഗീസുകാരനായ വാസ്ഗോ ഡിഗാമാ കോഴിക്കോടിനു ഏതാനും നാഴിക വടക്ക് കാപ്പാട് എന്ന തുറമുഖത്തു എത്തി. അന്ന് ബ്രാഹ്മണസമുദായത്തിൽപ്പെട്ട സാമൂതിരിയായിരിന്നു കോഴിക്കോടു ഭരിച്ചിരുന്നത്. വാസ്ഗോഡിഗാമാ അദ്ദേഹവുമായി ഒരു കച്ചവടക്കരാറുണ്ടാക്കി. എങ്കിലും അവിടെയുള്ള മഹമ്മദീയരുടെ ശല്യംമൂലം അതുനടപ്പിൽ വന്നില്ല. അവിടെനിന്നും അദ്ദേഹം മടങ്ങിപ്പോയശേഷം വീണ്ടും 1502-ൽ കൊച്ചിയിൽ വന്നിറങ്ങി. അന്ന് സാമൂതിരിയുമായി അല്പം നീരസത്തിലിരുന്നഉണ്ണി രാമൻ തിരുമുൽപ്പാട് ആയിരുന്നു കൊച്ചിയിലെ രാജാവ്. അദ്ദേഹം വയ്പു എന്ന സ്ഥലത്ത് ഒരു കോട്ട കെട്ടുന്നതിനും കച്ചവടത്താവളംസ്ഥാപിക്കുന്നതിനും വേണ്ട അനുവാദം നല്കി, അതനുസരിച്ച് പോർട്ടുഗീസുകാർവായ്പികോട്ടപണിയിക്കുകയുംചെയ്തു.

ഈ വാസ്ഗോഡിഗാമായാണ് ആഫ്രിക്കായുടെ തെക്കേകോടി ചുററി ഇൻഡ്യയിൽ വരുവാനുള്ള വഴി ആദ്യമായി കണ്ടുപിടിച്ചത്. ഗാമാ തിരിച്ചുപോയ ശേഷം വീണ്ടും 1503-ൽ കേരളത്തിൽ വന്നു. അന്ന് ഇവിടെ മാർ യാക്കോബു മെത്രാൻ കേരള സുറിയാനി സഭയെ ഭരിച്ചിരുന്നു. പോർട്ടുഗീസുകാർ ക്രിസ്ത്യാനികളാണെന്നറിഞ്ഞപ്പോരം ഇവിടെയുള്ള ക്രിസ്ത്യാനികരംക്കു വലിയസന്തോഷമായി. അവർ ഉദയം പേരൂർ രാജകുടുംബത്തിലെ ചെങ്കോലും പെരുമാളിൽനിന്നും ലഭിച്ച ചെമ്പേടുകളും മററും കൊണ്ടുചെന്നു വാസ്ഗോഡിഗാമായ്ക്കു കാഴ്ചവയ്ക്കുകയും മഹമ്മദീയരുടെ ആക്രമണം നിമിത്തം തങ്ങരംക്ക് ഉണ്ടായിക്കൊണ്ടിരുന്ന ഉപദ്രവങ്ങളിൽനിന്ന് തങ്ങളെ രക്ഷിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു.

www.malankaralibrary.com


ഇവിടെ ക്രിസ്ത്യാനികളുണ്ടെന്നറിഞ്ഞത് വാസ്ഗോഡിഗാമായ്ക്കും വലിയ സന്തോഷത്തിനു വകയായി. പോർട്ടുഗീസുകാരോടുകൂടി വന്ന വൈദികരെ ഇവിടുത്തെവൈദികർ സസന്തോഷം സ്വീകരിക്കുകയും തങ്ങൾ കുർബാന ചൊല്ലുന്ന അംത്താരകളിൽത്തന്നെ അവരും വി. കുർബാന അർപ്പിക്കുവാൻ അനുവദിക്കുകയും ചെയ്തിരുന്നു. വാസ്ഗോഡിഗാമായ്ക്ക് സുറിയാനിക്കാർ കാഴ്ചവച്ച സാധനങ്ങളെല്ലാംഅദ്ദേഹം താല്പര്യത്തോടുകൂടി സ്വീകരിക്കുകയും മഹമ്മദീയരുടെ ഉപദ്രവങ്ങളിൽനിന്ന് അവരെ സംരക്ഷിച്ചുകൊള്ളാമെന്ന് പോർട്ടുഗീസുരാജാവിൻെറ നാമത്തിൽ അദ്ദേഹം വാഗ്ദാനം ചെയ്തു. ഈ വാസ്ഗോഡിഗാമായുടെ കപ്പൽസേനാനിയായ കബ്രോൾ എന്നയാളാണ് ബ്രസീലിൽനിന്നും പേരയ്ക്കാ, പറങ്കിച്ചക്ക, കപ്പളങ്ങാ, കപ്പമാങ്ങാ മുതലായവ കേരളത്തിൽ കൊണ്ടുവന്നത്. പറങ്കിയണ്ടിയും പോർട്ടുഗീസുകാർ കൊണ്ടുവന്നതാണ്.

## ഫ്രാൻസീസ് സേവ്യർ

പോർട്ടുഗീസുകാർ 1510 ഫെബ്രുവരി 16—ാം തീയതി ഗോവായും 1514—ൽ ഓർമോസും പിടിച്ചടക്കി. അക്കാലത്താണ് ശൗരിയാർ പുണ്യവാനെന്നു നമ്മുടെ നാട്ടിൽ അറിയപ്പെട്ടിരിക്കുന്ന ഫ്രാൻസീസ് സേവ്യരെന്ന ഈശോസഭാ വൈദികൻ കേരളത്തിൽ വന്നത്. അദ്ദേഹം 1542—ൽ കപ്പൽവഴി വന്നിറങ്ങി. അന്നു സുറിയാനിക്കാരെ ഭരിച്ചിരുന്നത് മാർ യാക്കോബ് മെത്രാനായിരുന്നു. അദ്ദേഹത്തിൻെറ കൂടെനടന്നു പ്രധാനപ്പെട്ട സുറിയാനിപ്പള്ളികളെല്ലാം ഫ്രാൻസീസ്സേവ്യർ സന്ദർശിച്ചിട്ടുണ്ട്. എങ്കിലും പാവപ്പെട്ടവരും, വിദ്യാഭ്യാസം കുറഞ്ഞവരുമായി കടൽപ്പുറത്തു താമസിക്കുന്നവരുടെ ഇടയിൽ വേല ചെയ്യുവാനായിരുന്നു അദ്ദേഹത്തിനധികം താല്പര്യം. അവരുടെ കുഞ്ഞുങ്ങളെ വേദോപദേശം പഠിപ്പിക്കുവാൻ അദ്ദേഹം വളരെ കഷ്ടപ്പെട്ടിട്ടുണ്ട്.

www.malankaralibrary.com



1549 ജനുവരി 26–ാം തീയതി ഫ്രാൻസീസ് സേവ്യർ പോർട്ടുഗലിലെ ജോൺ തൃതീയൻ രാജാവിന്റെ പേർക്കയച്ച ഒരെഴുത്തിൽ ഈ യാക്കോബു മെത്രാനെപ്പററി വളരെ പുകഴ്ത്തി എഴുതിയിട്ടുണ്ട്. ഫ്രാൻസിസ്ക്കൻ ബ്രദേഴ്സാണ് അദ്ദേഹത്തിനു വേണ്ട ശുശ്രൂഷ ചെയ്തുകൊടുക്കുന്നതെന്നും കൂടി ആ കത്തിൽ കാണിച്ചിട്ടുണ്ട്. ഇതുപോലെ മാർപ്പാപ്പായുടെ പേർക്കും മാർ ഏബ്രഹാം മെത്രാനെപ്പററി പുകഴ്ത്തി എഴുതി അയച്ചിട്ടുണ്ട്. ഒരിക്കൽ മാർ എബ്രഹാം കണ്ണൂരിൽ ചെന്നപ്പോൾ പോർട്ടുഗീസുകാർ കുർബാന ചൊല്ലിവന്ന ത്രോണോസിൽതന്നെയായിരുന്നു മാർ ഏബ്രഹാം മെത്രാനും കുർബാനചൊല്ലിയത്. ഇങ്ങനെ രമ്യമായിട്ടായിരുന്നു ലത്തീൻകാരായ പോർട്ടുഗീസുകാരും കേരള സുറിയാനിക്കാരുംതമ്മിൽ ആദ്യകാലത്ത് പെരുമാറിവന്നത്. വിദേശത്തുപോയ ഒരു സഹോദരൻ തിരിച്ചുവരുമ്പോൾ എത്ര സന്തോഷത്തോടുകൂടിയായിരിക്കും അയാളെ സ്വീകരിക്കുന്നത്. അതുപോലെയായിരുന്നു കേരളസുറിയാനിക്കാർ പോർട്ടുഗീസുകാരെ കൈക്കൊണ്ടത്.

## Padroado–പിദ്രൊവാദോ

(മിഷൻ സംരക്ഷണാവകാശം)

പതിനഞ്ചും പതിനാറും നൂററാണ്ടുകളിൽ കപ്പൽ കച്ചവടത്തിനു സ്പെയിൻകാരും പോർട്ടുഗീസുകാരുമായിരുന്നു പ്രമുഖൻമാർ. സ്പെയിൻകാരുടെ കച്ചവടം മിക്കവാറും തെക്കേ അമേരിക്കയിലും പോർട്ടുഗീസുകാരുടേത് ആഫ്രിക്കാ, ഇൻഡ്യാ മുതലായ കിഴക്കൻ പ്രദേശങ്ങളുമായിരുന്നു. ഈ രണ്ടു കൂട്ടരും ചെല്ലുന്ന സ്ഥലങ്ങളിൽ കച്ചവടകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനോടുകൂടെത്തന്നെ ക്രിസ്തീയ ആരാധനയ്ക്കുവേണ്ട പള്ളികളും സൗകര്യങ്ങളും കൂടി ഉണ്ടാക്കുമായിരുന്നു. മെത്രാൻമാരെയും വൈദികരെയും അവരോടുകൂടെ കൊണ്ടുപോകുന്ന പതിവുമുണ്ടായി

www.malankaralibrary.com



രുന്നു. വിദേശസഞ്ചാരവും മിഷ്യൻപ്രവർത്തനവും കാംക്ഷിച്ചുകൊണ്ട് അനേകം യുവാക്കൻമാരും യുവതികളും വിദേശമിഷനുവേണ്ടി പോർട്ടുഗലിലെ സിമ്മനാരികളിലും മഠങ്ങളിലും ചേർന്നു പഠിച്ചും പരിശീലിച്ചും വന്നിരുന്നു.

ഇവരുടെ ഈ മതതീക്ഷ്ണത കണ്ട് ആറാം അലക്സാണ്ടർ മാർപാപ്പാ (1492–1503) വളരെ സന്തോഷിച്ചു. അദ്ദേഹംഅസ്സോർസ് ദ്വീപുകളുടെഅടുക്കൽ കൂടി ഉത്തരദക്ഷിണധ്രുവങ്ങളിലേക്ക് ഒരു സങ്കല്പരേഖ നിർണ്ണയിച്ചുകൊണ്ട് ആ രേഖയ്ക്ക് പടിഞ്ഞാറെ ഭാഗം സ്പെയിൻകാർക്കും അതിനു കിഴക്കുഭാഗം പോർട്ടുഗീസുകാർക്കും സുവിശേഷവേലയ്ക്കായി വിഭജിച്ചുകൊടുക്കുകയും കത്തോലിക്കാരാജാക്കൻമാരില്ലാത്തസ്ഥലങ്ങളിലെ സഭയെ ആളുകൊണ്ടും അർത്ഥംകൊണ്ടും സംരക്ഷിച്ചുകൊണ്ടുപോകേണ്ട ചുമതല ഒരു തീട്ടൂരം മൂലം അവരെ ഭാരമേല്പിക്കുകയും ചെയ്തു. ഈ തീട്ടൂരത്തെയാണ് പദ്രുവാദോ (Padroado) എന്നു പറയുന്നത് ഇവർ വേല ചെയ്യുന്ന സ്ഥലങ്ങളിലും മാർപാപ്പായുടെ പ്രൊപ്പഗേഷൻ ഓഫ് ഫെയ്ത്തുവഴിയായി നേരിട്ടും മാർപാപ്പാ സുവിശേഷവേല ചെയ്യിക്കുന്നുണ്ടായിരുന്നു എന്നതും വിസ്മരിച്ചുകൂടാത്തതാണ്.

ഈ തീട്ടൂരംമൂലം സിറിയായിലും കേരളത്തിലും ചില കുഴപ്പങ്ങളെല്ലാമുണ്ടാകുവാനിടയായി എങ്കിലും കത്തോലിക്കാസഭ ലോകമാകെ വ്യാപിക്കുന്നതിനു അതു വളരെ സഹായിച്ചിട്ടുണ്ടെന്നുള്ളതും വിസ്മരിക്കുവാൻ പാടില്ലാത്ത ഒരു കാര്യമാണ്. കേരളം ഒരു ക്രൈസ്തവ രാജ്യമല്ലാതിരുന്നതിനാലും ശരിയായ ആത്മികാഭിവൃദ്ധിയിലെത്തിയിട്ടില്ലാത്ത ഒരു വലിയ ക്രൈസ്തവജനത കേരളത്തിലുണ്ടായിരുന്നതുകൊണ്ടും അവർക്കുവേണ്ട പഠിപ്പുള്ള വൈദികരെ നല്കിയും സഭയുടെ പുരോഗതിക്കുവേണ്ട ധനസഹായം ചെയ്തും കേരളസഭയെപുലർത്തേണ്ട ചുമതല ഈ തീട്ടൂരംമൂലം

www.malankaralibrary.com



തങ്ങൾക്കു ലഭിച്ചിട്ടുണ്ടെന്നു പോർട്ടുഗീസുകാർ കരുതിപ്പോന്നു.

## മാർ യാക്കോബുമെത്രാന്റെ നയം

എന്നാൽ കേരള സുറിയാനിക്കാരാകട്ടെ ഇതൊന്നും ഗ്രഹിച്ചിരുന്നില്ലെന്നുമാത്രമല്ല, പോർട്ടുഗീസുകാരുടെ ഭരണരീതിയും അവർ സുറിയാനിക്കാരുടെ നടപടികളോടു പ്രദർശിപ്പിച്ചുവന്ന അവജ്ഞാഭാവവും സുറിയാനിക്കാർക്കു തീരെ ഇഷ്ടപ്പെട്ടിരുന്നില്ല. എങ്കിലും യാക്കോബുമെത്രാൻ ഇതൊന്നും വെളിക്കുകാണിക്കുന്ന ആളല്ലായിരുന്നു. പോർട്ടുഗീസുകാരുടെ ആചാരാനുഷ്ഠാനങ്ങൾ സുറിയാനിക്കാർക്കു പററിയതല്ലെങ്കിലും അവരുടെ നടപടികളിലും വിദ്യാഭ്യാസരീതിയിലും സുറിയാനിക്കാർ കണ്ടുപഠിക്കേണ്ട പലതും ഉണ്ടെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായമെന്നനുമാനിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ 1530-ൽ കേരളത്തിൽ വന്ന വിൻസൻറു ലാഗോസ് എന്ന ഒരു ഫ്രാൻസിസ്കൻ വൈദികനെ മാർ യാക്കോബു മെത്രാൻ കൂട്ടിക്കൊണ്ടുനടന്ന് പത്തുവർഷം സുറിയാനിപള്ളികളിലെല്ലാം പ്രസംഗിക്കുകയും അദ്ദേഹം കൊടുങ്ങല്ലൂരിൽ നൂതനമായാരംഭിച്ച വൈദികസെമ്മിനാരിയിൽ നൂറോളം വൈദികവിദ്യാർത്ഥികളെ അയച്ചു പഠിപ്പിക്കുകയും ചെയ്തിരുന്നു.

## പോർട്ടുഗീസ് നയതന്ത്രം

പോർട്ടുഗീസുകാർ കേരളത്തിൽവരുന്ന കാലത്ത് ആവിക്കപ്പലുകളില്ലായിരുന്നു. എല്ലാം പായ്ക്കപ്പലുകളായിരുന്നു. മെഡിററേനിയനേയും. ചെങ്കടലിനേയും തമ്മിൽ കൂട്ടിച്ചേർക്കുന്ന സൂയസ്കനാലും അന്നില്ലായിരുന്നു. പോർട്ടുഗലിൽനിന്ന് ഇൻഡ്യയിലേക്കു വരുന്നതിനുവേണ്ടി അനേകം ദിവസങ്ങൾ കപ്പലിലിരുന്നു ബുദ്ധിമുട്ടി ആഫ്രിക്കാ ചുററിയുള്ള വരവ് വളരെ ക്ലേശകരമായിരുന്നു. ഇങ്ങനെ വളരെ കഷ്ടപ്പെട്ടു

www.malankaralibrary.com



ണ്ടാക്കുന്ന പണം കൊടുത്ത് സഭയെ സഹായിക്കുമ്പോഠം സഭ തങ്ങളോടും ചിലസൻമനസ്സു കാണിക്കണമെന്നു ആ കപ്പൽക്കാർ ചിന്തിച്ചുപോയിട്ടുണ്ടെങ്കിൽ അതിലത്ഭുതപ്പെടുവാനില്ല. പോർട്ടുഗീസുകാരുടെ കച്ചവടത്തിൻെറ പുരോഗതിക്കു കേരളത്തിലെ നാട്ടുരാജാക്കൻമാരുടെപിന്തുണ അവർക്കാവശ്യവുമായിരുന്നു. കേരള സുറിയാനിക്കാരെ ഭരിച്ചുകൊണ്ടിരിക്കുന്ന പേർഷ്യൻ മെത്രാൻമാരുടെ ആഗമനം തടഞ്ഞുനിർത്തിക്കൊണ്ടു സുറിയാനിസഭയുടെ ഭരണംകൈവശപ്പെടുത്തുന്നത് ഇതിനെല്ലാററിനും ഒരു ഭൂഷണമായിരിക്കുമെന്നും അവർ കരുതി. സഭയെ ധനംകൊണ്ടു സഹായിക്കുന്ന കാര്യത്തിൽ പേർഷ്യൻ മെത്രാൻമാരേക്കാഠം തങ്ങളാണു കൂടുതൽ കഴിവുള്ളവരെന്നും അവർ സ്വയം അഭിമാനിച്ചുമിരുന്നു. വിശ്വാസകാര്യങ്ങളിലാണെങ്കിൽ പോർട്ടുഗീസുകാരും കേരളീയരും തമ്മിൽ വലിയവ്യത്യാസമൊന്നുമില്ലതാനും ഈപരിതസ്ഥിതികളിൽ കേരളീയ സഭയുടെ ഭരണംപോർട്ടുഗീസുകാർകയ്യേൽക്കുന്നതിൽ കേരളീയർ അസംതൃപ്തരാകേണ്ട ആവശ്യമില്ലെന്നും അവർ അനുമിച്ചു.

എന്നാൽ കേരളീയർ തങ്ങളുടെ സഭാഭരണം പേർഷ്യക്കാരായ സുറിയാനിമെത്രാൻമാരിൽനിന്നും എടുത്തു പോർട്ടുഗീസുകാരായ ലത്തീൻകാർക്കുകൊടുക്കുവാൻ തീരെ ഇഷ്ടപ്പെട്ടിരുന്നില്ല. പോർട്ടുഗീസുകാരുടെ "കൊഴക്കട്ടയിലെ പൊൻനാണയം" വ്യാമോഹിച്ച് വിൽക്കേണ്ട ഒരു കാര്യമല്ല സഭാഭരണം എന്നു സുറിയാനിക്കാർ ചിന്തിച്ചുപോയിട്ടുണ്ടെങ്കിൽ അതിലും അത്ഭുതത്തിനു വകയില്ല. ചുരുക്കിപ്പറഞ്ഞാൽസൗഹാർദ്ദപരമായ പരസ്പര സ്നേഹത്തിലാരംഭിച്ച പോർട്ടുഗീസ് കേരളക്രൈസ്തവബന്ധം ചെന്നവസാനിച്ചത് ഒരു വലിയ സമ്മർദ്ദത്തിലാണ്. എന്തെന്നാൽ പോർട്ടുഗീസുകാർ ഈ ഘട്ടത്തിൽ ഒരു പുതിയ നയതന്ത്രം പ്രയോഗിച്ചുതുടങ്ങി. പേർഷ്യയിലെ സുറിയാനി മെത്രാൻമാർ നെസ്തോറിയരാണെന്നും അവരുടെ സു

www.malankaralibrary.com



റിയാനി മതഗ്രന്ഥങ്ങൾ നെസ്തോർ പാഷണ്ഡത യുടെ ആവനാഴിയാണെന്നും ജനങ്ങളെ മനസിലാക്കി ക്കൊണ്ട് പേർഷ്യൻമെത്രാൻമാരുടെ ആഗമനം നിശ്ശേഷം നിറുത്തലാക്കണം എന്നതായിരുന്നു ആ നയ തന്ത്രം.

ഭാരതത്തെ അജ്ഞാനാന്ധകാരത്തിൽനിന്നും ഉയർത്തി സാക്ഷാത്തായദിവ്യജ്ഞാനത്തിൽ പ്രശോഭി ക്കുന്നതിനുവേണ്ടി മാർതോമ്മാശ്ലീഹാ കൊളുത്തിവച്ച ആ ഗിരിദീപം പോർട്ടുഗീസുകാരും ശീമക്കാരും ഇംഗ്ലീഷുകാരുമായ വിദേശസഹോദരങ്ങളുടെ കരചരങ്ങളിൽ പെട്ട് നിഷ്പ്രഭമായിത്തീരുന്ന കിഴ്ചകളാണ് കേരള സഭാചരിത്രത്തിൽ ഇവിടം മുതൽ നാം കണ്ടുവരുന്നത്.

## മാർ ജോസഫ് മെത്രാൻ

ഏതായാലും യക്കോബു മെത്രാന്റെ കാലമങ്ങു കഴിഞ്ഞുകൊള്ളട്ടെ എന്നു പോർട്ടുഗീസുകാർ വിചാരിച്ചുകൊണ്ടിരിക്കുമ്പോൾ. 1540–ൽ മാർ ജോസഫ് എന്നൊരു മെത്രാനെ പേർഷ്യയിൽനിന്നും യോഹന്നാൻ സൂലാക്കാ എന്ന കത്തോലിക്കാപാത്രിയർക്കീസ് കേരളത്തിലേക്കയച്ചു. ഇത് പോർട്ടുഗീസുകാർ തീരെ പ്രതീക്ഷിച്ചിരുന്നതല്ല. അവർ അദ്ദേഹത്തോട് ദുർമ്മുഖം കാട്ടിക്കൊണ്ടിരുന്നു. ഏതായാലും അദ്ദേഹം അധികനാൾ ജീവിച്ചിരുന്നില്ല. കൊച്ചിയിലെ കപ്പൂച്ചിയൻ ആശ്രമത്തിൽ വച്ച് അദ്ദേഹം മരിച്ചുപോയി.

## Inquisition- മതവിചാരണക്കോടതി

അപ്പോഴേക്കും കൊച്ചിയിലെ പോർട്ടുഗീസ് ഭരണാധികാരികൾ സുറിയാനിക്കാരുടെ മെത്രാൻമാരോടും ജനങ്ങളോടും വളരെകടുകൈകൾ കാണിക്കുന്നു എന്നുള്ള പരാതി പലരിൽനിന്നും റോമിലെത്തി. റോമിൽ നിന്നും അതു പോർട്ടുഗീസു ഗവൺമെൻറിനെ അറിയിച്ചു. അതിന്റെ ഗൗരവം പോർട്ടുഗീസ് ഗവൺമെ

www.malankaralibrary.com



ൻറ് മനസിലാക്കി. അവർ ഇതിലേക്കു ഒരു കോടതി ഏർപ്പെടുത്തി. മെത്രാൻമാരോ അൽമേനികളോ ആയ വല്ലവരും ശിശ്മക്കാരുടെ കൂട്ടത്തിൽപ്പെട്ടവരാണെന്നു തോന്നിയാൽ അവരെ യാതൊരുപ്രകാരത്തിലും ഉപദ്രവിക്കുവാൻ പാടില്ലെന്നും വിശ്വാസവൈകല്യങ്ങൾ വിസ്തരിച്ചറിഞ്ഞ് വിധിപറയുന്നതിനുശേഷിയും ശേമുഷിയും ഉള്ള ഒരു കോടതിയെ ഗവൺമെൻറ് പുതിയതായി ലിസ്ബണിൽ നിയമിക്കുന്നു എന്നും ആ കോടതിയുടെ തീരുമാനമറിയുന്നതിനു മുൻപ് ആരെയും ഉപദ്രവിക്കുകയോ ദണ്ഡിപ്പിക്കുകയോ ചെയ്യരുതെന്നും മററുമുള്ള വിവരം ഇൻഡ്യയിലെ പോർട്ടുഗീസ് മേധാവികളെ അവരറിയിച്ചു. ഇങ്ങനെ പോർട്ടുഗീസ് ഗവൺമെൻറ് 1547–ൽ ഏർപ്പെടുത്തിയ കോടതിയെയാണ് Inquisition Court- മതവിചാരണക്കോടതി എന്നു പറഞ്ഞുവരുന്നത്. ഒരു നിയമം ഏർപ്പെടുത്തുന്നത് എത്ര നല്ല ഉദ്ദേശത്തോടുകൂടിയായിരുന്നാലും അതു നടപ്പിൽ വരുത്തേണ്ട ഉദ്യോഗസ്ഥർ വിചാരിച്ചാൽ അതുപദ്രവകരമാക്കിത്തീർക്കുവാൻ സാധിക്കുന്നതാണ്.

## പേർഷ്യയിലെ സഭ

യാക്കോബു മെത്രാൻ 1549 ൽ കാലം ചെയ്തു. അദ്ദേഹംമരിച്ചപ്പോൾകേരളത്തിൽനിന്നും ഒരു ഡപ്യൂട്ടേഷൻ പേർഷ്യയിൽ ചെന്ന് വിവരമെല്ലാം അറിയിച്ചു. പേർഷ്യായിൽ അതുവരെ ഭരിച്ചുവന്ന മെത്രാൻമാരിലധികമാരും റോമ്മായിൽ പോകുകയോ സത്യപ്രതിജ്ഞ നടത്തുകയോ ചെയ്തിരുന്നില്ല. അത് വിശ്വാസവൈപരീത്യം കൊണ്ടോ എതിർപ്പുമൂലമോ അല്ലായിരുന്നു. യാത്രയുടേയും കത്തിടപാടുകളുടെയും അന്നത്തെ അസൗകര്യങ്ങൾ കൊണ്ടുമാത്രമായിരുന്നു. എന്നാൽ കേരളത്തിൽനിന്നും ചെന്ന ഈ ഡപ്യൂട്ടേഷൻകാരെ സ്വീകരിച്ച അബ്ദീശോ പാത്രിയർക്കീസിൻെറ മുൻഗാമിയായിരുന്ന യോഹന്നാൻ സൂലാക്കാ റോമിൽ

www.malankaralibrary.com



പോയി മാർപാപ്പായോടു പാലിയം വാങ്ങിയ ഒരാളായിരുന്നു.

## മാർ ജോസഫ് സൂലാക്കാ മെത്രാൻ

മാർ സൂലാക്കായോടുകൂടെ റോമിൽ പോയിരുന്ന ഒരുസഹോദരൻ അദ്ദേഹത്തിനുണ്ടായിരുന്നു. ജോസഫ് സൂലാക്കാ എന്നായിരുന്നു. അദ്ദേഹത്തിൻെറ പേര്. അബ്ദീശോ പാത്രിയർക്കീസ് ഈ ജോസഫ് സുലാക്കായെ ഒരു മെത്രാനാക്കി വാഴിച്ചു കേരളത്തിലേക്കയച്ചു. അവർ കേരളത്തിൽ വരുവാനായി ഗോവായിൽ എത്തി. അന്നു ഫഞ്ചൽ Funchal എന്ന സ്ഥലത്തെ മെത്രപ്പോലീത്തായുടെ കീഴിലായി ഗോവായിൽ വന്നിറങ്ങിയ ഉടനെ അദ്ദേഹത്തെ കേരളത്തിലേക്കു വിടാതെ അവിടെ തടഞ്ഞുനിറുത്തി.

അദ്ദേഹത്തിനു ശരിയായ പട്ടം കിട്ടീട്ടുണ്ടോ, നെസ്തോറിയനാണോ എന്നിങ്ങനെയുള്ള ചോദ്യങ്ങൾ കേട്ട് അദ്ദേഹം വളരെ വിഷമിച്ചു. മാർപ്പാപ്പായെ സ്വീകരിക്കുന്ന പാത്രിയർക്കീസാണ് തനിക്കു പട്ടം തന്നതെന്നും താൻതന്നെ റോമിൽ പോയിട്ടുണ്ടെന്നും മററും പറഞ്ഞു എങ്കിലും അതൊന്നും പോർട്ടുഗീസുകാരെ തൃപ്തിപ്പെടുത്തിയില്ല. അങ്ങനെ പതിനെട്ടു മാസം അദ്ദേഹത്തെ അവിടെ തടഞ്ഞുനിറുത്തി അനന്തരം ലിസ്ബണിലെ മതവിചാരണക്കോടതിയുടെ തീരുമാനം അറിയുവാനെന്ന മട്ടിൽ അദ്ദേഹത്തെ കപ്പൽ കയററി പോർട്ടുഗലിലേക്കു അയക്കുകയും ചെയ്തു.

ഈവിവരമെല്ലാം കാണിച്ച് കേരളക്രിസ്ത്യാനികൾ പേർഷ്യയിലേക്ക് എഴുതി അയക്കുകയും വേറൊരു മെത്രാനെ ഉടനെ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. പാത്രിയർക്കീസ് ഈ വിവരമെല്ലാംമാർപാപ്പായുടെ പേർക്കു എഴുതിഅയച്ചശേഷം 1556-ൽ മാർ ഏബ്രഹാം എന്നൊരു മെത്രാനെ കേരള

www.malankaralibrary.com



ത്തിലേക്കയച്ചു, അദ്ദേഹം 1557—ൽ ഇവിടെ എത്തി. അദ്ദേഹം വേഷപ്രച്ഛന്നനായിട്ടാണ് വന്നത്. അതിനാൽ പോർട്ടുഗീസുകാരുടെ ദൃഷ്ടിയിൽ പെട്ടില്ല. അദ്ദേഹം അങ്കമാലിയിൽ താമസിച്ചുകൊണ്ട് മാമോദീസാ, മൂറോനഭിഷേകം മുതലായവകളെല്ലാം നടത്തികൊടുത്തുകൊണ്ടും ആവശ്യമുള്ളിടത്തെല്ലാം വൈദികരെ വാഴിച്ചുകൊണ്ടും ഇരുന്നു.

ഇത്രയുമായപ്പോഴേക്ക് പോർട്ടുഗീസുകാർ വിവരമറിഞ്ഞ് അദ്ദേഹത്തെ അറസ്ററ്ചെയ്ത് കസ്ററഡിയിലാക്കി.നെസ്തോർകാരനാണോസത്യവിശ്വാസിയാണോ എന്നുതീരുമാനിക്കുവാനായി ലിസ്ബനിലെ കോടതിയിൽ ഹാജരാക്കുവാൻ 1557-ൽ പോർട്ടുഗലിലേക്കു കപ്പൽ കയററി അയക്കുകയും ചെയ്തു.

## കൊച്ചി രൂപത

അങ്ങനെ ഏബ്രഹാം മെത്രാനെയും നാടു കടത്തിക്കൊണ്ട് കേരളസഭയെ വൈധവ്യപ്പെടുത്തി. അനന്തരം പോപ്പാം നാലാമൻ മാർപ്പാപ്പായുടെ അനുവാദം വരുത്തിക്കൊണ്ടും 1558 ഫെബ്രുവരി 4—ാം തീയതി ദോംജോർജിയൂസ് തെമുദോഎന്ന ഒരു പോർട്ടുഗീസുമെത്രാനെ വരുത്തി കൊച്ചിയിൽ താമസിപ്പിച്ചുകൊണ്ടും കൊച്ചിയെ ഗോവാ മെത്രാപ്പോലീത്തായുടെ കീഴിൽ ഒരു രൂപതയാക്കിത്തീർത്തു. പോർട്ടുഗീസുകാർക്ക് നൽകിയിരുന്ന പിദ്യവാദോ തീട്ടൂരത്തിലെ വ്യവസ്ഥപ്രകാരമാണ് ഈ രൂപത സ്ഥാപിച്ചതെന്നു പ്രത്യേകം എടുത്തുപറയേണ്ട ആവശ്യമില്ലല്ലോ.

## അറസ്ററ്ചെയ്യപ്പെട്ട മെത്രാൻമാർ

ഇനിയും നമുക്ക് പോർട്ടുഗീസുകാർ അറസ്ററു ചെയ്തു ഇൻക്വിസിഷൻ കോർട്ടിൽ ഹാജരാക്കുവാൻ കൊണ്ടുപോയ മെത്രാൻമാരുടെ കാര്യം എങ്ങനെയായി എന്നു നോക്കാം. ആദ്യം അറസ്ററുചെയ്തുകൊണ്ടുപോയ ജോസഫ് സൂലാക്കാ മെത്രാനെ വിസ്തരിക്കുവാനായി ലിസ്ബനിലെ മതവിചാരണക്കായുള്ള കോടതിയിൽ ഹാജരാക്കിയതുതന്നെ ഒരു വർഷം കഴിഞ്ഞാ

www.malankaralibrary.com



ണ്. അദ്ദേഹത്തിൽ യാതൊരു കുററവും കാണാഞ്ഞതിനാൽ അദ്ദേഹത്തെ റോമിലേക്കയച്ചു. മാർപ്പാപ്പാ വിവരമെല്ലാം അറിഞ്ഞശേഷം ഗോവാ മെത്രാപ്പോലിത്തായുടെപേർക്കും പോർട്ടുഗീസ് ഭരണാധികാരികളുടെപേർക്കും വേണ്ട കല്പനകളും കൊടുത്ത് അദ്ദേഹത്തെ വീണ്ടും കേരളത്തിലേക്കയച്ചു. അദ്ദേഹം കേരളത്തിൽ വന്നപ്പോൾ കേരളത്തിലെ പോർട്ടുഗീസുകാർ അദ്ദേഹത്തെഅറസ്ററുചെയ്തു, എങ്കിലും കോടതിവിധിയും മാർപ്പാപ്പായുടെ കല്പനകളെല്ലാമുണ്ടെന്നറിഞ്ഞപ്പോൾ അദ്ദേഹത്തെ സ്വതന്ത്രനാക്കി വിട്ടു. അദ്ദേഹം അങ്കമാലിയിൽ താമസിച്ചുകൊണ്ട് 1558–മുതൽ 1568–വരെ പത്തുകൊല്ലം സമാധാനമായി സുറിയാനിക്കാരെ ഭരിച്ചു. 1568–ൽപിന്നെയും അദ്ദേഹത്തെ അറസ്ററുചെയ്ത് ലിസ്ബനിലേക്കയച്ചു. അവിടെ അദ്ദേഹത്തെ വിസ്തരിച്ചു. കുററമൊന്നുമില്ലെന്നുകണ്ട് അദ്ദേഹത്തെ റോമിലേക്കയച്ചു. റോമിൽ വച്ച് അദ്ദേഹം കാലം ചെയ്യുകയും ചെയ്തു.

## മാർ ഏബ്രഹാം മെത്രാൻ

ഇനിയും നമുക്ക് ഏബ്രഹാം മെത്രാൻെറ കാര്യം നോക്കാം. അദ്ദേഹത്തെ കയററിയ കപ്പൽ ആഫ്റിക്കായിലെ മൊസാംബിക്കോ തുറമുഖത്തു ചെന്നെത്തി. അപ്പോൾ കപ്പലിനെന്തോ കേടുപററി. അവിടെ അവർ കുറെനാൾ താമസിക്കേണ്ടതായിവന്നു. ഈ തക്കത്തിൽ എബ്രഹാം മെത്രാൻ എങ്ങനെയോ കരയ്ക്കിറങ്ങി രക്ഷപ്പെട്ടു. മലിൻഡാ (Malinda) ഓർമോസ് (Ormus) മുതലായ സ്ഥലങ്ങൾ കടന്ന് അദ്ദേഹം പേർഷ്യയിലെത്തി, അബ്ദീശോ പാത്രിയർക്കീസിൽനിന്നും വേണ്ട എഴുത്തുകളെല്ലാം വാങ്ങിക്കൊണ്ട് അദ്ദേഹം നേരെ റോമിലെത്തി. മാർപാപ്പായെ കണ്ടു വിവരമെല്ലാം അറിയിച്ചു. പീയൂസ് നാലാമനായിരുന്നു അന്നത്തെ മാർപാപ്പാ അദ്ദേഹം 1565 ഫെബ്രുവരി 28–ാം തീയതി ഗോവാ മെത്രാപ്പോലീത്തായുടെ പേർക്കും കൊച്ചിയിലെ ലത്തീൻ മെത്രാൻെറ പേർക്കും ഓരോ

www.malankaralibrary.com



കല്പനയും കൊടുത്ത് അദ്ദേഹത്തെ കേരളത്തിലേക്കയച്ചു. അദ്ദേഹം 1568–ൽ ഗോവായിലെത്തി. അപ്പോഴേക്ക് വർഷം പത്തുകഴിഞ്ഞിരുന്നു.

അദ്ദേഹം ഈ കല്പനകളെല്ലാം ഗോവായിലെ ഭരണാധികാരികളെ കാണിച്ചു. എങ്കിലും പിന്നെയും ചില സാങ്കേതിക തടസങ്ങൾ പറഞ്ഞ് അദ്ദേഹത്തെ ബന്ധനത്തിൽ താമസിപ്പിച്ചു. നിവൃത്തിയില്ലാതെ വന്നപ്പോൾ അദ്ദേഹം അവിടെനിന്നും ഒളിച്ചോടി കേരളത്തിൽ വന്നു. പോട്ടുഗീസുകാരുടെ ദൃഷ്ടിയിൽ പെടാതെ അവരുടെ വിഹാരസീമയ്ക്കു അകലെയായി മലനാട്ടിലുള്ള പള്ളികളിൽ സഞ്ചരിച്ചുകൊണ്ട് ജനങ്ങൾക്കു ആവശ്യമായ ആത്മീയ സംഗതികൾ എല്ലാം നടത്തികൊടുത്തുകൊണ്ടിരുന്നു. ഇദ്ദേഹമാണ് കോട്ടയം ചെറിയപള്ളി പണിയിച്ചത്.അദ്ദേഹം ഈ വിവരങ്ങളെല്ലാം കൊച്ചി രാജാവിനെ അറിയിച്ചു. അന്നു കൊച്ചി രാജാവും പോട്ടുഗീസുകാരും തമ്മിൽഅൽപം നീരസത്തിലുമായിരുന്നു. കൊച്ചിരാജാവ് ആ വിവരമെല്ലാം മാർപാപ്പയുടെ പേർക്ക് എഴുതിഅയയ്ക്കുകയും. മാർപാപ്പാ അതിനു കൃതജ്ഞത പറഞ്ഞുകൊണ്ട് 1576 ജനുവരി രണ്ടാം തീയതി ഒരു മറുപടി അയച്ചുകൊടുക്കുകയും ചെയ്തു.

ഈശോസഭാവൈദികരിൽ ചിലർ ഏബ്രഹാം മെത്രാനെ അന്വേഷിച്ച് മലനാട്ടിലേക്കു പോയി. അദ്ദേഹം ഇരുന്ന പള്ളിയിൽ ചെന്നുകണ്ടു. അദ്ദേഹത്തോടു വളരെ സ്നേഹമായി പെരുമാറി. സുറിയാനിക്കാർ നെസ്തോറിയരാണെന്നുള്ള ഒരു ധാരണപരക്കെ എല്ലാവരിലും ഉണ്ടെന്നും അതു മാറണമെന്നും കത്തോലിക്കാവിശ്വാസം എന്താണെന്നു ജനങ്ങളെ പഠിപ്പിക്കണമെന്നും അതിലേക്കു വൈദികരെയും ജനങ്ങളെയും വിളിച്ചുകൂട്ടി ഒരു സുന്നഹദോസ് നടത്തണമെന്നും പറഞ്ഞു. അതു നല്ലതാണെന്നു ഏബ്രഹാം മെത്രാനും സമ്മതിച്ചു. അതനുസരിച്ച് 1578–ൽ ഒരു സുന്നഹദോസ് കൂടി. എല്ലാവരും നെസ്തോറിയൻ ഉപദേശം തള്ളിപ്പറയുകയും ചെയ്തു.

www.malankaralibrary.com

## അദ്ധ്യായം 5

## ഗീവർഗീസ് അർക്കദിയാക്കോൻ

ഒടുവിൽ എബ്രഹാംമെത്രാൻ രോഗബാധിതനായി കിടക്കുമ്പോഠം ഗോവാ മെത്രാപ്പോലീത്തായിൽനിന്നും ഒരു കത്തുകിട്ടി. ജനങ്ങളെ സത്യവിശ്വാസം പഠിപ്പിക്കണമെന്നും അതിനുവേണ്ട ക്രമീകരണങ്ങളെല്ലാം ഉണ്ടാകണമെന്നും വെറും കർമ്മാദികഠം മാത്രം നടത്തിക്കൊണ്ടുപോയാൽ പോരെന്നും ആ കത്തിൽ അദ്ദേഹം ഗുണദോഷിച്ചിരുന്നു. മരണക്കിടക്കയിലായിരുന്നതിനാൽ അതനുസരിച്ച് ഒന്നും തന്നെ പ്രവർത്തിക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. അദ്ദേഹത്തിന് രോഗം വർദ്ധിക്കുന്നു എന്നു കണ്ടപ്പോഠം തനിക്ക് പിൻഗാമിയായി പേർഷ്യായിൽ നിന്നൊരു മെത്രാൻവരുന്നതുവരെയ്ക്കും സഭാഭരണം നടത്തിക്കൊണ്ടുപോകുന്നതിനു കുറവിലങ്ങാട്ടു ഇടവകയിൽപ്പെട്ട പകലോമററം തറവാട്ടിൽ ഉള്ള ഗീവറുഗീസ് കത്തനാരെ ഒരു അർക്കദിയാക്കോനായി നിയമിച്ചു. കല്പന കൊടുത്തു. വിവരം മാർപാപ്പായുടെ പേർക്കും പേർഷ്യായിലെ പാത്രിയർക്കീസിൻെറ പേർക്കും എഴുതി അയയ്ക്കുകയും ചെയ്തു. അനന്തരം 1597 ഫെബ്രുവരിയിൽ എബ്രാഹാം മെത്രാൻ കാലം ചെയ്തു.

ഗീവറുഗീസ് അർക്കദിയാക്കോനെ പറവൂർ രൂപതയുടെ ഭരണകർത്താവാക്കുവാനനുവദിച്ചുകൊണ്ട് 1597 ജനുവരി 3—ാം തീയതി റോമിൽനിന്നയച്ച കല്പന കൊച്ചി കോട്ടയിലെത്തി. അപ്പോഴേക്കു വേറൊരു ഗീവറുഗീസ് അർക്കദിയാക്കോനെ തൻെറ പിൻഗാമിയായി നിയമിച്ചുകൊണ്ട് അദ്ദേഹംകാലംചെയ്തിരുന്നു. ആ വിവരം കൊച്ചിയിലെ പോർട്ടുഗീസ് വൈസ്രോയി ഗോവാ മെത്രാപ്പോലീത്തായെ അറിയിച്ചു. അദ്ദേഹം അപ്പോഠംത്തന്നെ അർക്കദിയാക്കോൻ കൊച്ചിയിലെ വൈപ്പിക്കോട്ട സിമ്മനാരിയിലെ റെക്ടറുടെ അടു

www.malankaralibrary.com



ക്കൽ ചെന്ന് സത്യപ്രതിജ്ഞ നടത്തിവേണം ഭരണം കയ്യേൽക്കുവാനെന്നു കാണിച്ചുകൊണ്ട് ഈ ഗീവറുഗീസ് അർക്കദിയാക്കോൻെറ പേർക്ക് എഴുതി അയച്ചു. അർക്കദിയാക്കോൻ അതു സമ്മതിച്ചു എങ്കിലും പോർട്ടുഗീസുകാരെ അത്ര വഴങ്ങാൻ പോകേണ്ടന്നു പറഞ്ഞു പലരും അദ്ദേഹത്തെ തടയുകയാൽരണ്ടു ദിവസം കഴിഞ്ഞശേഷമേ ആ സത്യപ്രതിജ്ഞ നടത്തുവാൻ അദ്ദേഹത്തിനു സാധിച്ചുള്ളു.

## ഉദയംപേരൂർ സുന്നഹദോസ്

സുറിയാനിക്കാരെ തീരെ പിണക്കിവിടാതെ സാന്ത്വനവാക്കുകളും അടുത്തുള്ള പെരുമാററങ്ങളും വഴിയായി അവരെ സമാധാനപ്പെടുത്തി നിറുത്തണമെന്നു കരുതി ഗോവാ മെത്രാപ്പോലീത്താ അങ്കമാലിയിൽ ചെന്ന് ഗീവറുഗീസ് അർക്കദിയാക്കോനെ സന്ദർശിച്ചു. അർക്കദിയാക്കോനും സുറിയാനിക്കാരുടെ വൈദികരും അൽമായപ്രമുഖൻമാരും എല്ലാംകൂടി ഒരു സുന്നഹദോസ് കൂടണമെന്നും തെററിധാരണകൾ നീക്കി ഐക്യത വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടു. ഗീവറുഗീസ് അർക്കദിയാക്കോൻ അതു സമ്മതിച്ചു. അങ്ങിനെ ചരിത്രപ്രസിദ്ധമായ ഉദയംപേരൂർ സുന്നഹദോസ് 1599 ജൂൺ മാസം 20–ാം തീയതി കൂടി. സുന്നഹദോസ് 6 ദിവസംകൊണ്ടാണവസാനിച്ചത്.

അതിനുമുമ്പായി മെനേസീസ്മെത്രാപ്പോലീത്താ ഒരു ഇടവക സന്ദർശനം നടത്തി. അന്നു സുറിയാനിക്കാർക്കു 105 പള്ളികളുണ്ടായിരുന്നു. കൊച്ചി, മട്ടാഞ്ചേരി മുതലായ പള്ളിക്കാരും ഈ സുന്നഹദോസിൽ സംബന്ധിച്ചു. സുന്നഹദോസിനു വന്ന എല്ലാ വൈദികരും വി. കുർബാനയർപ്പിച്ചു. അൽമയക്കാരെല്ലാം കുമ്പസാരിച്ച് വി. കുർബാന കൈക്കൊള്ളുകയും ചെയ്തു. സത്യവിശ്വാസത്തെപ്പററിയും ശീശ്മയുടെ ദോഷത്തെപ്പററിയും മെനേസ്സീസ്മെത്രാപ്പോലീത്ത സുദീർഘമായ ഒരു പ്രസംഗം നടത്തി. കത്തോലിക്കാ സഭയുടെ സത്യവിശ്വാസംസമ്മതിച്ചു ഏററുപറഞ്ഞ്

www.malankaralibrary.com



എല്ലാവരും സത്യപ്രതിജ്ഞ നടത്തി. ഏകദേശം 153 വൈദികരും 168 സ്ഥലങ്ങളിൽ നിന്നായി 671 അല്മായ പ്രമുഖൻമാരും ഈ സുന്നഹദോസിൽ സംബന്ധിച്ചിരുന്നു. എല്ലാവരും കൂടി നെസ്തോറിയൻ അബധോപദേശത്തെ ശപിച്ചു തള്ളിപ്പറഞ്ഞു. ആകെ 267 കാനോനാകൾ ഈ യോഗത്തിൽ പാസ്സാക്കി.

മെനേസ്സിസ് മെത്രാപ്പോലീത്തായുടെ ആജ്ഞ പ്രകാരം പരിശോധനയ്ക്കായി പള്ളികളിൽനിന്നും മററുംകൊണ്ടുവന്നിരുന്നസുറിയാനിപുസ്തകങ്ങളിൽ കാണുന്നതു നെസ്തോർ നടപടിയാണെന്നു പറഞ്ഞു പല തിരുത്തലുകൾ വരുത്തി. സുറിയാനി റീത്തിലെ കർമ്മാദികൾ എങ്ങനെയൊക്കെയാണ് നടത്തേണ്ടതെന്നു കാണിക്കുന്ന കുറിപ്പുകളിൽ ലത്തീൻ രീതിയോടു ചേരാത്തതെല്ലാമാണ് വെട്ടിത്തിരുത്തിയത്. വളരെ പുസ്തകങ്ങൾ പരസ്യമായി ചുട്ടുകളഞ്ഞു. ഈ പുസ്തകങ്ങൾ സംഭരിച്ചു വത്തിക്കാൻ ലൈബ്രറിയിലോ മറേറാ സൂക്ഷിക്കാനയച്ചിരുന്നുയെങ്കിൽ അതു സത്യാവസ്ഥ അറിയുന്നതിന് ഉപകാരപ്രദമാകുമായിരുന്നു. സുറിയാനിക്കാരുടെ ചരിത്രത്തിലെ പല മർമ്മങ്ങളും നമുക്കതിൽനിന്നും ലഭിക്കുമായിരുന്നു. ഉദയംപേരൂർ സൂന്നഹദോസിൻെറ വിവരങ്ങളെല്ലാം ഗോവെയാ എന്നൊരു പോർട്ടുഗീസുകാരൻ എഴുതിയ ജോർദാനാ എന്ന പുസുതകത്തിൽ വിവരിച്ചിട്ടുണ്ട്.

## മെനേസിസിൻെറ പള്ളിസന്ദർശനം

ഈ സുനഹദോസ് കഴിഞ്ഞ ഉടനെ മെനേസീസ് മെത്രാപ്പോലീത്താഅർക്കദിയാക്കോനെ കൂടാതെ ഓരോ പള്ളിക്കും വികാരിമാരെ നിയമിച്ചു കല്പന കൊടുത്തു. അനന്തരം വലിയ ഒരു പള്ളി സന്ദർശനം കൂടി നടത്തി. കോട്ടയം, കുടമാളൂർ, കടമ്പനാട് എന്നീ ഇടവകകളിൽ ചില വൈദികരെ നടപടിപിശകിനു മുടക്കി കല്പനയെഴുതി. അങ്കമാലി, ചെങ്ങന്നൂർ, ചേപ്പാട്, കായംകുളം, തേവലക്കര മുതലായ പള്ളികളിൽനിന്നും അനവധി സുറിയാനി പുസ്തകങ്ങൾ

www.malankaralibrary.com



എടുപ്പിച്ചു ചുട്ടുകളഞ്ഞു. അങ്ങനെഅദ്ദേഹം കൊല്ലം വരെ പോയശേഷം ഗോവായിലേക്കു മടങ്ങിപ്പോകയും ചെയ്തു.

## ഫ്രാൻസിസ് റോസ് മെത്രാൻ

ഏബ്രഹാം മെത്രാൻെറ നിര്യാണവും മററും കാണിച്ചു ഗോവാ മെത്രാപ്പോലീത്താ റോമിലേക്കു എഴുതി. കത്തോലിക്കാവിശ്വാസം നല്ലതുപോലെ പഠിപ്പിച്ചിട്ടുള്ള ഒരാളെ വേണം ഇനിയും സുറിയാനിക്കാരുടെ മെത്രാനായി നിയമിക്കേണ്ടതെന്നും അദ്ദേഹം നല്ലതുപോലെ സുറിയാനിഭാഷ പഠിച്ചിട്ടുള്ള ആളായിരിക്കണമെന്നും ഈ ഗുണങ്ങളെല്ലാം തികഞ്ഞ ഫ്റാൻസിസ് റോസ് എന്ന ഒരു വൈദികൻ ഈശോ സഭക്കാരുടെ കൂട്ടത്തിൽ ഉണ്ടെന്നും അദ്ദേഹംഇപ്പോൾ കൊച്ചിയിൽ വൈപ്പിക്കോട്ട സിമ്മനാരിയിൽ റെക്ടറായിരിക്കുകയാണെന്നും അദ്ദേഹമായിരുന്നാൽ കൊള്ളാമെന്നും മററും ആ കത്തിൽ കാണിച്ചിരുന്നു. അതനുസരിച്ച് റോമ്മിൽനിന്നനുവാദ കല്പന വരികയാൽ ഗോവായിൽ വച്ച് ഫ്റാൻസിസ് റോസിനെ 1601-ൽ സുറിയാനിക്കാരുടെ മെത്രാനായി വാഴിക്കുകയുംചെയ്തു. റോസാണു മലങ്കര സുറിയാനിക്കാരുടെ ഒന്നാമത്തെ ലത്തീൻ മെത്രാൻ.

ഉടനെ സുറിയാനിക്കാർ ആ നിയമത്തെ പ്രതിഷേധിച്ചുകൊണ്ട് റോമിലേക്കെഴുതി. അന്യ റീത്തിൽ പെട്ട ആളുകളെ തങ്ങളുടെ മെത്രാനാക്കിയാൽ തങ്ങളോടുസൗഹാർദ്ദമായിപ്രവർത്തിക്കുകയില്ലെന്നുംസുറിയാനി ഭാഷ അറിഞ്ഞതുകൊണ്ട് മാത്രം മതിയാകുകയില്ലെന്നും തങ്ങൾക്കു തങ്ങളുടെ കൂട്ടത്തിൽനിന്നുള്ള ഒരാളെ മെത്രാനായി വാഴിച്ചുതരികയാണ് വേണ്ടതെന്നും ആ കത്തിൽ വിശദമാക്കിയിരുന്നു. അക്കാലത്തു സുറിയാനി വൈദികർക്കുള്ള ചെലവുകളെല്ലാം വഹിച്ചുകൊണ്ടിരുന്നതു പോർട്ടുഗീസ് ഗവൺമെൻറായിരുന്നതിനാൽ അവരുടെഅഭിപ്രായമെന്താണെന്നറിയാൻ

www.malankaralibrary.com



റോമിൽനിന്നും പോർട്ടുഗലിലേക്കെഴുതി. അവർ അതിനുവേണ്ടവിധം അനുകൂലിക്കാഞ്ഞതിനാൽ തക്കതായ മറുപടി ഒന്നും ഉണ്ടായില്ല.

അന്നു ഗീവറുഗീസ് അർക്കദിയാക്കോൻ അങ്കമാലിയിൽ താമസമാക്കിയിരുന്നു. സുറിയാനിക്കാർ ഈ പുതിയ മെത്രാനോടു സഹകരിച്ചില്ല. അതിനാൽ റോസ് മെത്രാൻ നാലുവർഷം കഴിഞ്ഞാണു ഗോവായിൽനിന്നു വന്നത്. അദ്ദേഹം അങ്കമാലിയിലേക്കു പോകാതെ പകരം കൊടുങ്ങല്ലൂർ പോയി താമസിച്ചു. 1605—ൽ അഞ്ചാം പൗലോസ് മാർപാപ്പാ പോർട്ടുഗീസുകാരുടെ അഭിപ്രായമനുസരിച്ച് കൊടുങ്ങല്ലൂരിനെ ഒരു അതിരൂപതയാക്കുകയും ഫ്രാൻസിസ് റോസിനെ ഒരു മെത്രാപ്പോലീത്തായാക്കുകയും ചെയ്തു.

## ലത്തീൻ പള്ളിക്രമങ്ങൾ സുറിയാനിയിലേക്ക്

റോസ് മെത്രാന് സുറിയാനി നന്നായിട്ടറിയാമായിരുന്നു. ലത്തീൻ ആരാധനക്രമങ്ങളെല്ലാം സുറിയാനിക്കാരുടെ ഉപയോഗത്തിലേക്കായി സുറിയാനിയിലേക്കു വിവർത്തനം ചെയ്തു. ഈ വിവർത്തനഗ്രന്ഥങ്ങളാണ് അടുത്തകാലംവരെയും കേരളത്തിലെ കൽദായ സുറിയാനിക്കാർ ഉപയോഗിച്ചുവന്നിരുന്നത്. റോസ് മെത്രാൻ 1624 ഫെബ്രുവരി 18—ാം തീയതി പറവൂർ പള്ളിയിൽവച്ച് കാലം ചെയ്തു. അവിടെ അടക്കപ്പെട്ടു. ടിപ്പു സുൽത്താൻെറ പട്ടാളക്കാർ ആ പള്ളി ആക്രമിച്ചകാലത്തു ആ കബർ കുത്തിപ്പൊളിച്ചുകളഞ്ഞു. അതിനാൽ അതിൻെറ സ്ഥാനം നിർണ്ണയിപ്പാൻ നിവൃത്തിയില്ലാതെയായി. എങ്കിലും 1888—ൽ നടത്തിയ ഒരു അന്വേഷണത്തിൻെറ ഫലമായി അദ്ദേഹത്തിൻെറ കബറിടത്തിൽ വച്ചിരുന്ന ഒരു ശിലാലിഖിതം കണ്ടെടുക്കുകയും അതു ആ പള്ളിയുടെ അകത്തെ ഭിത്തിയിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

www.malankaralibrary.com


## റോസ് മെത്രാൻെറ പിൻഗാമികൾ

റോസ് മെത്രാൻെറ കാലശേഷം അദ്ദേഹത്തിൻെറ പിൻഗാമിയായി 1624 സെപ്റ്റംബർ 29—ാം തീയതി റോമിൽ നിന്നും സ്റ്റീഫൻ ബ്രിട്ടോ എന്ന മെത്രാനെ നിയമിച്ചു. അദ്ദേഹം വന്ന് 1625—ൽ ഭരണം ആരംഭിക്കുകയും 1641—ൽ കബറടങ്ങുകയും ചെയ്തു. പിന്നീട് ഗോവായിൽവച്ചു 1637--ൽ മെത്രാനായി വാഴിച്ചിട്ട് ജോലിയിൽ പ്രവേശിക്കാതിരുന്ന ഫ്രാൻസിസ് ഗാർസിയായെ നിയമിച്ചു. അദ്ദേഹം വന്നപ്പോഴും സുറിയാനിക്കാർ പ്രതിഷേധം പുറപ്പെടുവിച്ചു. തങ്ങളുടെ കൂട്ടത്തിൽനിന്നൊരു സുറിയാനിക്കാരനെത്തന്നെ തങ്ങൾക്കു മെത്രാനായി വാഴിച്ചുകിട്ടണമെന്നു കാണിച്ച് അപേക്ഷ അയച്ചു. മേധാവികൾ അതു കേട്ടില്ല. ഫ്രാൻസിസ് ഗാർസിയാ മെത്രാൻ വന്നപ്പോൾ അദ്ദേഹത്തെ സ്വീകരിക്കുവാനധികമാരും പോയില്ല.

## തോമസ് അർക്കദിയാക്കോൻ

ഗീവർഗീസ് അർക്കദിയാക്കോൻ തൻെറ പിൻഗാമിയായി സ്വന്തം അനന്തിരവനായ പറമ്പിൽ തോമാകത്തനാരെ അർക്കദിയാക്കോൻസ്ഥാനത്തു നിയമിച്ചശേഷം 1637-ൽ അങ്കമാലിപ്പള്ളിയിൽ കബറടങ്ങി. തോമസ് അർക്കദിയാക്കോൻ 1653-ലെ കൂനൻകുരിശുസത്യത്തിൻെറ കാലത്തും അതിനുശേഷം 1670 വരെയും ഭരണം നടത്തി. ഗാർസിയ മെത്രാപ്പോലീത്താ 1641 മുതൽ 1653 വരെ ഭരിച്ചു. കേരളസുറിയാനിക്കാർ തങ്ങളുടെ അഭിലാഷങ്ങളെല്ലാം കാണിച്ചുകൊണ്ട് ലിസ്ബനിലെ പേപ്പൽ നുൺഷിയോയുടെ പേർക്ക് എഴുതി അയച്ചു. അദ്ദേഹവും മൗനം ദീക്ഷിച്ചതല്ലാതെ മറുപടി ഒന്നും കൊടുത്തില്ല.

## അഹത്തല്ലാബാവായുടെ വരവ്

മലബാറിൽ സുറിയാനിക്കാരായ മെത്രാൻമാരില്ലാതായ വിവരം പേർഷ്യായിലെ പാത്രിയർക്കീസിൻെറ പേർക്ക് എ. ഡി. 1650—ൽ ഒന്നുകൂടെ എഴുതി അയ

www.malankaralibrary.com



ച്ചു. തൽഫലമായി 1662—ൽ അഹത്തള്ളാ എന്നൊരു മെത്രാനെ പേർഷ്യയിൽനിന്നും കേരളത്തിലേക്കയച്ചു. അഹത്തള്ളാ എന്നത് അറബിപ്പേരാണ്. ദേവദത്തൻ എന്നാണതിന്റെ ശരിയായ അർത്ഥം. കൽദായസുറിയാനിയിൽ അതിന് യാബാലാഹാ എന്നും ഗ്രീക്കിൽ തേയോദോറസ് എന്നുമാണ് പറഞ്ഞുവരുന്നത്. അഹത്തള്ളാ മെത്രാൻ സൂററിൽ വന്നിറങ്ങി. മുമ്പു വന്നിട്ടുള്ള മെത്രാൻമാർക്കുണ്ടായിട്ടുള്ള ഉപദ്രവങ്ങൾ തനിക്കുണ്ടാകരുതെന്നു കരുതി അദ്ദേഹം സൂററിൽ നിന്നും നേരെ കിഴക്കെ കടൽതീരത്തുള്ള മൈലാപ്പൂരിലേക്കു പോയി.

അന്ന് ചെങ്ങന്നൂർ ചെങ്കയിൽ ഇട്ടി ശെമ്മാശ്ശനും കുറവിലങ്ങാട്ടു കിഴക്കേടത്ത് കുര്യൻശെമ്മാശ്ശനും തീർത്ഥാടനാർത്ഥം മൈലാപ്പൂരിൽ ചെന്നിട്ടുണ്ടായിരുന്നു. ഒരു സന്യാസിവേഷധാരിയായിട്ടാണ് ഈ ബാവാ അവിടെ എത്തിയത്. ഈ ശെമ്മാശൻമാർക്കു സുറിയാനി ഭാഷ അറിയാമായിരുന്നതുകൊണ്ട് അഹത്തള്ളബാവയോടു ചോദിച്ചു കാര്യം ഗ്രഹിക്കുവാൻ ഒരു പ്രയാസവുമുണ്ടായിരുന്നില്ല. അദ്ദേഹംഎന്നു കൊച്ചിയിൽ എത്തുമെന്നും മററുമുള്ള വിവരങ്ങളെല്ലാം ചോദിച്ചറിഞ്ഞുകൊണ്ട് അവർ വേഗം കേരളത്തിലെത്തി.

മുമ്പു വന്നിട്ടുള്ള മെത്രാൻമാരോടുചെയ്തിട്ടുള്ള കയ്യേററങ്ങളൊന്നും പോർട്ടുഗീസുകാരിദ്ദേഹത്തോടു ചെയ്യാതിരിപ്പാൻ വേണ്ട കരുതലുകൾ ചെയ്തിരിക്കണമെന്നവർ നിശ്ചയിച്ചു. അതിലേക്കുവേണ്ട ആലോചനകൾ നടത്തുവാനായി ഉദയംപേരൂർവച്ച് സുറിയാനിക്കാരുടെ ഒരു പൊതുയോഗം കൂടി. മെനേസിസ് മെത്രാപ്പോലീത്തായേയും ക്ഷണിച്ചിരുന്നു. എങ്കിലും അദ്ദേഹം വന്നില്ല. യോഗം കൂടി നിശ്ചിതസമയത്ത് എല്ലാവരും കൊച്ചിയിലെത്തിയിരിക്കണമെന്നും അഹത്തള്ളാബാവായെ വേണ്ടവിധം ആഡംബരത്തോടുകൂടി എതിരേററുകൊണ്ടുപോകണമെന്നും അ

www.malankaralibrary.com



തിലേക്ക് പട്ടാളമാർച്ചിംഗ് പഠിച്ചിട്ടുള്ള ചെറുപ്പക്കാരെല്ലാം കൊച്ചിയിലെത്തിയിരിക്കണമെന്നും മററും തീർച്ചപ്പെടുത്തി പിരിഞ്ഞു.

## അഹത്തള്ളാ പോർട്ടുഗലിൽ

നിശ്ചിത ദിവസം തന്നെ അഹത്തള്ളാബാവായെയും വഹിച്ചുകൊണ്ട് ഒരു പോർട്ടുഗീസ് കപ്പൽ കൊച്ചി തുറമുഖത്തെത്തി. കപ്പലിൽ മെത്രാൻമാരുണ്ടെങ്കിൽ അതറിയിക്കുന്നതിന് ഒരു പ്രത്യേക കൊടി ഉയർത്തുക പോർട്ടുഗീസുകാരുടെ പതിവായിരുന്നു. അതനുസരിച്ചുള്ള കൊടി കണ്ടപ്പോൾ കരയ്ക്കു നിന്നവരെല്ലാം സന്തോഷാരവങ്ങൾ പുറപ്പെടുവിച്ചു. എതിരേല്പിന് വേണ്ടതെല്ലാം തയ്യാറാക്കികൊണ്ട് എല്ലാവരും ഒരുങ്ങിനിന്നു. പക്ഷെ നിർഭാഗ്യമെന്നല്ലാതെ എന്തു പറയട്ടെ! വൈപ്പികോട്ടയിലുള്ള പോർട്ടുഗീസുകാർ അദ്ദേഹത്തെകരയ്ക്കിറക്കുവാൻപോലും സമ്മതിച്ചില്ല. അദ്ദേഹത്തെ കരയ്ക്കിറക്കിയാൽ കേരള സുറിയാനിക്കാരെ തങ്ങളുടെ കീഴിലാക്കാമെന്നുള്ള പോർട്ടുഗീസുകാരുടെ ആഗ്രഹം അസാദ്ധ്യമായിത്തീരുമെന്നുംസുറിയാനിക്കാർ അഹത്തള്ളാബാവായെസ്വീകരിച്ചുകൊണ്ട് പോർട്ടുഗീസ്മേധാവിത്വം തട്ടിയെറിഞ്ഞുകളയുമെന്നും അവർ ശങ്കിച്ചിരുന്നു. അതിനാൽ അഹത്തള്ളാമെത്രാൻ നെസ്തോറിയനാണോ,അദ്ദേഹത്തിനു ശരിയായിട്ടുള്ള പട്ടം കിട്ടീട്ടുണ്ടോ എന്നിങ്ങനെയുള്ള കാര്യങ്ങളിൽ മതവിചാരണക്കോടതിയുടെ അഭിപ്രായമറിയാതെ അദ്ദേഹത്തെകരയ്ക്കിറക്കുന്നത് അനുചിതമായിരിക്കുമെന്നുപറഞ്ഞുകൊണ്ട് രായ്ക്കുരാമാനം കപ്പൽ ഗോവായിലേക്കും അവിടെനിന്നുംപോർട്ടുഗലിലേക്കും പോയി. അനന്തരം അഹത്തള്ളാബാവായെ റോമിലേക്കയക്കുകയും വഴിമദ്ധ്യേ പാരീസിൽ വച്ചു അദ്ദേഹം നിര്യാതനാകുകയും ചെയ്തു.

www.malankaralibrary.com

# അദ്ധ്യായം 6

## കൂനൻകുരിശുസത്യം

അഹത്തള്ളാബാവായെ എതിരേൽപ്പാൻ 25000 ചെറുപ്പക്കാർ അവിടെ വന്നുകൂടിയിരുന്നു. ബാവായെ കരയ്ക്കിറക്കുന്ന മട്ടില്ലെന്നറിഞ്ഞ സുറിയാനിക്കാർ ആ രാത്രി എങ്ങനെ കഴിച്ചുകൂട്ടി എന്ന് വായനക്കാർ ഊഹിച്ചുകൊള്ളുകയാണ് നല്ലത്. നേരം വെളുത്തപ്പോഴേക്കും, അഹത്തള്ളാബാവായുടെ കഴുത്തിൽ കയറും കല്ലുംകെട്ടി മട്ടാഞ്ചേരി അഴിമുഖത്ത് വെള്ളത്തിൽ താഴ്ത്തി കൊന്നുകളഞ്ഞു എന്ന് ഒരു വാർത്ത കർണ്ണാകർണ്ണികയാ നാടെല്ലാം പരന്നു. ദുഃഖവും നൈരാശ്യവുംകൊണ്ട് എല്ലാവരും അന്ധരായിത്തീർന്നിരുന്നു. എന്താണിനി ചെയ്യേണ്ടതെന്ന് ആർക്കും ഒരു തുമ്പും കിട്ടിയില്ല.

എന്തിനു പറയുന്നു! സുറിയാനിക്കാർ മട്ടാംചേരിയിലുള്ള കൂനൻകുരിശിൽ ഒരു ആലാത്തു കെട്ടിയിട്ട് അതിൽ എല്ലാവരുംകൂടി പിടിച്ചുകൊണ്ട് ഇനിയും സന്തതിയുള്ളോരുകാലവും ഞങ്ങൾ ഫ്രാൻസീസ്ക്കൊ ഗാർസിയാമെത്രാപ്പോലീത്തായെയാകട്ടെ ഗോവയിലെ സെൻറ്പോൾസ് സിമ്മനാരിയിൽ നിന്നും പഠിച്ചിറങ്ങുന്ന പൗലിസ്ത്യരെയാകട്ടെ സ്വീകരിക്കുന്നതല്ലെന്നു സത്യം ചെയ്തു പിരിഞ്ഞു. 1653–ജനുവരി മാസം മൂന്നാം തീയതി വെള്ളിയാഴ്ച പകൽ മൂന്നു മണിക്ക് നടത്തിയ ഈ സത്യമാണ് പ്രസിദ്ധമായ കൂനൻകുരിശുസത്യം.

## അനന്തര നടപടി

ഇങ്ങനെ സത്യം ചെയ്തശേഷം എല്ലാവരും ഇടപ്പള്ളിപ്പള്ളിയിൽ ഒരു യോഗമായി കൂടി. മേലാൽ എന്തെല്ലാമാണ് ചെയ്യേണ്ടതെന്ന് ആലോചിച്ചു. ഈശോ സഭക്കാരായ മെത്രാൻമാരെ തങ്ങൾക്കുവേണ്ടെന്നും തങ്ങൾ

www.malankaralibrary.com



ക്ക് സ്വജാതിയിൽപ്പെട്ട ഒരാളെത്തന്നെ മെത്രാനായി വാഴിച്ചുകിട്ടണമെന്നും അല്ലെങ്കിൽ വല്ല കർമ്മലീത്താക്കാരോ മററ് ഏതെങ്കിലും സന്യാസസമൂഹത്തിൽപ്പെട്ടവരോ ആയമെത്രാൻമാരായാലും വേണ്ടതില്ലെന്നുംമററും നിശ്ചയങ്ങരം പാസാക്കി, അതു റോമിലേക്കയക്കണമെന്നും 1653 മെയ് മാസം 22-ാം തീയതി ആലങ്ങാട്ടു പള്ളിയിൽവെച്ച് വീണ്ടും ഒരു യോഗം കൂടണമെന്നും ബാക്കി കാര്യങ്ങളെല്ലാം അവിടെവച്ചു തീർുമാനിച്ചു കൊള്ളാമെന്നും നിശ്ചയിച്ചു പിരിഞ്ഞു.

## 12 വൈദികർകൂടിനടത്തിയ മെത്രാൻവാഴ്ച

അധികനാരം കഴിയേണ്ടിവന്നില്ല. 12 വൈദികർ ചേർന്ന് ഒരു മെത്രാനെ വാഴിച്ചുകൊള്ളുവാൻ അഹത്തള്ളാബാവാ മാർപ്പാപ്പായോടു വാങ്ങിയിരുന്ന ഒരു കല്പന അദ്ദേഹംതൻെറ പക്കൽ തന്ന് അയച്ചിട്ടുണ്ടെന്നു പറഞ്ഞ് സുറിയാനിയിലുള്ള ഒരു കല്പനയും കൊണ്ട് സിറിയാക്കാരനായ എത്തപ്പാനോസ് എന്നു പേരുള്ളവെളുത്തുകൊഴുത്തഒരുചെറുപ്പക്കാരൻപ്രത്യക്ഷപ്പെട്ടു. കല്ലിശ്ശേരിപ്പള്ളി വികാരിയായിരുന്ന ഇട്ടിത്തൊമ്മൻ കത്തനാർതോമസ് അർക്കദിയാക്കോൻെറ ആജ്ഞാനുസരണം ഈ എത്തപ്പാനോസിനേയും കൂട്ടിക്കൊണ്ട് എല്ലാപള്ളികളിലുംപോയി കല്പന വായിപ്പിച്ചു. വായനക്കാരൻ സർപ്ലേസും ഊറാറായും ധരിച്ചു പ്രസംഗപീഠത്തിൽ പുതിയ നിയമം തുറന്ന് പത്രോസ് പൗലോസ് ശ്ലീഹൻമാരുടെ ലേഖനങ്ങളുടെ ഇടയിൽവച്ചായിരുന്നു അത് പൊതുജനങ്ങളെ വായിച്ചുകേരംപ്പിച്ചത്. അതോടുചേർന്ന് കൂട്ടവെടികളും വാദ്യമേളങ്ങളും കൂടി നടത്തപ്പെട്ടിരുന്നു.

അങ്ങനെ പള്ളികളെല്ലാം അതു വായിച്ചശേഷം ആ കല്പനയിലെ സാരമനുസരിച്ച്ആലങ്ങാട്ടുപള്ളിയിൽവച്ച് പകലോമററം തറവാട്ടിൽപെട്ട പറമ്പിൽ തോമസ്അർക്കദിയാക്കോനെ പന്ത്രണ്ടുവൈദികർ കൂടി ഒരു മെത്രാൻെറ വേഷങ്ങളെല്ലാം അണിയിക്കുകയും

www.malankaralibrary.com



ചെയ്തു. ഇതാണ് 1653–മെയ്മാസം 22-ാം തീയതി 12 വൈദികർ കൂടി നടത്തിയ മെത്രാൻവാഴ്ച. ഈ മെത്രാൻ വാഴ്ച ഒരു തെററായിപ്പോയി. അന്ന് അതിൻെറ ഗൗരവം അവർ ചിന്തിച്ചില്ല. അന്നുമുതൽ ഇദ്ദേഹത്തെ മാർതോമ്മാ എന്നു വിളിച്ചുതുടങ്ങി.

## രഹസ്യം പരസ്യമാകുന്നത്

ഈ മെത്രാൻവാഴ്ച കഴിഞ്ഞശേഷം ഓരോ പള്ളിക്കാരും വേണ്ട സന്നാഹങ്ങളോടുകൂടെ മാർതോമ്മായെ എതിരേററുകൊണ്ടുപോയിത്തുടങ്ങി. പ്രമാണികളുടെ കുടുംബങ്ങളിലെ മാമ്മോദീസാ, വിവാഹം, ശവസംസ്ക്കാരം മുതലായകർമ്മാദികൾക്കെല്ലാം അദ്ദേഹത്തെ എഴുന്നെള്ളിച്ചുകൊണ്ടുപോകുമായിരുന്നു. അങ്ങനെ കാര്യങ്ങളെല്ലാംമുറപോലെനടന്നുകൊണ്ടിരിക്കുമ്പോൾ കടുത്തുരുത്തി വലിയപള്ളിയിൽവച്ചു ചില സമുദായ പ്രമാണികളും ഇട്ടിത്തൊമ്മൻ കത്തനാരുംകൂടി നടത്തിയ ഒരുനർമ്മ സംഭാഷണത്തിൽ വച്ച് എത്തപ്പാനോസ് കൊണ്ടുവന്ന കൽപനയുടെകാര്യം അദ്ദേഹം ആ നർമ്മ സുഹൃത്തുക്കളോടു പറയുകയുണ്ടായി. അതെങ്ങുംനിന്നും കൊണ്ടുവന്നതല്ല. താൻതന്നെ രഹസ്യമായി നിർമ്മിച്ചതായിരുന്നു എന്നും അതുംകൊണ്ടുനടന്ന എത്തപ്പാനോസ് കുരുമുളകു വാങ്ങാൻ വന്ന ഒരു അർമേനിയാക്കാരൻ വ്യാപാരിയായിരുന്നു എന്നും അയാളെ കൊച്ചി കടൽപ്പുറത്ത് വച്ച് കണ്ട് വിളിച്ചുകൊണ്ടുപോന്നതാണെന്നുമെല്ലാം വളരെ ഗോപ്യമായി അങ്ങു പറഞ്ഞു. അദ്ദേഹമല്ല, അദ്ദേഹത്തിൻെറ അനന്തിരവനായ ഒരു ശെമ്മാശനാണു ഇതു പറഞ്ഞതെന്നാണ് വേറെ ചില ചരിത്രകാരൻമാർ പറയുന്നത്. കേട്ടുനിന്ന പരമാർത്ഥികളായ സുറിയാനിക്കാരെല്ലാം വിഷണ്ണരായി ആത്മരക്ഷയ്ക്കു ഉടവുതട്ടുമോ എന്നോർത്ത് പലരും അമ്പരന്നു. അവർ ഓരോരുത്തരായും ചില പള്ളിക്കാർ കൂട്ടമായും പിൻവലിയുവാൻ തുടങ്ങി.

www.malankaralibrary.com



## ജോസഫ് സെബസ്ത്യാനി മെത്രാൻ

കേരളസുറിയാനിസഭക്കാർ റോമിലേക്കയെച്ചനിവേദനം അവിടെക്കിട്ടി. അതനുസരിച്ച് സൂഷ്മസ്ഥിതി അറിഞ്ഞു റിപ്പോർട്ടു ചെയ്യുവാനായി റോമിൽ നിന്നും കുറെ കർമ്മലീത്താവൈദികരെ കേരളത്തിലേക്കയെച്ചു. 1657 ഫെബ്രുവരി 22–ാം തീയതി അവർ കേരളത്തിലെത്തി. അന്നു പകലോമററംതറവാട്ടിൽപ്പെട്ട തോമസ് അർക്കദിയാക്കോൻെറ അനന്തിരവൻ പള്ളിവീട്ടിൽ ചാണ്ടിക്കത്തനാർ എന്നൊരാളുണ്ടായിരുന്നു. തോമസ് അർക്കദിയാക്കോൻെറ നടപടികൾ ഒന്നും അദ്ദേഹത്തിനു ഇഷ്ടപ്പെട്ടിരുന്നില്ല. അതിനാലദ്ദേഹം അതിൽനിന്നെല്ലാം പിൻമാറി ഈ കർമ്മലീത്താവൈദികരോടു ചേർന്ന് അവർക്കു വേണ്ട സഹായങ്ങൾ എല്ലാം നൽകിക്കൊണ്ടിരുന്നു.

അവരുടെ യോജിച്ചുള്ള പരിശ്രമത്താൽ സുറിയാനിക്കാരുടെ ഒരു പൊതുയോഗം 1658–ൽ ഇടപ്പള്ളിപ്പള്ളിയിൽകൂടി. ആ യോഗത്തിൽ വച്ച് തങ്ങളുടെ കൂട്ടത്തിൽ നിന്ന് ഒരാളെ മെത്രാനായി വാഴിക്കുന്നതിന് പ്രയാസമുണ്ടെങ്കിൽ ഒരു കർമ്മലീത്താമെത്രാനായാലും മതിയെന്നും മററും കാണിച്ച് നിശ്ചയങ്ങൾ പാസാക്കി. ആ കർമ്മലീത്താവൈദികർ വഴി റോമിലേക്കയെച്ചു. തദനുസരണം ജോസഫ്സെബസ്ത്യാനി എന്ന ഒരു ഇററാലിയൻ കർമ്മലീത്താമെത്രാനെ കേരളത്തിലേക്കയെച്ചു. അപ്പോഴേക്ക് ഗാർസിയാമെത്രാപ്പോലീത്താ മരിച്ചുപോയിരുന്നു. ജോസഫ് സെബസ്ത്യാനി മെത്രാൻ 1660–മെയ് മാസം 14–ാം തീയതി അങ്കമാലിയിൽ എത്തി താമസിച്ചുകൊണ്ട് സുറിയാനിക്കാരെ ഭരിച്ചുപോന്നു.

## ഒന്നാമത്തെ സ്വദേശിമെത്രാൻ

കുറെനാൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തിൻെറ ഭരണവുംജനങ്ങൾക്കിഷ്ടമില്ലാതായി. വിദേശ്യരാരായാലും നാട്ടുകാരോടു അവിഹിതമായേ പെരുമാറുകയുള്ളു

www.malankaralibrary.com


എന്ന് തോന്നിത്തുടങ്ങി. വിദേശ്യർക്ക് നിയമങ്ങൾ വേണ്ടവിധമറിയാമെന്നും നാട്ടുകാർക്ക് അതറിഞ്ഞുകൂടെന്നും വിദേശ്യർനാട്ടുകാരേക്കാൾ ശ്രേഷ്ഠരാണെന്നും നാട്ടുകാർ അപരിഷ്കൃതരാണെന്നും മററുമുള്ള മനോഭാവം ഈ വിദേശ്യരിലും കണ്ടുതുടങ്ങി. അതിനാൽ തങ്ങളുടെ കൂട്ടത്തിൽ നിന്നുതന്നെ ഒരു മെത്രാനുണ്ടാകണമെന്നുള്ള ആഗ്രഹം സുറിയാനിക്കാർ പിന്നെയും പലതരത്തിൽ പ്രകടിപ്പിച്ചുതുടങ്ങി. അത് ന്യായമായ ഒരവകാശവാദമാണെന്ന് വിശാലഹൃദയനായ സെബസ്ത്യാനി മെത്രാനും തോന്നി. അതിനാൽ അദ്ദേഹം റോമിലേക്കു മടങ്ങിച്ചെന്ന് മാർപ്പാപ്പായെ കണ്ട് സകല വിവരങ്ങളും അദ്ദേഹത്തെ അറിയിച്ചു.

മാർപ്പാപ്പാ അതെല്ലാം ഗ്രഹിച്ചശേഷം കേരളസുറിയാനിക്കാരിൽ നിന്നും ഒന്നോ രണ്ടോ പേരെ മെത്രാൻമാരാക്കുന്നതിനുള്ള അധികാരകല്പനയും കൊടുത്തു മാർ ജോസഫ് സെബസ്ത്യാനി മെത്രാനെത്തന്നെ വീണ്ടും കേരളത്തിലേക്കയച്ചു. 1661-ൽ അദ്ദേഹം ഇവിടെ എത്തി. എല്ലാ പ്രകാരത്തിലും ഉത്തമനെന്നു തനിക്കു ബോദ്ധ്യപ്പെട്ടിരുന്ന പള്ളിവീട്ടിൽ ചാണ്ടിക്കത്തനാരെ കടുത്തുരുത്തിപള്ളിയിൽവച്ച് 1663 ജനുവരി 31-ാം തീയതി ഒരു മെത്രാനായി വാഴിച്ചു. മാർതോമ്മായെയും ഇട്ടിത്തൊമ്മൻ കത്തനാരെയും ഉടൻതന്നെ മുടക്കി. ഈ ചാണ്ടി മെത്രാനെ പോർട്ടുഗീസുകാർ അലക്സാണ്ടർ ഡികാമ്പോ എന്നാണ് വിളിച്ചുവന്നത്. ഇദ്ദേഹത്തിൻെറയും സെബസ്ത്യാനി മെത്രാപ്പോലിത്തായുടെയും ഏകോപിച്ചുള്ള പരിശ്രമഫലമായി മാർതോമ്മായോടു ചേർന്നുനിന്നവരിൽ 24 പള്ളിക്കാർ പിൻതിരിഞ്ഞു.

## ഒന്നാമത്തെ പുനരൈക്യശ്രമം

കേരളസുറിയാനിക്കാരുടെ കൂട്ടത്തിൽനിന്നുതന്നെ ഒരു മെത്രാനെ വാഴിച്ചുകിട്ടിയ സ്ഥിതിക്ക് ഇനിയും വൃഥാ വഴക്കുപറഞ്ഞു സുറിയാനിക്കാർ രണ്ടുകക്ഷി

www.malankaralibrary.com



യായി ഭിന്നിച്ചുനില്ക്കേണ്ടയാവശ്യമില്ലെന്നും പന്ത്രണ്ടു വൈദികരിൽനിന്നു മെത്രാൻ സ്ഥാനമേററത് തെററിപ്പോയി എന്നു മാർതോമ്മായെക്കൊണ്ടു സമ്മതിപ്പിച്ചു അദ്ദേഹത്തെയും കൂടി ഒരുമെത്രാനാക്കി വാഴിച്ചുകൊണ്ട് ഭിന്നതകളില്ലാതാക്കണമെന്നു പലരും അഭിപ്രായപ്പെട്ടു. അതനുസരിച്ചു പുനരൈക്യാലോചനയ്ക്കായി ഇടപ്പള്ളിയിൽ ഇരുകൂട്ടരുംകൂടി ഒരു യോഗം നടത്തി. പന്ത്രണ്ടു അച്ചൻമാരിൽനിന്നു തനിക്കു യാതൊരു പട്ടവുംലഭിച്ചിട്ടില്ലെന്നു മാർ തോമ്മായ്ക്കറിയാമായിരുന്നു. എങ്കിലും താനൊരു മെത്രാനാണെന്നും അതിനടുത്ത ചുമതലകൾ താൻനിർവഹിച്ചുവരികയാണെന്നും മററും ഗവൺമെൻറുദ്യോഗസ്ഥൻമാരെയും പൊതുജനങ്ങളെയും പറഞ്ഞു ധരിപ്പിച്ചതനുസരിച്ചു അവരെല്ലാവരും തന്നെ ഒരു മെത്രാനായി സ്വീകരിച്ചുവരികയാണെന്നും അതെല്ലാം വെറും പകടനം മാത്രമായിരുന്നു എന്നു വരുത്തിയാൽ ഒരു സാധാരണ വൈദികൻ എന്ന നിലയിൽപ്പോലും തന്നെ ആളുകൾ ബഹുമാനക്കുകയില്ലെന്നും എന്തെങ്കിലും വിധത്തിൽ പട്ടം നൽകി തന്നേക്കൂടി ഒരു മെത്രാനായി സ്വീകരിക്കുവാൻ സാധിക്കുമെങ്കിൽ മാത്രം പുനരൈക്യാലോചനനടത്തിയാൽ മതിയെന്നും ആയിരുന്നു മാർതോമ്മായുടെ അഭിപ്രായം

മനുഷ്യരുടെ അഭിമാനത്തെപ്പററി ചിന്തയില്ലാത്ത ചിലർ അതിനെ എതിർത്തു. കള്ളക്കത്തുണ്ടാക്കി മെത്രാൻ വേഷമണിയുവാൻ മുതിർന്ന ഒരാളെ മെത്രാനാക്കുന്നതു ശരിയല്ലെന്നും ഇത്ര ധിക്കാരമായ നടപടി കൈക്കൊണ്ട ആളുമായി യാതൊരു യോജിപ്പുംവേണ്ടെന്നും അവർ ശഠിച്ചു. ഇങ്ങനെ സമാധാനാലോചനയുടെ ഇരുവശവും ഒരുപോലെ ചൂടുപിടിക്കയാൽ ഭിന്നത തീർക്കാനുള്ള പരിശ്രമം പുകഞ്ഞുപോവുകയാണുണ്ടായത്.

www.malankaralibrary.com



എന്നാൽ തന്റെ മെത്രാൻ സ്ഥാനത്തിന്റെ ന്യൂനത പരിഹരിക്കുവാൻ വേറെ മാർഗ്ഗമാലോചിക്കുകയേ നിവൃത്തിയുള്ളു എന്നു മാർത്തോമ്മായും തീർച്ചപ്പെടുത്തി.

## ഡച്ചുകാരുടെ വരവ്

അങ്ങിനെയിരിക്കെ പ്രോട്ടസ്റ്റന്റുകാരായ ഡച്ചു കപ്പൽകച്ചവടക്കാർ ഇൻഡ്യയിലെത്തി. അവർ കത്തോലിക്കരായ പോർട്ടുഗീസുകാരുമായി നേരിട്ടു യുദ്ധം ചെയ്തു. 1656—ൽ കൊളമ്പും 1650-ൽ നാഗപട്ടണവും 1661—ൽ പോർട്ടുഗീസുകാരുടെ വകയായി കൊല്ലത്തുള്ള സ്ഥലവും 1662—ൽ കൊടുങ്ങല്ലൂരും 1668 ജനുവരി 7_ാം തീയതി കൊച്ചിയിലുള്ള വായ്പികോട്ടയും പിടിച്ചെടുത്തുകൊണ്ട് പോർട്ടുഗീസുകാരെ ഓടിച്ചു. അങ്ങനെ 1502 മുതൽ 1663 വരെയുള്ള പോർട്ടുഗീസുകാരുടെ 161 കൊല്ലത്തെ കേരള സുറിയാനിക്കാരുടെ മേലുള്ള ഭരണം അവസാനിച്ചു.

ഉടനെ ഡച്ചുകാർ. ജോസഫ് സെബസ്താനി മെത്രാനും വിദേശിയരായ കർമ്മലീത്താമിഷനറിമാരും പത്തു ദിവസത്തിനകം സ്ഥല വിട്ടു പൊയ്ക്കൊള്ളണമെന്ന് കർശനമായ ആജ്ഞ നല്കി. സെബസ്ത്യാനിമെത്രാൻ സുറിയാനിക്കാരുടെ ഭരണം സംബന്ധിച്ചു തനിക്കുണ്ടായിരുന്ന അധികാരം മുഴുവനും ചാണ്ടി മെത്രാനെ ഭാരമേല്പ്പിച്ചിട്ട്, സഭവിട്ടുപോയവരെ തിരിച്ചെടുക്കുന്നതിനുള്ള അധികാരവും അദ്ദേഹത്തിനു കൊടുത്തു. അനന്തരം ജോസഫ് സെബസ്ത്യാനി മെത്രാൻ ഡച്ചുകാരുടെ അടുക്കൽ ചെന്ന് താൻ സ്ഥലംവിട്ടുപോകാൻ തയ്യാറാണെന്നും തന്റെ കീഴിലുള്ള 84 പള്ളികളെയും ചാണ്ടിമെത്രാനെയും സംരക്ഷിക്കുന്ന ചുമതലഅവർ വഹിക്കണമെന്നും പറഞ്ഞുകൊണ്ട് 84 പള്ളികളുടെ ഒരു ലിസ്റ്റ് അവരെ ഏല്പ്പിച്ചു. ആ ചുമതല കഴിവതും ഭംഗിയായി നിർവഹി

www.malankaralibrary.com



ച്ചുകൊള്ളാമെന്ന് ഡച്ചുകാരേൽക്കുകയും ചെയ്തു. അങ്ങനെ വിദേശിരായ കർമ്മലീത്താവൈദികരെയും കൂട്ടിക്കൊണ്ട് ജോസഫ് സബസ്ത്യാനി മെത്രാൻ 1668 ഫെബ്രുവരി 14–ാം തീയതി റോമിലേക്കുമടങ്ങിപ്പോകയും ചെയ്തു.

## വരാപ്പുഴയിലെ കർമ്മലീത്താക്കാർ

നാട്ടുകാരായി ശേഷിച്ച കർമ്മലീത്താക്കാർ തത്തരശേരി എന്നു പറഞ്ഞുവന്നിരുന്ന വരാപ്പുഴയിൽകൊച്ചി മഹാരാജാവ് ദാനമായി കൊടുത്ത ഒരു സ്ഥലത്ത് താമസമാക്കി. അവർ 1673–ൽ അവിടെ ഒരു പള്ളി പണിയിച്ചു. റോമിൽ പോയശേഷം തിരിച്ചുവന്ന ഒരു മത്തായിയച്ചൻ ഡച്ചുകാരെ സമീപിച്ച് അവരുടെ പ്രീതി സമ്പാദിക്കുകയും പള്ളിവീട്ടിൽ ചാണ്ടിമെത്രാനെ പലവിധത്തിൽ സഹായിക്കുകയും ചെയ്തുകൊണ്ടിരുന്നു.

## അദ്ധ്യായം 7

## യാക്കോബായക്കാരുടെ ആഗമനം

ഈ വിഷമസന്ധിയിൽ മാർതോമ്മാ ഒന്നാമനും ഡച്ചുകാരോടു അടുത്തു. അവർ പോർട്ടുഗീസുകാരെ അടിച്ചോടിച്ചതിൽ അദ്ദേഹത്തിനു വലിയ സന്തോഷവുമുണ്ടായിരുന്നു. അദ്ദേഹംനാട്ടുകാരായ പലചെറുപ്പക്കാരെയും അവരുടെ പട്ടാളത്തിൽചേർത്തു. പോർട്ടുഗീസുകാരിൽനിന്നും തങ്ങൾക്കുണ്ടായിക്കൊണ്ടിരുന്ന ഉപദ്രവങ്ങളെല്ലാം അദ്ദേഹം ഡച്ചുകാരെ വിവരിച്ചു കേൾപ്പിച്ചശേഷം തനിക്കു മെത്രാൻപട്ടം തരുന്നതിനു സമ്മതമുള്ള ഏതെങ്കിലും ഒരു സുറിയാനി മെത്രാനെ കൊണ്ടുവന്നു തരണമെന്നും അതിൻെറ ചിലവുകളെ

www.malankaralibrary.com



ല്ലാം താൻ ചെയ്തുകൊള്ളാമെന്നും പറഞ്ഞു. ഡച്ചുകാർക്ക് ആ അഭ്യർത്ഥനയിൽ പ്രീതിതോന്നി. അവർ യറുശലേമിൽ ചെന്ന് അവിടുത്തെ യാക്കോബായ മെത്രാനായ മാർ ഗ്രിഗോറിയോസിനെയും കൂട്ടിക്കൊണ്ട് 1665—ൽ കേരളത്തിലെത്തി. ഇദ്ദേഹമാണ് പാശ്ചാത്യസുറിയാനിയും ആ ഭാഷയിലുള്ള യാക്കോബായ ഗ്രന്ഥങ്ങളും ഇവിടെ ആദ്യമായി കൊണ്ടുവന്നത്.

പരദേശത്ത് യാക്കോബായസഭ അഞ്ചാം നൂററാണ്ടിൻെറ മദ്ധ്യഘട്ടം കഴിഞ്ഞാണ് ഉൽഭവിച്ചത്. പൗരസ്ത്യ റോമ്മായുടെ തലസ്ഥാനമായ കോൺസ്ററാൻറിനോപ്പിളിലെ ഒരു സന്യാസാശ്രമത്തിൻെറ സുപ്പീരിയറായ എവുത്തിക്കുസ് (Ewticus) പഠിപ്പിച്ചു തുടങ്ങിയ ഏക സ്വഭാവവാദം തെററാണെന്നു 451—ൽ കൽക്കിദൂനിയായിൽ കൂടിയ നാലാം സാർവത്രികസുന്നഹദോസ് പ്രഖ്യാപിച്ചു. അതോടുകൂടെ എവുത്തിക്കൂസും അനുയായികളും തിരുസഭയിൽ നിന്നും ബഹിഷ്കൃതരായി. എവുത്തിക്കൂസിൻെറ അനുയായികൾ ഇരുപതിൽപ്പരം കൂട്ടമായി പിരിഞ്ഞു. അപ്പോൾ യാക്കോബു ബോർദാനാ എന്ന ഒരാൾ അവരിൽനിന്നും ആളുകളെ ചേർത്തു ഉണ്ടാക്കിയതാണ് യാക്കോബായ സഭ. യാക്കോബുബോർദാനാ എന്ന പേരിൽ നിന്നാണ് യാക്കോബായ എന്ന പേരുണ്ടായത്. 431—ൽ എപ്പേസൂസിൽ കൂടിയ സാർവ്വത്രികസുന്നഹദോസിൽ വച്ച് ക്രിസ്തുവിൽ ഒരാൾ മാത്രമേയുള്ളു എന്ന വിശ്വാസസത്യം പ്രഖ്യാപനം ചെയ്തു. ക്രിസ്തുവിൽ ഒരാൾ മാത്രമേയുള്ളു എങ്കിൽ ഒരു സ്വഭാവമേ ഉണ്ടായിരിക്കാൻ പാടുള്ളു എന്നായിരുന്നു എവുത്തിക്കൂസിൻെറ വാദം. ക്രിസ്തുവിൻെറ ദൈവീകസ്വഭാവത്തിൽ മാനുഷിക സ്വഭാവം ലയിച്ച് ഏക സ്വഭാവമായിത്തീർന്നു എന്നു അയാൾ പഠിപ്പിച്ചിരുന്നു.

www.malankaralibrary.com



## പുത്തൻകൂറും പഴയകൂറും

യാക്കോബായ രീതിയിലുള്ള കർമ്മാദികൾ ഇന്നാട്ടുകാർക്ക് വളരെ പുത്തനായി തോന്നി. ആ നടപടി സ്വീകരിച്ചവരെ പുത്തൻകൂററുകാരെന്നും പഴയ നടപടിയിൽ നിന്നവരെ പഴയകൂററുകാരെന്നും അന്നു മുതൽ വിളിച്ചുതുടങ്ങി. ഈ പേരുകൾ രണ്ടും ഇന്നും നടപ്പിലിരിക്കുന്നു. ശീമയിൽനിന്നുവന്ന ഈ മാർ ഗ്രീഗോറിയോസ് കേരളത്തിൽ വന്നു കണ്ടപ്പോൾ ശീമയിൽ അവർക്കുള്ളതിലും വലുതായ ഒരു നല്ല ജനതതി ഇവിടെ ഉണ്ടെന്നു മനസ്സിലായി. മാർതോമ്മായ്ക്കു മെത്രാൻ സ്ഥാനം കൊടുക്കാതെ താൻ തന്നെ മലങ്കര സുറിയാനിക്കാർക്ക് മെത്രാനായിരുന്ന ജനങ്ങൾക്കാവശ്യമുള്ള ആത്മീയ കാര്യങ്ങളെല്ലാം നടത്തികൊടുത്തുകൊണ്ടിരുന്നാൽ പോരായോ എന്നു വിചാരിച്ചു ഓരോന്നു പ്രവർത്തിച്ചുകൊണ്ടിരുന്നു. ഇദ്ദേഹം മാർതോമ്മായിക്കു മെത്രാൻ പട്ടംകൊടുത്തു എന്നു ചില ചരിത്രകാരൻമാർ പറയുന്നുണ്ടെങ്കിലും അതു ശരിയായിരിപ്പാൻ നിവർത്തിയില്ല. എന്തെന്നാൽ യാക്കോബായക്കാർ ഒരാൾക്കു മെത്രാൻസ്ഥാനം കൊടുക്കുമ്പോൾ അദ്ദേഹത്തിനു പുതിയ പേരുകൂടെ കൊടുക്കുക പതിവാണ്. അതു പഴക്കമേറിയ പാരമ്പര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതും അവർ ഒരിക്കലും ഒഴിച്ചുവയ്ക്കാത്തതുമായ ഒരു നടപടിയാണ്. മാർതോമ്മായ്ക്കു വേറെ പേരു കൊടുത്തതായി ഈ ചരിത്രകാരൻമാരാരും തന്നെ പറയുന്നില്ല. മാർതോമ്മാ വേറെ പേരു ഉപയോഗിച്ചിട്ടുമില്ല. ആ സ്ഥിതിക്കു മാർ ഗ്രീഗോറിയോസ് അദ്ദേഹത്തിനു മെത്രാൻ സ്ഥാനം കൊടുത്തില്ലെന്നുള്ളത് സുവിദിതമാണ്. മാർ ഗ്രിഗോറിയോസ് 1670 മേടം 14-ാം തീയതി വടക്കൻ പറവൂർ പള്ളിയിൽ കബറടങ്ങി.

www.malankaralibrary.com



## രണ്ടാം മാർത്തോമ്മാ

ഒന്നാം മാർത്തോമ്മാ തൻെറ സഹോദരിയുടെ പുത്രനായ ഒരു വൈദികനെ രണ്ടാം മാർത്തോമ്മായായി വാഴിച്ചുകൊണ്ട് 1670 മേടം 11-ാം തീയതി അങ്കമാലി പള്ളിയിൽ കബറടങ്ങി.

## കല്ലട മൂപ്പൻ

1676-ൽ സിറിയായിൽനിന്നും അൽവായക്കാരൻ അന്ത്രയോസ് എന്നൊരു വൈദികൻ കൊച്ചിയിൽ വന്നിറങ്ങി. പള്ളിവീട്ടിൽ ചാണ്ടിമെത്രാന് Alexander decompo) പകരം കൊച്ചിയിൽ താമസിച്ചിരുന്ന റഫായേൽ എന്നൊരു പോർട്ടുഗീസ് വൈദികനെ മെത്രാനായി അവരോധിക്കുവാൻ ഗോവാ മെത്രാപ്പോലീത്താ ശുപാർശ ചെയ്തിട്ടുണ്ടെന്നു കേട്ട് സുറിയാനിക്കാരെല്ലാം അസംതൃപ്തരായിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. അപ്പോഠം ഇദ്ദേഹം മാർപാപ്പാ തന്നെ പാത്രിയർക്കീസിൻെറ സ്ഥാനത്തേക്കുയർത്തുകയാണെന്നും അതിനു കല്പനയുണ്ടെന്നും മററും പറഞ്ഞു ചില എഴുത്തുകളും കൊണ്ടു നടന്ന് പലരേയും വായിച്ചു കേരംപ്പിക്കുമായിരുന്നു. അങ്ങനെ അദ്ദേഹം കല്ലൂർക്കാട്(ചമ്പക്കുളം) പള്ളിയിൽ കുറെനാഠം താമസിച്ചു.

ഇദ്ദേഹം മദ്യപിച്ചു വല്ലതുമൊക്കെ പറയുന്ന ആളാണെന്നറിഞ്ഞപ്പോഠം ആളുകഠം അദ്ദേഹത്തെ നിരസിച്ചു. ഉടനെ അദ്ദേഹം അവിടെനിന്നും തെക്കൻ പള്ളികളിലേക്കുനീങ്ങി തുമ്പമൺ, പുത്തൻകാവ് മുതലായ പള്ളികളിൽ കുറെനാഠം താമസിച്ചു. ചക്കപ്പഴം തിന്ന ശേഷം മുഖം തുടയ്ക്കുവാൻ ചില കുസൃതികുട്ടികഠം ഇദ്ദേഹത്തിനു പഞ്ഞി കൊടുത്തു എന്നും അദ്ദേഹം അതു വാങ്ങി മുഖത്തെല്ലാം പററിച്ചുകൊണ്ട് ആ കുട്ടികളെ രസിപ്പിച്ചു എന്നും ഒരു കഥയുണ്ട്. ഇദ്ദേഹം അവിടെനിന്നും കല്ലടപള്ളിയിൻ ചെന്നുചേർന്നു.

www.malankaralibrary.com



1682 ഏപ്രിൽ ഒന്നാം തീയതി കല്ലട പള്ളിക്കു സമീപമുള്ള ആററുകടവിൽ കുളിക്കുവാൻപോകുകയും കാൽ വഴുതി വെള്ളത്തിൽ വീണു മരിച്ചുപോകുകയും ചെയ്തു. ഇദ്ദേഹത്തെ മൂപ്പച്ചൻ, മൂപ്പൻ എന്നൊക്കെ ആയിരുന്നു ജനങ്ങൾ വിളിച്ചുവന്നത്. അതിനാൽ കല്ലട മൂപ്പൻ എന്ന പേരിലാണ് ഇന്നു അദ്ദേഹം അറിയപ്പെട്ടിരിക്കുന്നത്.

## മൂന്നാം മാർതോമ്മാ

1685—ൽ മാർ ഈവാനിയോസ് എന്നും മാർ ബസേലിയോസ് എന്നും രണ്ടു യാക്കോബായമെത്രാൻമാർ സിറിയായിൽനിന്നും കേരളത്തിൽ വന്നു. മാർ ബസേലിയോസ് ഇവിടെവന്ന് അധികം താമസിക്കുന്നതിനുമുമ്പ് 1685—ൽ മരിച്ചുപോയി. അദ്ദേഹത്തെ കോതമംഗലം ചെറിയ പള്ളിയിലടക്കി. മാർതോമ്മാ രണ്ടാമൻ നിരണത്തുപള്ളിയിൽവച്ചു 1686—ൽ ഇടി വെട്ടി മരിച്ചു. ഉടനെ അവിടെ കൂടിയവരെല്ലാം കൂടെ അന്നുതന്നെ മാർതോമ്മാ മൂന്നാമനെ തിരഞ്ഞെടുത്തു നിയമിക്കുകയും ചെയ്തു.

## രണ്ടാം പുനരൈക്യശ്രമം

ഈ മൂന്നാം മാർതോമ്മായ്ക്കും യാക്കോബായ മെത്രാൻമാർ മെത്രാൻ സ്ഥാനം കൊടുത്തില്ല. അക്കാലത്തും ഒരു പുനരൈക്യാലോചന നടത്തി. എങ്കില്'ും അതും സഫലമായില്ല.

## നാലാം മാർതോമ്മാ

മാർതോമ്മാ മൂന്നാമൻ ശരിയായ മെത്രാൻ സ്ഥാനം ലഭിക്കാതെയും വേറെഗത്യന്തരമൊന്നുമില്ലാതെയും വളരെ അധികം വിഷമിച്ചു. ഒടുവിൽ മാർതോമ്മാ നാലാമനെ തിരഞ്ഞെടുത്തു നിയമിച്ചശേഷം 1688 മേടമാസം 9—ാം തീയതി കടമ്പനാട്ടു പള്ളിയിൽ കബറടങ്ങി. മാർ ഈവാനിയോസ് 1693 ചിങ്ങം 3—തീയതി മുളന്തുരുത്തി പള്ളിയിലും കബറടങ്ങി.

www.malankaralibrary.com



## 4–ാം മാർതോമ്മായും
## 3–ാം പുനരൈക്യശ്രമവും

മാർതോമ്മാ നാലാമന് മെത്രാൻപട്ടം കൊടുക്കണമെന്ന് മാർ ഈവാനിയോസിൻെറ അടുക്കൽ അനേകർ അപേക്ഷിച്ചു. എന്നാൽ അദ്ദേഹം അതു ചെയ്തില്ല. അക്കാലത്തും ഒരു പുനരൈക്യാലോചന നടന്നു. അതും അലസിപ്പിരിഞ്ഞു. മാർതോമ്മാ അഞ്ചാമനെ തിരഞ്ഞെടുത്തു നിയമിച്ചശേഷം മാർതോമ്മാ നാലാമൻ 1728 മീനം 13–ാം തീയതി കണ്ടനാട്ടു പള്ളിയിൽ കബറടങ്ങി.

## 5–ാം മാർതോമ്മായും
## 4–ാം പുനരൈക്യശ്രമവും

പുനരൈക്യത്തിനുള്ള ആലോചന മാർതോമ്മാ അഞ്ചാമൻെറ കാലത്തും നടന്നു. രണ്ടു കൂട്ടരും കൂടി ഇടപ്പള്ളിപ്പള്ളിയിൽവച്ച് 1731–ൽ ഒരാലോചന നടത്തി. അതിൽവച്ച് ചില നിശ്ചയങ്ങൾ പാസാക്കി മാർപ്പാപ്പായുടെ പേർക്ക് എഴുതി അയച്ചു എങ്കിലും അതും നടപ്പിലായില്ല.

മാർതോമ്മാ അഞ്ചാമൻ ഡച്ചുകാരെ വീണ്ടും സമീപിച്ചു. തനിക്കു മെത്രാൻപട്ടം തരുന്നതിനു സമ്മതമുള്ള ഏതെങ്കിലും സുറിയാനി മെത്രാൻമാരെകൊണ്ടു വന്നു തന്നേ മതിയാകയുള്ളു എന്നും അതിൻെറ ചെലവ് മുഴുവനും താൻ വഹിച്ചുകൊള്ളാമെന്നും നിർബന്ധപൂർവം അപേക്ഷിച്ചു. തദനുസരണം അവർ പോയി മാർ ഗ്രിഗോറിയോസ് മെത്രാൻ മാർ ബസേലിയോസ് മപ്രിയാനാ, യോഹന്നാൻ റമ്പാൻ, വേറെ രണ്ടു ശെമ്മാശ്ശൻമാർ എന്നിവരെയും കൂട്ടിക്കൊണ്ട് 1751–ൻ കേരളത്തിൽ വന്നു. അവരിവിടെ വന്നയുടനെ യോഹന്നാൻ റമ്പാനെ മാർ ഈവാനിയോസ് എന്ന പേരിൽ ഒരു മെത്രാനാക്കി വാഴിച്ചു. അക്കൂട്ടത്തിൽ പോലും അവർ മാർതോമ്മോ അഞ്ചാമനു പട്ടം കൊടുത്തില്ല. മാർ ബസേലിയോസ് വടക്കൻ പറവൂർ പള്ളിയിലും മാർ ഈവാനിയോസ് കായംകുളത്തു പള്ളിയിലും താമസിച്ചുകൊണ്ട് ജനങ്ങൾക്കാവശ്യമുള്ള ആത്മീയ

www.malankaralibrary.com



കാര്യങ്ങളെല്ലാം നടത്തികൊടുത്തുകൊണ്ടും വൈദികരെ വാഴിച്ചുകൊണ്ടും ഇരുന്നു. മാർ ബസേലിയോസ് 1769–ൽ കണ്ടനാട്ടു പള്ളിയിൽ കബറടങ്ങി.

## മാർതോമ്മാ ആറാമൻ

മാർതോമ്മാ അഞ്ചാമൻ മാർതോമ്മാ ആറാമനെ തിരഞ്ഞെടുത്തു നിയമിച്ചശേഷം 1765 മേടം 27-ാം തീയതി നിരണത്തുപള്ളിയിൽ കബറടങ്ങി. മാർത്തോമ്മാ ആറാമൻ സമർത്ഥനായ ഒരാളായിരുന്നു. അദ്ദേഹത്തിനെങ്കിലും ഈ ശീമക്കാരെക്കൊണ്ടു പട്ടം കൊടുപ്പിക്കാമെന്ന് വിചാരിച്ചിട്ട് അതും പററിയില്ല. അതിനാൽ കപ്പൽക്കാരുടെ ചിലവ് ആരും കൊടുക്കാതെയായി. ഒടുവിൽ അവർ പണം കിട്ടാതെ വിഷമിച്ചു. നാലായിരംരൂപയായിരുന്നു യാത്രച്ചിലവ്. അതുകിടന്ന് പലിശകൂടി പന്തീരായിരം രൂപയായി. ആ തുകയ്ക്കു അവർ കേസുകൊടുത്തു. തനിക്കു മെത്രാൻ സ്ഥാനം തരുന്നതിനു മുമ്പ് പണം കൊടുപ്പാൻ താൻ ബാദ്ധ്യസ്ഥനല്ല എന്നു മാർതോമ്മാആറാമൻ പത്രിക വച്ചു. കപ്പൽകൂലി കൊടുക്കാമെന്ന് തങ്ങൾ ആരോടും ഏററിട്ടില്ല; അതിനാൽ തങ്ങൾ കപ്പൽകൂലികൊടുപ്പാൻ ബാദ്ധ്യസ്ഥരല്ല എന്നു വിദേശമെത്രാൻമാരും പത്രിക വച്ചു. ഇരുഭാഗത്തേയും വാദം കേട്ടശേഷം വിദേശമെത്രാൻമാർ ഉടൻ മാർതോമ്മാ ആറാമന് മെത്രാൻസ്ഥാനം കൊടുക്കണമെന്നും അപ്പോൾ കപ്പൽകൂലി മുഴുവനും മാർതോമ്മാ ആറാമൻ കൊടുക്കണമെന്നും വിദേശമെത്രാൻമാർ മാർതോമ്മായ്ക്ക് മെത്രാൻ സ്ഥാനം കൊടുപ്പാൻ സമ്മതിക്കാത്തപക്ഷം അവരെ ഉടനെ ഗവൺമെൻറ് ചെലവിൽ കപ്പൽകയററി മടക്കി അയയ്ക്കണമെന്നും വിധിയായി.

## മാർ ദിവന്നാസ്യോസ് ഒന്നാമൻ

ആ വിധിയോട് എതിർത്തു പ്രവർത്തിപ്പാൻ വിദേശമെത്രാൻമാർക്ക് യാതൊരു നിവൃത്തിയുമില്ലാതെ വരികയാൽ അ വർ വളരെ കുഴഞ്ഞു. ഒടുവിൽ 1772-ൽ നിരണത്തു പള്ളിയിൽവച്ചു മാർതോമ്മാ ആറാമന്

www.malankaralibrary.com



വിദേശമെത്രാൻമാർ കോറൂയോ പട്ടം മുതൽ മെത്രാൻ സ്ഥാനംവരെയുള്ള എല്ലാ പട്ടങ്ങളും നല്കുകയും അദ്ദേഹത്തിന് മാർ ദിവന്നാസ്യോസ് എന്നു പേർ വിളിക്കുകയും ചെയ്തു.

ഇങ്ങനെ 1653 മുതൽ 1772 വരെ 119 വർഷം മെത്രാൻസ്ഥാനമില്ലാതെയിരുന്ന പുത്തൻകൂററുകാർക്കു് യാക്കോബായ മെത്രാൻപട്ടം ലഭിക്കുകയും അങ്ങനെ അവർ യാക്കോബായക്കാരായിത്തീരുകയും ചെയ്തു. അക്കാലംമുതൽ പാശ്ചാത്യസുറിയാനിഭാഷയും ആ ഭാഷയിലുള്ള യാക്കോബായഗ്രന്ഥങ്ങളും ഇവിടെ സ്ഥിരം പ്രതിഷ്ഠിതമായിത്തീർന്നു. മാർ ദിവന്നാസ്യോസിനു മെത്രാൻസ്ഥാനം കിട്ടിയ ഉടനെ കപ്പൽക്കാർ ആവശ്യപ്പെട്ട പന്തീരായിരം രൂപായും മാർ ദിവന്നാസ്യോസ് കോടതി മുഖേന കൊടുത്തുതീർക്കുകയും ചെയ്തു. 118 കൊല്ലത്തെ നിരന്തര പരിശ്രമത്തിൻെറ ഫലമായിട്ടാണ് ഇത്രയും സാധിച്ചത്.

## തൊഴിയൂർസഭ

മാർ ദിവന്നാസ്യോസിന് മെത്രാൻസ്ഥാനം ലഭിച്ചതിൽ പുത്തൻകൂററുകാരെല്ലാം വളരെ സന്തോഷിച്ചു. അവർ മാർ ദിവന്നാസ്യോസിനെ ആഡംബരപൂർവം പള്ളികളിലൊക്കെയും എതിരേററുകൊണ്ടുപോകുക പതിവായിരുന്നു. വിദേശമെത്രാൻമാരെ ആരും അത്ര ഗൗനിച്ചില്ല. ഒരാംക്കുകൂടെ മെത്രാൻസ്ഥാനം കൊടുക്കുവാൻ അവർ തീർച്ചപ്പെടുത്തി. അന്നു മുളന്തുരുത്തിയിൽ കാട്ടുമങ്ങാട്ടു കുര്യൻ റമ്പാൻ എന്നൊരാളുണ്ടായിരുന്നു. മാർ ഗ്രീഗോറിയോസ് മെത്രാൻ അദ്ദേഹത്തെ വരുത്തി. 1772 വൃശ്ചികം 17–ാം തീയതി മാർ കൂറിലോസ് എന്ന പേരിൽ ഒരു മെത്രാനായി വാഴിച്ചു. മാർ ഗ്രിഗോറിയോസിന് അദ്ദേഹത്തെവലിയ കാര്യവുമായിരുന്നു. അതിനാൽ തൻെറ കൈവശമുണ്ടായിരുന്ന പണവും പണ്ടങ്ങളുമെല്ലാം ഒരു മരണപത്രികമൂലം മാർ കൂറിലോസിനു കൊടുക്കുകയും ചെയ്തു.

www.malankaralibrary.com



മാർ ദിവന്നാസ്യോസിന് ഈ പുതിയമെത്രാന്റെ ആവിർഭാവം ഒട്ടും രസിച്ചില്ല. അതിനാൽ മാർ കൂറിലോസിനെ വാഴിച്ചതു മലങ്കരസഭയുടെ ആവശ്യപ്രകാരമല്ലെന്നും അദ്ദേഹം തന്റെ അധികാരത്തിൻകീഴിലുള്ള പള്ളികളിൽ പ്രവേശിക്കാൻ പാടില്ലെന്ന് ഒരു നിരോധനാജ്ഞ കൊടുക്കണമെന്നും മററും കാണിച്ച് മാർ ദിവന്നാസ്യോസ് മെത്രാൻ മാർ കൂറിലോസ് മെത്രാനെ പ്രതിയാക്കി ഒരു കേസു കൊടുത്തു. അതു മാർ കൂറിലോസിനു എതിരായി വിധിക്കുകയും അദ്ദേഹം തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും അതിർത്തിക്കു വെളിയിൽ പോകണമെന്ന് അനുശാസിക്കുകയും ചെയ്തു. ആ വിധിയനുസരിച്ച് അദ്ദേഹം ബ്രിട്ടീഷ് മലബാറിൽ തൊഴിയൂർ എന്ന സ്ഥലത്തുചെന്ന് പുന്നത്തു രാജാവിനോടു കുറെ സ്ഥലം വാങ്ങി അവിടെ ഒരു പള്ളിയും അദ്ദേഹത്തിനു താമസിക്കുവാൻ ഒരു അരമനയും പണിയിച്ച് അവിടെ താമസമാക്കി.

അദ്ദേഹം യാക്കോബായ പാത്രിയർക്കീസിന്റെ മേലധികാരം ഉപേക്ഷിച്ചു സ്വതന്ത്രസുറിയാനിസഭ (Independent Syrian Church) എന്ന പേരിൽ ഒരു സഭ സ്ഥാപിക്കുകയും ചെയ്തു. ഇതാണ് തൊഴിയൂർ സഭ എന്നറിയപ്പെടുന്ന അഞ്ഞൂരെ സഭ.

ഈ മാർ കൂറിലോസ് 1794-ൽ തന്റെ അനുജനെ മാർ കൂറിലോസ് രണ്ടാമൻ എന്ന പേരിൽ വാഴിച്ച ശേഷം 1802—ൽ കാലംചെയ്തു. മാർ കൂറിലോസ് രണ്ടാമൻ ചീരൻ മാർ പീലക്സീനോസിനെ തന്റെ പിൻഗാമിയായി വാഴിച്ചുകൊണ്ട് 1807—ൽ കാലം ചെയ്തു. ചീരൻമാർ പീലക്സിനോസ് തന്റെ പിൻഗാമിയായി കിടങ്ങൻമാർ പീലക്സിനോസിനെ വാഴിച്ചുകൊണ്ട് 1811—ൽ മരിച്ചു. കിടങ്ങൻ മാർ പീലക്സിനോസ് കൂറിലോസ് മൂന്നാമനെ വാഴിച്ചശേഷം 1830—ൽ കാലം ചെയ്തു. അങ്ങനെ പിൻഗാമികളെ വാഴിച്ചുകൊണ്ട് അവരിന്നും നിലനിന്നുവരുന്നു.

www.malankaralibrary.com



വന്നു ഡച്ചു അധികാരികളെ കണ്ടു കാര്യം പറഞ്ഞു. അവർ 1698—ൽ ആ പ്രതിബന്ധം മാററിക്കൊടുക്കുകയുംചെയ്തു. അദ്ദേഹം 1700 ജനുവരി 20-ാംതീയതി സൂററിൽ വച്ചു നിര്യാതനായി. അപ്പോഠം ആഞ്ചലോ ഫ്രാൻസിസ്ക്കോമെത്രാൻ 1700—ൽ നിയമിതനായി. അദ്ദേഹം 1712 ഒക്ടോബർ 17—ാം തീയതി കാലംചെയ്തു. അതിനുശേഷം 1714 ജനുവരി 31—ാം തീയതി ജോൺ ബാപ്ടിസ്ററ് മുൻതേദോ എന്ന മെത്രാനെ നിയമിച്ചു. അദ്ദേഹം കാലം ചെയ്യുന്നതിനുമുമ്പ് 1746 ജനുവരി 16—ാം തീയതി ഫ്ളോറൻസിയോസ് എന്നൊരു മെത്രാനെയാക്കി. അദ്ദേഹം 1773 ജൂലൈ 26—ാം തീയതി നിര്യാതനായി. അദ്ദേഹത്തിനുശേഷം 1774-ൽ തന്നെ ഫ്രാൻസിസ് ദെ സാലസ് എന്നൊരു മെത്രാനെ നിയമിച്ചു. അദ്ദേഹം 1777—ൻെറ അവസാനത്തിൽ മാത്രമേ കേരളത്തിൽ വന്നുള്ളൂ.

## നീരസം വർദ്ധിക്കുന്നു

ഫ്രാൻസിസ് ദെ സാലെസ് മെത്രാൻെറ നടപടി സുറിയാനിക്കാർക്കു തീരെ ഇഷ്ടപ്പെട്ടില്ല. അദ്ദേഹത്തിനു സുറിയാനിക്കാരെയും കണ്ടുകൂടായിരുന്നു. ആ നീരസം വർദ്ധിച്ച് അദ്ദേഹം ജോലി രാജിവച്ച് പലസ്തീനായിൽ പോയി താമസിച്ചു. അങ്ങനെ സുറിയാനിക്കാരും ലത്തീൻകാരായ വിദേശമെത്രാൻമാരും തമ്മിലുണ്ടായ നീരസംവർദ്ധിച്ചു 18—ാംനൂററാണ്ടായപ്പോഴേക്കു മൂർദ്ധന്യാവസ്ഥയിലെത്തി. കേരളത്തിൻെറ വികാരി അപ്പസ്തോലിക്കായും വരാപ്പുഴ മെത്രാപ്പോലീത്തായും ആയിരുന്ന ഫ്ളോറൻസിയോസ് 1773—ൽ നിര്യാതനായപ്പോഠം അദ്ദേഹത്തിൻെറ കബറടക്കത്തിൽ സംബന്ധിക്കുന്നതിനു ആലങ്ങാട്ട്, അങ്കമാലി, പറവൂർ, കുത്തിയതോട് മുതലായ സുറിയാനിപ്പള്ളിക്കാർ കുട, കൊടി, കുരിശ് മുതലായ പള്ളി സാമാനങ്ങളുമായി വരാപ്പുഴ അരമനയിൽ ചെന്നിരുന്നു. എന്നാൽ സുറിയാനിക്കാർ യാതൊരു ശുശ്രൂഷയും നടത്തുവാൻ അവർക്കു് അനുവാദം ലഭി

www.malankaralibrary.com


ച്ചില്ല. അവർ കൊണ്ടുവന്ന സാമാനങ്ങളും എടുത്തു ഭഗ്നാശരായി മടങ്ങേണ്ടിവന്നു.

അതിനുംപുറമേ ആലങ്ങാട്ടു താമസിച്ചിരുന്ന പേർഷ്യാക്കാരൻ മാർ ശെമഊൻ എന്നൊരു സുറിയാനി മെത്രാനെ നെസ്തോറിയനാണോ സത്യവിശ്വാസിയാണോ എന്നു വിസ്തരിച്ചറിയണമെന്നു പറഞ്ഞു ജനങ്ങളാരുമറിയാതെ രായ്ക്കുരാമാനം അറസ്ററു ചെയ്തു കപ്പൽ കയററികൊണ്ടുപോകയും ചെയ്തിരുന്നു.

## കരിയാററിമല്പാനും 5–ാം പുനരൈക്യശ്രമവും

ഇങ്ങനെ സുറിയാനിക്കാർവിഷമിച്ചിരിക്കേ 1776-ൽ ആലങ്ങാട്ടു കരിയാററിൽ ബ. യൗസേപ്പു അച്ചൻ റോമിലെ പ്രൊപ്പഗാന്താ കോളേജിലെ വൈദികപഠനം കഴിഞ്ഞ് ആലങ്ങാട്ടുള്ള വൈദികസെമിനാരിയിൽ വന്ന് അവിടുത്തെ ഒരു മല്പാനായി പഠിപ്പിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തെ മെത്രാനായിവാഴിച്ചുകിട്ടണമെന്നു സുറിയാനിക്കാരാഗ്രഹിച്ചു. ഗോവാമെത്രാപ്പോലീത്താ അതിനു വിരോധിയായിരിക്കുമെന്ന് ഒരു ശങ്കയുണ്ടായിരുന്നെങ്കിലും ഇദ്ദേഹം റോമിൽപഠിച്ച ആളാകയാൽ തങ്ങളുടെ ശ്രമം സാധിക്കുമെന്ന് അവർ വിചാരിച്ചിരുന്നു. അവർ അങ്കമാലിയിൽ ഒരു പൊതുയോഗം വിളിച്ചുകൂട്ടി 1) കരിയാററിൽ യൗസേപ് മല്പാനെ തങ്ങൾക്കു മെത്രാനായി വാഴിച്ചുകിട്ടണമെന്ന് ഒരു അപേക്ഷ എഴുതി ഒപ്പിടുവിക്കണമെന്നും 2) സുറിയാനിക്കാരുടെ ഇടയിലെ ഭിന്നത തീർക്കുവാൻ മാർ ദിവന്നാസ്യോസ് ഒന്നാമൻെറപക്കൽനിന്നും പുനരൈക്യത്തിനുള്ള പ്രതിജ്ഞയും അപേക്ഷയും എഴുതി ഒപ്പിടുവിച്ചു വാങ്ങണമെന്നും 3) ഒരു രക്തസാക്ഷിയായ കോട്ടാർ ദേവസഹായംപിള്ളയെ ഒരു പരിശുദ്ധനായി പ്രഖ്യാപനംചെയ്തു കിട്ടുന്നതിനുവേണ്ട അപേക്ഷ എഴുതി എല്ലാവരെക്കൊണ്ടും ഒപ്പിടുവിച്ചുവാങ്ങണമെന്നും 4) കരിയാററിൽ യൗസേപ്പുമല്പാനും പാറേമാക്കിൽ തോമ്മാ കത്തനാരുംകൂടി റോമിൽ പോയി മാർ

www.malankaralibrary.com



പ്പാപ്പായുടെ അടുക്കൽ ഈ ഹർജ്ജികളെല്ലാം സമർപ്പിക്കണമെന്നും 5) അതിലേക്കുള്ള ചെലവിനും മററും വേണ്ട പണം പള്ളികളിൽ നിന്നും പിരിച്ചെടുക്കണമെന്നും മററും തീർച്ചപ്പെടുത്തി.

172 പള്ളികളിൽനിന്നുള്ളപ്രതിപുരുഷൻമാരുടെ ഈ യോഗനിശ്ചയമനുസരിച്ചുള്ളതെല്ലാം ശരിപ്പെടുത്തിക്കൊണ്ട് 1777-ൽ യൗസേപ്പുമല്പാനും തോമ്മാ കത്തനാരും വെറെ ചിലരും കൂടി ആലങ്ങാട്ടുനിന്നും തിരിച്ചു. ശത്രുപക്ഷത്തെ ഭയന്ന് തെക്കൻ വഴിക്കാണവർ പോയത്. അവർ കായംകുളം, അഞ്ചുതെങ്ങ് കുളച്ചൽ മുതലായ പള്ളികൾ കടന്ന് പത്മനാഭപുരത്തുള്ള ഉദയഗിരിക്കോട്ടയിലെത്തി. വേണാട്ടു കപ്പിത്താന്റെ കബറിടത്തിൽ വി. കുർബാനയർപ്പിച്ചശേഷം തോവാളവഴി പെരിയാള, മണപ്പാട്ടു, രാജപാളയം, വീരപാണ്ഡ്യൻപടണം, തരങ്ങൻപടി, പറങ്കിപ്പേട്ട, കൂടല്ലൂർ, പുതുച്ചേരി, ശ്രീരംഗപട്ടണം മുതലായ സ്ഥലങ്ങൾ കടന്നു മൈലാപ്പൂരിലെത്തി. അവിടെ നിന്നും ഒരു പോർട്ടുഗീസ് കപ്പലിൽ കയറി കന്യാകുമാരി ചുററി ഇന്ത്യൻ മഹാസമുദ്രത്തിൽക്കൂടെ ആഫ്രിക്കയുടെ തീരത്തുള്ള വെൺഗെലയിലെത്തി.

അവിടെ നിന്നും അമേരിക്കാ വഴി, റയോഡിജനറോ, ബ്രസീൽ മുതലായ തുറമുഖങ്ങളിലടുത്ത് കമ്പനിക്കാരുടെ കച്ചവടവും നടത്തി പത്തുമാസം കഴിഞ്ഞു 1778-ൽ പോർട്ടുഗലിൽ ലിസ്ബൺ തുറമുഖത്തിറങ്ങി. അവിടത്തെ മറിയ ഫ്രാൻസീസ്ക്കോരാജ്ഞിയെ മുഖം കാണിച്ചു. അപ്പോഴാണ് സുറിയാനിക്കാരുടെ മെത്രാനായി ഫ്രാൻസിസ് ദെ സാലസിനെ നിയമിച്ചിരിക്കുന്ന വിവരമറിഞ്ഞത്. സുറിയാനിക്കാർ അദ്ദേഹത്തെ ഒരിക്കലുംസ്വീകരിക്കയില്ലെന്നുള്ള സംഗതി അവർ രാജ്ഞിയെ അറിയിച്ചു. എങ്കിലും അവരുടെ നിവേദനങ്ങളെപ്പററി ഗോവായിലെ പോർട്ടുഗീസ് മെത്രാപ്പോലീത്തായുടെ അഭിപ്രായമെന്തന്നറിയാതെ ഉടനടി യാതൊന്നും ചെയ്യുവാൻ രാജ്ഞിക്കു സമ്മതമില്ലായിരുന്നു.

www.malankaralibrary.com



അതിനാൽവളരെ നിരാശയോടുകൂടെ അവർ രണ്ടു പേരും റോമിലേക്കു തിരിച്ചു വിവരമെല്ലാം ആറാം പീയുസ് മാർപ്പാപ്പായെ അറിയിച്ചു. ഗോവാ മെത്രാപ്പോലീത്തായുടെ അഭിപ്രായമറിയാതെ പെട്ടെന്നു ഒന്നും ചെയ്യുവാൻ അവിടെയുംതയ്യാറായില്ല. തൻമൂലം ഇവർ വളരെ നിരാശയിലായി. വത്തിക്കാൻ അരമനയിലുള്ളവർക്കെല്ലാം ഇവരോടു വളരെ സഹതാപം തോന്നി. എന്താണു ചെയ്യേണ്ടതെന്നു ആർക്കും ഒരു രൂപവും കിട്ടിയില്ല. കൊച്ചി മെത്രാനിൽ നിന്നോ, ഗോവാ മെത്രാപ്പോലീത്തായിൽനിന്നോ അനുകൂലമായോ പ്രതികൂലമായോ യാതൊരു രേഖയും അവർ വാങ്ങിച്ചുകൊണ്ടുപോയിരുന്നുമില്ല. തീരാത്ത സങ്കടത്തോടും നിരാശയോടുംകൂടെ അവർ റോമായിൽ നിന്നും പോർട്ടുഗലിലേക്കു മടങ്ങി.

അവർ പോർട്ടുഗലിൽ വന്നശേഷം ചുററുമുള്ള ഓരോ പുണ്യസ്ഥലങ്ങൾസന്ദർശിക്കുവാൻ പോയി. പാറേമ്മാക്കിൽ തോമ്മാക്കത്തനാർ അതൊന്നും മുമ്പ് കണ്ടിട്ടില്ലാത്ത ആളായിരുന്നുവല്ലോ. മാർപ്പാപ്പാ ഈ സംഗതിയിൽ മൗനംദീക്ഷിച്ചില്ല. അദ്ദേഹം പോർട്ടുഗലുമായി എഴുത്തുകുത്തു നടത്തി. ഒടുവിൽ കരിയാററിൽ യൗസേപ്പുമല്പാനെ കൊടുങ്ങല്ലൂർ ഭദ്രാസനത്തിൻെറ മെത്രാപ്പോലീത്തായായി വാഴിച്ചയയ്ക്കുവാൻ കല്പനയാകുകയും ചെയ്തു. വിശുദ്ധൻമാരുടെ കബറിടങ്ങളിൽ പൊഴിച്ച കണ്ണുനീരിൻെറ ഫലമായോ മാർപ്പാപ്പായുടെ പുത്രവാൽസല്യാതിരേകത്താലോ കാര്യം ശുഭമായി പര്യവസാനിച്ചു എന്നു പറഞ്ഞാൽ മതിയല്ലോ.

## കരിയാററിയുടെ സ്ഥാനാഭിഷേകം

കരിയാററിൽ മാർ ജോസഫ് മെത്രാപ്പോലീത്തായുടെ സ്ഥാനാഭിഷേകം അങ്ങനെ 1783-ൽ ലിസ്ബനിൽവച്ച് നിർവഹിക്കപ്പെട്ടു. പിന്നത്തെ പ്രധാന സംഗതി മാർ തോമസ് ദിവന്നാസ്യോസിൻെറയും മററും പുനരൈക്യപ്രശ്നമായിരുന്നു. അതിലേക്കും

www.malankaralibrary.com



ഗോവാ മെത്രാപ്പോലീത്തായുടെയും കൊച്ചി മെത്രാന്റെയും അഭിപ്രായം അറിയേണ്ടത് ആവശ്യവുമായിരുന്നു. ഏതായാലും താൻ ഒരു മെത്രാപ്പോലീത്ത ആയ സ്ഥിതിക്ക് അക്കാര്യത്തിൽ വേണ്ടതു ചെയ്യുവാൻ തനിക്കുതന്നെ സാധിക്കുമല്ലോ എന്നു സമാധാനപ്പെട്ടു കൊണ്ട് അവർ നാട്ടിലേക്കു മടങ്ങിപ്പോന്നു.

കേരള സുറിയാനിക്കാരുടെ നിർഭാഗ്യമെന്നല്ലാതെ എന്തു പറയട്ടെ! അവർ ഗോവായിലെത്തിയപ്പോഴം അക്കാലത്തു അവിടെ പടർന്നുപിടിച്ചിരുന്ന ഒരു വസന്തപ്പനി മാർ യൗസേപ്പുകാരിയാററി മെത്രാപ്പോലീത്തായ്ക്കും പിടിപെട്ടു. അദ്ദേഹം അവിടെവച്ചു തന്റെ 45–ാമത്തെ വയസിൽ 1786 സെപ്ററംബർ 10-ാം തീയതി നിര്യാതനാവുകയും മൃതശരീരം പഴയ ഗോവായിലെ പ്രധാന ത്രോണോസിന്റെ മുമ്പിൽ സംസ്കരിക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ മരണത്തെപ്പററി ചില ആരോപണങ്ങളും ഇല്ലാതില്ല.

ഈ തിരുമേനിയുടെ പൂജ്യാവലിഷ്ടം 1960 ഡിസംബർ 9, 10 എന്നീ തിയതികളിൽ കുഴിച്ചെടുത്ത് കേരളത്തിലേക്കു കൊണ്ടുവരികയും 1961 എപ്രിൽ 11-ാം തീയതി അദ്ദേഹത്തിന്റെ സ്വദേശമായ ആലങ്ങാട്ടുള്ള അമലോത്ഭവമാതാവിന്റെ ദൈവാലയത്തിലെ മദ്ബഹായുടെ മദ്ധ്യത്തിൽ ആഡംബരപൂർവ്വംസംസ്ക്കരിക്കപ്പെടുകയും ചെയ്തു. എന്നുള്ളതും സ്മർത്തവ്യമാണ്.

## പാറേമാക്കിൽ ഗവർണ്ണർദോറിന്റെ ഭരണം

പാറേമ്മാക്കിൽ തോമ്മാകത്തനാരെ സുറിയാനിക്കാരുടെ ഭരണത്തിനു ഗവർണ്ണർദോർ അർക്കദ്യാക്കോൻ ആയി നിയമിച്ചുകൊണ്ട് ഗോവാ ആർച്ചുബിഷപ്പു കല്പനകൊടുത്തു. അദ്ദേഹം കേരളത്തിൽവന്നശേഷം സുറിയാനിക്കാരുടെ സഭാഭരണകാര്യത്തിൽ വിദേശമിഷനറിമാർ കയ്യിടുകയില്ലെന്നുള്ള സമ്മതപത്രം എഴുതി ഒപ്പിടുവിച്ചു ഗവൺമെൻറിൽ സമർപ്പിച്ചു. 1787-ൽ

www.malankaralibrary.com



84 പള്ളിക്കാർ ഒന്നു ചേർന്ന് അദ്ദേഹത്തിൻെറ ഭരണത്തിലിരുന്നുകൊള്ളാമെന്ന് ഒരു ഉടമ്പടിയും എഴുതിക്കൊടുത്തു. അദ്ദേഹം അങ്കമാലിയിൽ താമസിച്ചു പഴയകൂർ സുറിയാനിക്കാരെ ഭരിച്ചുകൊണ്ടിരുന്നു.

## ടിപ്പുസുൽത്താൻെറ ആക്രമണം

അങ്ങനെയിരിക്കെ 1789—ൽ ടിപ്പുസുൽത്താൻ തിരുവിതാംകൂർ ആക്രമിക്കുവാൻ വന്നു. അങ്കമാലിപ്പള്ളി കൊള്ള ചെയ്തു നാശപ്പെടുത്തി. ഇവരുടെ വരവറിഞ്ഞ് പാറേമാക്കിൽ തൊമ്മാ ഗവർണ്ണർദോർ മുൻകൂട്ടി സ്ഥലം വിട്ടിരുന്നു. ഈസ്ററിൻഡ്യാകമ്പനിക്കാരുടെ പട്ടാളം ടിപ്പുസുൽത്താനെ തോൽപ്പിക്കുകയാൽ ടിപ്പുസുൽത്താൻ മടങ്ങിപ്പോകേണ്ടിവന്നു. അദ്ദേഹം പോയശേഷം തോമ്മാഗവർണർദോർ തിരിച്ചുചെന്ന് പള്ളിയുടെ കേടുകളെല്ലാം പോക്കി അവിടെ താമസിച്ചു.

## ആറാം പുനരൈക്യാലോചന

ഈ ഗവർണ്ണർദോറിൻെറ കാലത്തും 1791—ൽ വീണ്ടും ഒരു പുനരൈക്യാലോചന നടത്തി. കുത്തിയതോട്ടിൽ തച്ചിൽ മാത്തുത്തരകൻ ആയിരുന്നു അതിലെ പ്രധാന ആലോചനക്കാരൻ. കൊല്ലം, തത്തൻപ്പള്ളി, കായംകുളം, നിരണം മുതലായ സ്ഥലങ്ങളിൽവച്ചു പല യോഗങ്ങളും കൂടി. മാർ ദിവന്നാസ്യോസിനും യോജിപ്പു നടക്കണമെന്നുണ്ടായിരുന്നു. എന്നാൽ വിദേശ്യരായ വരാപ്പുഴ മെത്രാനും കൊച്ചിമെത്രാനും അതിനോടു യോജിക്കാഞ്ഞതിനാൽ ആ ആലോചനയും ഫലപ്രാപ്തിയിലെത്തിയില്ല.

## പഴയകൂററുകാർ പിന്നെയും ലത്തീൻ ഭരണത്തിൽ

ഫ്റാൻസിസ്സാലസ് 1774—ൽ സുറിയാനിക്കാരുടെ ഭരണാധിപനായി നിയമിക്കപ്പെട്ടെങ്കിലും അവരുടെ എതിർപ്പുമൂലം അദ്ദേഹം അതുപേക്ഷിച്ചു പാലസ്തീനായിൽ പോയി താമസിച്ചു. അപ്പോൾ

www.malankaralibrary.com



ജോൺ മേരി എന്ന മെത്രാനെ നിയമിച്ചു. അതിനു ശേഷം 1784 സെപ്റ്റംബറിൽ ലൂയിസ്മരിയ എന്ന മെത്രാൻ നിയമിക്കപ്പെട്ടു. അദ്ദേഹം 1802–ഏപ്രിൽ 2–ാം തീയതിമരിച്ചു. അദ്ദേഹത്തിനുശേഷം റൈമണ്ട് ദെ സെൻറ്ജോസഫ് എന്ന മെത്രാൻ നിയമിതനായി. അദ്ദേഹംമരിച്ചപ്പോൾ 1816–ൽ ഫ്റാൻസിസ്സേവ്യർ എന്ന മെത്രാനെ നിയമിച്ചു. അദ്ദേഹം ഇവിടെ വന്നു ഭരണം ഏറ്റെടുക്കാഞ്ഞതിനാൽ പീറ്റർ ദെ അൽക്കാന്തരെ എന്ന മെത്രാൻ ബോംബെയിൽനിന്നും വന്നു. 1817 മുതൽ 1821 വരെ പഴയകൂറ്റുകാരുടെ ആത്മീയാവശ്യങ്ങളെല്ലാം നിർവഹിച്ചുകൊണ്ടിരുന്നു.

അതിനിടയിൽ 1818–ൽ മില്ലാസ്യോപ്രൊന്തർഗാസ്റ്റ് എന്ന ഐറിഷ് മെത്രാൻ നിയമിക്കപ്പെട്ടു. 1821–ൽ മാത്രമേ അദ്ദേഹം കേരളത്തിലെത്തിയുള്ളു. പിന്നീട് അദ്ദേഹം ബോംബയ്ക്കുപൊയ്ക്കളഞ്ഞതിനാൽ 1828–ൽ മൌരല്യോസ്ഫ്രചിലീനി എന്ന മെത്രാൻവന്ന് കേരളസുറിയാനിക്കാരുടെ ഭരണം കയ്യേറ്റു. കുറെകഴിഞ്ഞപ്പോൾ അദ്ദേഹവും ബോംബെയ്ക്കു പൊയ്ക്കളഞ്ഞു. അതിനാൽ മുൻപറഞ്ഞ ഫ്രാൻസിസ്സേവ്യർ എന്ന മെത്രാനെ നിയമിച്ചു, 1844–ൽ അദ്ദേഹം മരിച്ചു. അപ്പോൾ അദ്ദേഹത്തിൻെറ അസിസ്റ്റൻെറായിരുന്ന ലുദോവിക്കോസ് എന്ന മെത്രാൻ ഭരണം കയ്യേറ്റു. അദ്ദേഹം 1868 സെപ്റ്റംബർ 5-ാം തീയതി നിര്യാതനായി. അദ്ദേഹത്തിന് സുഖക്കേട് ആരംഭിച്ചപ്പോൾ തന്നെ 1868 ജൂൺ 20–ാം തീയതിബർണർദീനോസ് മെത്രാൻ നിയമിതനായി. അദ്ദേഹം 1868 സെപ്റ്റംബർ 5-ാം തീയതി നിര്യാതനായി. അപ്പോൾ ലെയോനാർഡ്ദ്സെൻറുലൂയീസ് എന്ന മെത്രാൻ 1868–ൻ നിയമിതനായി. അദ്ദേഹം മാർപ്പാപ്പായുടെ പ്രത്യേക ക്ഷണമനുസരിച്ച് പിലിപ്പോസ് എന്നൊരാളെ അഡ്മിനിസ്ട്രേറ്ററാക്കിക്കൊണ്ടു വത്തിക്കാൻ സുന്നഹദോസിൽ സംബന്ധിക്കുവാൻ പോകയും 1870–ൽ മടങ്ങിയെത്തുകയും ചെയ്തു.

www.malankaralibrary.com



അദ്ദേഹത്തിൻെറ സഹായിയായി 1877-ൽ മർസലീനോസ് ദെസാന്തത്രേസ്യാ എന്ന മെത്രനെ നിയമിച്ചു.

ഇങ്ങനെ പറമ്പിൽ ചാണ്ടിമെത്രാൻെറ കാലശേഷം കർമ്മലീത്താക്കാരായ 15-ൽ അധികം വിദേശമെത്രാൻ മാർ പഴയകൂർ സുറിയാനിക്കാരെ ഭരിച്ചു. ഇതിനു ശേഷം 1886–ൽ ആണ് ലെയോൻ പതിമൂന്നാമൻ മാർ പാപ്പാ സുറിയാനിക്കാർക്കു പ്രത്യേക ഹയരാർക്കി അനുവദിച്ചതു്.

※

## അദ്ധ്യായം 9

## ഈസ്ററിൻഡ്യാകമ്പനിയുടെ വരവ്

1795–ൽ ഇംഗ്ലീഷ്കാരായ ഈസ്ററിൻഡ്യാ കമ്പനിക്കാർ കൊച്ചിയിൽവന്നു. കൊച്ചിയിലെ ഡച്ചുകാർ വൈപ്പിൻകോട്ട 1796–ൽ ഈസ്ററിൻഡ്യാകമ്പനിക്കു എഴുതിക്കൊടുത്തു. അവർ തിരുവിതാംകൂറുംകൊച്ചിയുമായിചില ഉടമ്പടികളെല്ലാം ഉണ്ടാക്കി കേർണ്ണൽ മെക്കോളിയെ കൊച്ചിക്കും തിരുവിതാകൂറിനും റസിഡൻറായി നിയമിച്ചു. കൊച്ചിയിലെ ദിവാൻ പദവും മെക്കോളിക്കു നല്കി. സുറിയാനിക്കാരായ പുത്തൻ കൂറും പഴയകൂറും തമ്മിലുള്ള പുനരൈക്യാലോചന അലസിപ്പിരിയുന്നതു പ്രോട്ടസ്ററൻറുകാരനായ മദ്രാസ് ഗവർണ്ണർ സൂക്ഷിച്ചുനോക്കിക്കൊണ്ടിരിക്കുകയായിരുന്നു. അതിനിടയിൽ തോമ്മാ ഗവർണ്ണർദോർ 1799 മാർച്ച് 20-ാം തീയതി നിര്യാതനാകുകയും ചെയ്തു.

അപ്പോഠ മദ്രാസ് ഗവർണ്ണർ ഒരു പ്രോട്ടസ്ററൻറുകാരനായ ഡോക്ടർ കെർ സായ്പിനെ പുത്തൻ കൂർ സുറിയാനിക്കാരുടെ അഭിലാഷങ്ങഠ അറിഞ്ഞു

www.malankaralibrary.com



വരുവാനായി 1805—ൽ നിയമിച്ചു. അദ്ദേഹം വേണ്ട അന്വേഷണം നടത്തിയശേഷം മദ്രാസ് ഗവർണ്ണർക്ക് വിശദമായ ഒരു റിപ്പോർട്ട് സമർപ്പിച്ചു. അതിൽ പുത്തൻകൂററുകാരുടെ പള്ളികളിലൊക്കെയും മാതാവിൻെറയും മററും രൂപങ്ങൾ ഉണ്ടെന്നും പുത്തൻകൂററുകാരുടെ നിസ്സഹായവസ്ഥ ഗണനീയമാണെന്നും മററും വിവരിച്ചു പറഞ്ഞിട്ടുണ്ട്. ആ റിപ്പോർട്ടിലെ താല്പര്യപ്രകാരം 1806-ൽ ബുക്കാനാൻ എന്നൊരു പ്രൊട്ടസ്ററൻറു മിഷനറിയെ കോട്ടയത്തേക്കയച്ചു. അദ്ദേഹം വന്നു മാർ ദീവന്നാസ്യോസിനോടൊരുമിച്ചു പോയി ചെങ്ങന്നൂർ, പറവൂർ, അങ്കമാലി മുതലായ പള്ളികൾ സന്ദർശിച്ചു. അങ്കമാലിയിൽനിന്നും പഴയനിയമവും പുതിയനിയമവും ഉൾപ്പെട്ട ഒരു സുറിയാനി ബൈബിൾ കണ്ടെടുത്തു. വേറൊരു പുസ്തകം റാന്നി പള്ളിയിൽനിന്നും എടുത്തു. രണ്ടുംകൂടി കൊണ്ടുപോയി ഇംഗ്ലണ്ടിൽ അയച്ച് അച്ചടിപ്പിച്ചുവരുത്തി ഓരോ പ്രതി സുറിയാനി പട്ടക്കാർക്കെല്ലാം കേർണ്ണൽ മൺട്രോസായ്പുമൂലം സൌജന്യമായി നല്കുകയും ചെയ്തു,

## മാർ ദീയസ്കോറോസ് മെത്രാൻ

ഈ മാർ ദിവന്നാസ്യോസ് ഒന്നാമൻെറ കാലത്തു 1807—ൽ ദീയസ്കോറോസ് എന്നൊരു യാബോബായ മെത്രാൻ മറുദീനിൽനിന്നും കേരളത്തിൽ വന്നു. യാക്കോബായക്കാരെ പ്രൊട്ടസ്ററൻറുകാരാക്കാൻ പരിശ്രമിച്ചുകൊണ്ടിരുന്ന റസിഡൻറിനും മററും ഇദ്ദേഹത്തിൻെറ ആഗമനം അത്ര രസിച്ചില്ല. അങ്ങനെയിരിക്കെ അദ്ദേഹത്തിൻെറ പേരിൽ ഏതോ മോഷണകുററം ചുമത്തി ഒരു കേസുണ്ടാക്കി. അതിൻെറ വിധിപ്രകാരം അദ്ദേഹത്തെ കപ്പൽ കയററി മർദീനിലേക്കു തിരിച്ചയച്ചുകളഞ്ഞു.

www.malankaralibrary.com



## വട്ടിപ്പണം

1808—ൽ മാർ ദിവന്നാസ്യോസ് മൂവായിരം പൂവരാഹൻ (പെഗോഡ) എട്ടു പലിശയ്ക്കു (840 രൂപയ്ക്ക്) ഈസ്ററിൻഡ്യാ കമ്പനിക്കാർക്ക് കൊടുത്തുകൊണ്ട് വട്ടിപ്പണം ഏർപ്പെടുത്തി.

ഈ പണം തടി ഏർപ്പാടുവകയിൽ മാത്തൂത്തരകന് ഈസ്ററിൻഡ്യാ കമ്പനിയിൽനിന്ന് കൊടുപ്പാനുണ്ടായിരുന്നത് ആയിരുന്നെന്നും അദ്ദേഹം മരിച്ചുപോയതിനാൽ റസിഡൻറിൻെറയും മററും പ്രേരണയാൽ പഴയകൂറിലും പുത്തൻകൂറിലുമുള്ള സുറിയാനിക്കാരുടെ വൈദികവിദ്യാഭ്യാസാർത്ഥം കമ്പനിക്കാരുടെ പക്കൽ പലിശയ്ക്കേൽപ്പിച്ചതാണെന്നുമാണ് വേറെ ചിലർ പറയുന്നത്. പഴയകൂററുകാർക്കുള്ള തുക വരാപ്പുഴ മേലദ്ധ്യക്ഷന് ഇപ്പോഴും കൊടുത്തുവരുന്നുണ്ട്.

## മാർതോമ്മാ ഏഴാമനും എട്ടാമനും ഒമ്പതാമനും

മാർ ദിവന്നാസ്യോസ് തൻെറ പിൻഗാമിയായി മാർതോമ്മാ ഏഴാമനെ വാഴിച്ചശേഷം 1808 മീനം 25-ാം തീയതി നിരണത്തുപള്ളിയിൽവച്ച് കാലം ചെയ്തു. മൃതശരീരം അദ്ദേഹം പണിയിച്ചപുത്തൻകാവ് പള്ളിയിൽ കൊണ്ടുപോയി സംസ്ക്കരിക്കുകയും ചെയ്തു മാർതോമ്മാ ഏഴാമൻ 1809—ൽകോലഞ്ചേരി പള്ളിയിൽ വച്ച് മരിച്ചപ്പോൾ അദ്ദേഹത്തിൻെറകൈ എടുത്തുതലയിൽ വച്ചുമാർതോമ്മാ എട്ടാമനെ മെത്രാനാക്കി. അന്നു പുലിക്കോട്ടു ഇട്ടൂപ്പുറമ്പാൻ എന്നൊരാളുണ്ടായിരുന്നു. മാർതോമ്മാ എട്ടാമനു ശരിയായ മെത്രാൻസ്ഥാനംലഭിച്ചിട്ടില്ലെന്നും പറഞ്ഞു ഇട്ടൂപ്പുറമ്പാൻ അന്നത്തെ റസിഡൻറായിരുന്ന കേർണ്ണൽ മെക്കോളിയുടെ പിൻതുണയോടുകൂടെ പുത്തൽകൂർ സുറിയാനിക്കാരുടെ അഡ്മിനിസ്ടേററർ എന്ന നിലയിൽ സഭാഭരണം കയ്യേററു.

മാർതോമ്മാ എട്ടാമൻ 1816—ൽ മാർതോമ്മാ ഒൻപ

www.malankaralibrary.com



താമനെ വാഴിച്ചശേഷം പുത്തൻകാവുപള്ളിയിൽ കബറടങ്ങി. മാർതോമ്മാ ഒൻപതാമൻ കടമററത്തുപ്പള്ളിയിലും കബറടങ്ങി.

## കോട്ടയം പഴയ സിമ്മനാരിപ്പള്ളി

ഇട്ടൂപ്പുറമ്പാൻ കേർണ്ണൽ മെക്കോളിയുടെ സഹായത്താൽ വട്ടിപ്പണത്തിൻെറ നാളതുവരെയുള്ള പലിശ 3360 രൂപ ഗവൺമെൻറിൽനിന്നും കെട്ടിവാങ്ങി. തിരുവിതാംകൂർ രാജ്ഞിയായ പാർവ്വതീഭായി റാണി കോട്ടയത്തുകൊടുത്ത 16 ഏക്കർ ഭൂമിയിൽ ആ പണം ഉപയോഗിച്ചു പഴയ സിമ്മനാരിയുടെ പണി പൂർത്തിയാക്കി. പ്രോട്ടസ്ററൻറുകാരുടെ സഹായത്താൽ 1815—ൽ അവിടെ ഇംഗ്ലീഷ് വിദ്യാഭ്യാസമാരംഭിക്കുകയും ചെയ്തു. തിരുവിതാംകൂറിൽ ആദ്യമായി ഇംഗ്ലീഷ് പഠിപ്പിച്ചുതുടങ്ങിയത് ഈ പഴയ സെമിനാരിയിലാണെന്നുള്ളതും സ്മരണീയമാണ്. ഇതുകൂടാതെ കല്ലടയുള്ള മൺട്രോ തുരുത്തും 20000 രൂപായും സിമ്മനാരിയുടെ നടത്തിപ്പിലേക്കുള്ള മൂലധനമായി തിരുവിതാംകൂർ ഗവൺമെൻറു കൊടുക്കുകയും ചെയ്തു.

## മാർ ദ്യവന്നാസ്യോസ് രണ്ടാമൻ

ഉടനെ വട്ടിപ്പണത്തിൻെറ പലിശ മെത്രാനല്ലാത്ത ഒരാൾക്കു കൊടുക്കാൻ പാടില്ലെന്നും ഇട്ടൂപ്പുറമ്പാനു കൊടുത്ത പണം തിരികെവയ്പ്പിക്കണമെന്നും മദ്രാസ് ഗവർണ്ണർ, റസിഡൻറിനു കർശനമായ ആജ്ഞ നൽകി. ഈ പ്രയാസത്തിൽനിന്നും രക്ഷപെടുന്നതിനായി പുലിക്കോട്ടു ഇട്ടൂപ്പുറമ്പാൻ കർണ്ണൽ മൺട്രോയുടെ ശുപാർശപ്രകാരം തൊഴിയൂർചെന്ന് അവിടുത്തെ മാർ പീലക്സിനോസിനോടു പഴഞ്ഞി പള്ളിയിൽ വച്ച് 1815-ൽ മാർ ദിവന്നാസ്യോസ് എന്ന പേരിൽ മെത്രാഭിഷേകമേററു. അങ്ങനെ അദ്ദേഹം വട്ടിപ്പണം തിരികെ കെട്ടിവയ്ക്കാതെ നിന്നു.

www.malankaralibrary.com



1816–ൽ ഈ മാർദിവ്യന്നാസ്യോസ് രണ്ടാമൻ മാർ തോമ്മാ എട്ടാമനെ പ്രതിയാക്കി ഒരു കേസുകൊടുത്തു. അദ്ദേഹം ശരിയായ മെത്രാൻസ്ഥാനമേററിട്ടില്ലെന്നും അതിനാൽ തൻെറ അധികാരത്തിൻ കീഴിലുള്ള പള്ളികളിൽ അദ്ദേഹം പ്രവേശിക്കാതിരിപ്പാൻ നിരോധനാജ്ഞ കൊടുക്കണമെന്നും തൻെറ മുൻഗാമിയുടെ വകയായി അദ്ദേഹം കൈവശപ്പെടുത്തിയിരുന്ന വടി, മുടി, സ്ലീബാ മുതലായവകളെല്ലാം കെട്ടിവയ്പ്പിച്ചു തനിക്കു തരുവിക്കണമെന്നും മററുമായിരുന്നു ആ കേസിലെ അപേക്ഷ. അതനുകൂലമായി വിധിക്കുകയാൽ അതെല്ലാം അദ്ദേഹം കെട്ടിവാങ്ങിക്കുകയും അനന്തരം 1816 നവംബർ 24–ാം തീയതി പഴയ സിമ്മനാരിപ്പള്ളിയിൽ കബറടങ്ങുകയും ചെയ്തു. ലത്തീൻ മെത്രാൻമാരെഅടക്കുന്ന രീതിയിൽ ഇദ്ദേഹത്തെ കിടത്തിയാണ് സംസ്ക്കരിച്ചിരിക്കുന്നത് എന്നുള്ളതും സ്മർത്തവ്യമാണ്.

## ദിവന്നാസ്യോസ് 3-ാമനും പ്രോട്ടസ്ററൻറുകാരും

മാർദിവന്നാസ്യോസ് രണ്ടാമൻ തൻെറ പിൻഗാമിയായി പുന്നത്ര മാർ ദിവന്നാസ്യോസ്മൂന്നാമനെ തൊഴിയൂർ മാർ പീലക്സിനോസിനെക്കൊണ്ടു 1817–ൽ വാഴിപ്പിച്ചു. ഇദ്ദേഹത്തിൻെറ കാലത്തു ബെയിലി, ബേക്കർ, ഫെൻ, നോർട്ടൻ, എന്നിങ്ങനെ നാലു സി എം. എസ്. മിഷനറിമാർ കോട്ടയത്തുവന്നു. മാർ ദിവന്നാസ്യോസ് മൂന്നാമൻഅവരെ സ്വീകരിച്ചു. നോർട്ടൻ ആലപ്പുഴ താമസിച്ചു മിഷൻ പ്രവർത്തനം നടത്തി. ശേഷംപേർ കോട്ടയത്തു താമസിച്ചു. ഫെനും ബെയിലിയും കൂടി പഴയ സിമ്മനാരിയിൽ താമസിച്ചു ശെമ്മാശൻമാരെ പഠിപ്പിച്ചുകൊണ്ടിരുന്നു. അവിവാഹിതരായ സുറിയാനിവൈദികർപ്രോട്ടസ്ററൻറുകാരെപ്പോലെ വിവാഹിതരാകുവാൻവേണ്ടി വിവാഹം കഴിക്കുന്ന വൈദികർക്കു സ്ത്രീധനത്തോളം വരുന്ന ഓരോ തുക അവർ പാരിതോഷികമായി കൊടുത്തുകൊണ്ടിരുന്നു.

www.malankaralibrary.com



1825-ൽ മറുദീനിൽനിന്നും മാർ അത്താനാസ്യോസ് എന്നൊരു മെത്രാൻ കേരളത്തിൽ വന്നു. അദ്ദേഹം വഴക്കുണ്ടാക്കുവാൻ വന്നിരിക്കുകയാണെന്നും മററുമുള്ള കുററങ്ങൾചുമത്തി പ്രോട്ടസ്ററൻറുകാരുടെ പ്രേരണയാൽ അദ്ദേഹത്തെ കപ്പൽ കയററി തിരിച്ചയപ്പിച്ചു. പണ്ടു പോർട്ടുഗീസുകാർ ചെയ്തതുംഇതുതന്നെയായിരുന്നുവല്ലോ. മാർ ദിവന്നാസ്യോസ് മൂന്നാമൻ 1825 മെയ് 16-ാം തീയതി കോട്ടയം ചെറിയപള്ളിയിൽ കബറടങ്ങി.

## ചേപ്പാട്ടു മാർ ദിവന്നാസ്യോസ് 4-ാമൻ

അദ്ദേഹത്തിൻെറ പിൻഗാമിയായി വന്നത് ഈ ഗ്രന്ഥകാരൻെറപിതൃപിതാമഹനായ ചേപ്പാട്ടു പീലിപ്പോസ് മാർ ദിവന്നാസ്യോസ് നാലാമൻ ആയിരുന്നു. തൊഴിയൂരെ കിടങ്ങൻ മാർ പീലക്സിനോസ് ആണ് 1825 ഓഗസ്ററു 31-ാം തീയതി കോട്ടയം ചെറിയ പള്ളിയിൽവച്ച് ഇദ്ദേഹത്തിനു മെത്രാൻസ്ഥാനം നൽകിയത്. തിരുവിതാംകൂർ മഹാരാജാവ് ഒരു തിരുവെഴുത്തു വിളംബരംമൂലം അദ്ദേഹത്തിനു സ്വന്തംജനങ്ങളുടെമേൽ ചിലലൗകാകാധികാരങ്ങൾ കൂടി നൽകി. അങ്ങനെയിരിക്കെ പ്രോട്ടസ്ററൻറുകാരുടെ നവീന ഉപദേശത്തിലെ ചില പിശകുകൾഇദ്ദേഹം എടുത്തു കാണിച്ചുകൊണ്ട് അതുവിലക്കുവാൻ തുടങ്ങി. സി. എം. എസ്. കാർക്ക് അതു തീരെ ഇഷ്ടപ്പെട്ടില്ല. പരേതർക്കുവേണ്ടിയുള്ള പ്രാർത്ഥനയും പരിശുദ്ധൻമാരോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയുമായിരുന്നു അവയിൽ പ്രധാനപ്പെട്ടവ. അവയെക്കുറിച്ചുള്ള തീരുമാനം എടുക്കുന്നതിനുവേണ്ടി1836-ജനു. 16-ാം തീയതി മാവേലിക്കരവച്ചു ഒരു പൊതുയോഗംകൂടി പാത്രിയർക്കീസിൻെറ അനുവാദം കൂടാതെ ആരാധനാക്രമങ്ങളും കൂദാശപുസ്തകങ്ങളും ഒന്നും വ്യത്യാസപ്പെടുത്തുവാൻ പാടില്ലെന്നു അവിടെവച്ചു തീർച്ചപ്പെടുത്തി. ഇതു കണ്ടപ്പോൾ സി, എം. എസ്. മിഷനറിമാർ നിരാശപ്പെട്ടു. സുറിയാനിക്കാരുമായുള്ള ബന്ധം വിടണ

www.malankaralibrary.com



മെന്നു നിശ്ചയിച്ചു. 1836-ൽ ജോസഫ് പീററ് എന്നൊരു മിഷനറി സായ്പു കോട്ടയംപഴയസെമിനാരിയിലുണ്ടായിരുന്ന സുറിയാനിഗ്രന്ഥങ്ങളും മൺട്രോത്തുരുത്തിൻെറ ആധാരങ്ങളും മററു പല റിക്കാർഡുകളും എടുത്തു അദ്ദേഹത്തിൻെറ വസതിയിലേക്കു കൊണ്ടുപോയി. ഇവ തിരിച്ചുകൊടുക്കാതെയിരുന്നതിനാൽ 1838-ൽ പഴയ സെമ്മിനാരിയിലെ വൈദികവിദ്യാർത്ഥികളെ മിഷനറിമാർ പഠിപ്പിക്കുന്ന പതിവു നിറുത്തി. അതിൽ അസംതൃപ്തരായ മിഷനറിമാർ സുറിയാനിക്കാരുമായുള്ള കൂട്ടുതേട്ടങ്ങരം വീതിച്ചു പിരിയുന്നതിന് ആവശ്യപ്പെട്ടതിനാൽ ഒരു മദ്ധ്യസ്ഥകോടതി ഏർപ്പെടുത്തി. കൊച്ചി പഞ്ചായത്തുകോടതി എന്ന പേരിലാണ് അത് അറിയപ്പെടുന്നത്. സ്ഥാവരവസ്തുക്കരം സുറിയാനിക്കാർക്കും സി. എം. എസു കാർക്കുമായി വീതിച്ചു. പഴയ സിമ്മനാരിയും വട്ടിപ്പണവും സുറിയാനിക്കാർക്കു ലഭിച്ചു. മൺട്രോത്തുരുത്തും കോട്ടയം സി. എം. എസ് കോളജ് മുതലായവയും സി. എം. എസ് കാരെടുത്തു. ഇതോടുകൂടെ ചില സുറിയാനിക്കാരും സി, എം. എസ്. കാരായിത്തീർന്നു.

## പാത്രിയർക്കീസിൻെറ ദുർഭരണം

അന്നു മാരാമണ്ണു പാലക്കുന്നത്തു ഏബ്രഹാം മൽപ്പാൻ എന്നൊരാളുണ്ടായിരുന്നു, അദ്ദേഹം സി. എം. എസ്. കാരുടെ ശമ്പളം പററി പഴയ സിമ്മനാരിയിൽ മൽപ്പാനായി ശെമ്മാശൻമാരെ പഠിപ്പിച്ചു വരികയായിരുന്നു. അദ്ദേഹത്തിൻെറ അനന്തിരവനായി ഒരുമാത്യൂസ്ശെമ്മാശനുമുണ്ടായിരുന്നു, അദ്ദേഹം നല്ലസമർത്ഥനായിരുന്നു. സി. എം. എസുകാരുടെ സഹായത്താൽ ആ ശെമ്മാശനെ മറുദീനീൽ യാക്കോബായ പാത്രിയർക്കീസായ മാർ ഏലിയാസിൻെറ അടുക്കൽകൊണ്ടുപോയി. അദ്ദേഹത്തിൻെറ മേലധികാരത്തിലിരുന്നുകൊള്ളാമെന്നു സമ്മതിച്ചുകൊണ്ട് അദ്ദേഹം മാർ അത്താ

www.malankaralibrary.com



നാസ്യോസ് എന്ന പേരിൽ മെത്രാനായി. അങ്ങനെ ഇദ്ദേഹം സഭാഭരണം പാത്രിയർക്കീസിൻെറ കീഴിലാക്കിത്തീർത്തു.

## മാർ ദിവന്നാസ്യോസിൻെറ രാജി

മലങ്കരയിൽ ഒരു മെത്രാനുള്ളപ്പോൾ പ്രോട്ടസ്ററൻറു അനുഭാവിയായ ഒരാളെ മെത്രാനായി വാഴിച്ചു വലിയ വഴക്കിനും വക്കാണത്തിനും ഇടയാക്കിയതു ശരിയല്ലെന്നും അതിനെന്തെങ്കിലും പരിഹാരമുണ്ടാക്കണമെന്നും മററും കാണിച്ചു സുറിയാനിക്കാർ പാത്രിയർക്കീസിൻെറ പേർക്കു ഹർജികളയച്ചു. ഉടനെ 1846-ൽ മാർ കൂറിലോസ് എന്നൊരു മെത്രാനെമലങ്കരക്കയച്ചു. വേണ്ട അന്വേഷണം നടത്തിയശേഷം തീരുമാനകൽപ്പനകൾ എഴുതുന്നതിനായി പാത്രിയർക്കീസുബാവായുടെ ഒപ്പും മുദ്രയും വച്ച കുറെ വെള്ളക്കടലാസുകളും അദ്ദേഹം കൊണ്ടുവന്നിരുന്നു.

എന്നാൽ ഇത്തരം നടപടികൾ ശരിയല്ലെന്നും ഇങ്ങനെ കല്പനകൾഎഴുതിയാൽ അതു തീരാത്ത വ്യവഹാരത്തിൽ ചെന്ന് അവസാനിക്കുമെന്നും അതിനാൽ മാർ കൂറിലോസിനിഷ്ടമെങ്കിൽ തൻെറ മലങ്കര മെത്രാൻ സ്ഥാനം ഒഴിഞ്ഞുതരാമെന്നും മാർ ദിവന്നാസ്യോസ് പറഞ്ഞു. മാർ കൂറിലോസിനു അതു സന്തോഷമായി. അങ്ങനെ 1852-ൽ ചേപ്പാട്ടു മാർ ദിവന്നാസ്യോസ് തൻെറ അധികാരങ്ങൾ മാർ കൂറിലോസിൻെറ പേർക്കു എഴുതിക്കൊടുത്തശേഷം 1853 ഒക്ടോബർ 12-ാംതീയതി ചേപ്പാട്ടു പള്ളിയിൽ കബറടങ്ങുകയും ചെയ്തു. ഇദ്ദേഹംകബറടങ്ങിയതിൻെറ ശതവൽസരസ്മരണ എത്യോപ്യൻ ചക്രവർത്തിയായ ഹെയിലിസെലാസി തിരുമനസ്സിലെ സാന്നിദ്ധ്യത്തിൽ ആണ് 1954-ൽ നിർവഹിക്കപ്പെട്ടത് എന്നുള്ളതും സ്മർത്തവ്യമാണ്.

## മാത്യൂസ് മാർ അത്താനാസിയോസ്

ചേപ്പാട്ടു മാർ ദിവന്നാസ്യോസ് നാലാമൻ ജോലി രാജിവച്ചിരിക്കുന്നതിനാൽ തന്നെ മലങ്കരമെത്രാനായി

www.malankaralibrary.com



പ്രഖ്യാപിക്കണമെന്ന് മാത്യൂസ് മാർ അത്താനാസ്യോസ് റസിഡൻറിനോടും മററും ആവശ്യപ്പെട്ടു. അതറിഞ്ഞ് മാർ കൂറിലോസ് ഒപ്പും മുദ്രയും വയ്പ്പിച്ചു കൊണ്ടുവന്നിരുന്ന ഒരു കടലാസിൽ മാത്യൂസ് മാർ അത്താനാസ്യോസിനു ഒരു മുടക്കു കൽപനയും പാത്രിയർക്കീസിൻെറ ഒപ്പും മുദ്രയും വച്ച വേറൊരുകടലാസിൽ മാർ കൂറിലോസിനെ മലങ്കരമെത്രാനാക്കിയിരിക്കുന്നതായി വേറൊരു കല്പനയും എഴുതി പ്രസിദ്ധം ചെയ്തു. അതുമൂലം മലങ്കരമെത്രാൻ സ്ഥാനത്തിനു മാർ കൂറിലോസും മാത്യൂസ് മാർ അത്താനാസ്യോസും തമ്മിൽ കേസായി.

മാർ കൂറിലോസ് പള്ളികളൊക്കെയും സന്ദർശിച്ചുവരവേ പുതുപ്പള്ളിയിൽ ചെന്നപ്പോൾ മുടക്കപ്പെട്ട മാത്യൂസ് മാർ അത്താനാസ്യോസിൽനിന്ന് പട്ടമേററ കരാപ്പുഴയച്ചൻ വി. കുർബാനചൊല്ലുന്ന സമയം അത് കുർബാനയല്ലെന്നും പറഞ്ഞുകൊണ്ട് തട്ടി താഴെയിട്ടു ചെരിപ്പുകൊണ്ടു ചവിട്ടിതേച്ചു കളയുകയുണ്ടായി. ജനങ്ങളെല്ലാം ഇതുകണ്ട് അമ്പരന്നുപോയി.

ഈ മെത്രാൻമാർ തമ്മിലുള്ള കേസ്കേട്ടു തീരുമാനിക്കുന്നതിനു ഗവൺമെൻറു കൊല്ലത്തു ഒരു പഞ്ചായത്തുകോടതി ഏർപ്പെടുത്തി. അവരുടെ പരിശോധനയിൽ കല്പനയിലെ ഒപ്പിൻെറമഷിയും. വാചകങ്ങളുടെമഷിയും തമ്മിൽ നിറത്തിലും പഴക്കത്തിലും വളരെ വ്യത്യാസമുണ്ടെന്നുകണ്ടുപിടിക്കുകയും കല്പനകൾ ശരിയല്ലെന്ന് തെളിയുകയും ചെയ്യുകയാൽ കേസ് മാത്യൂസ് മാർ അത്താനാസ്യോസിനു അനുകൂലമായി 1852—ൽ വിധിച്ചു. അതോടുകൂടി മഹാരാജാവിൻെറ തിരുവെഴുത്തു വിളംബരവും അദ്ദേഹത്തിനുലഭിച്ചു. അങ്ങനെ മാത്യൂസ് മാർഅത്താനാസ്യോസ്യാക്കോബായക്കാരുടെ മലങ്കരമെത്രാനായി 1877 വരെ ഇരുന്നു.

www.malankaralibrary.com

## അദ്ധ്യായം 10

## രണ്ടു ശീശ്മകൾ—1 റോക്കോസ് ശീശ്മ

കേരളസുറിയാനിക്കാർ പേർഷയിലേക്കയച്ച സങ്കടഹർജിയനുസരിച്ച് സുറിയാനി മെത്രാൻമാരെ ലഭിക്കാതെ ബർണർദീനോസ് എന്ന മെത്രാന്റെ ഭരണത്തിൻകീഴിൽ അവർ അസംതൃപ്തരായികഴിഞ്ഞുവരുന്ന കാലത്ത് 1853—ൽ ദനഹാ ബർയോനാ എന്നൊരു സുറിയാനി വൈദികൻ പേർഷ്യയിൽനിന്നും വന്നു കുറവിലങ്ങാട്ടു താമസിച്ചിരുന്നു. അദ്ദേഹം മടങ്ങിപ്പോയപ്പോറം ചിലനാട്ടുകാർ കൂടെ അദ്ദേഹത്തോടൊരുമിച്ചു പേർഷ്യായിലേക്കുപോയി. പേർഷ്യയിലെ മെത്രാൻമാർ കേരളത്തിലെ സുറിയാനിക്കാരുടെ ഭരണത്തിൽ കയ്യിടരുതെന്നും മേലാൽ കേരളത്തിലേക്കു മെത്രാൻമാരെ അയക്കരുതെന്നും റോമിൽനിന്നുംവിലക്കിയിരുന്ന ഒരു കാലഘട്ടമായിരുന്നു അത്.

എങ്കിലും കേരളത്തിൽനിന്നും ചെന്ന സുറിയാനിക്കാരുടെ നിർബന്ധം മൂലം 1861—ൽ റോക്കോസ് എന്നൊരു കൽദായമെത്രാൻ പേർഷ്യയിൽനിന്നും കേരളത്തിൽ വന്നു. അദ്ദേഹത്തെ പല പള്ളിക്കാരും എഴുന്നെള്ളിച്ചുകൊണ്ടുപോയി. ചിലരെല്ലാം അതിൽഅസംതൃപ്തി പ്രദർശിപ്പിച്ചു. ലത്തീൻ മെത്രാൻമാരുടെ കീഴിലാണെങ്കിലും സമാധാനമായി കഴിഞ്ഞുവരുന്ന പഴയ കൂററുകാരുടെയിടയിൽ മേലധികാരികളുടെ സമ്മതമില്ലാതെ ഇത്തരമൊരു സ്വീകരണം നടത്തുന്നതു ശീശ്മയാണെന്നു പറഞ്ഞു പലരും ഇതിൽ വിരോധം പ്രകടിപ്പിച്ചു. കേരളസുറിയാനിക്കാരുടെ ഇടയിൽ അഭിപ്രായഭിന്നതഉണ്ടാകുന്നുണ്ടെന്നറിഞ്ഞപ്പോറം പേർഷ്യയിലെ മെത്രാപ്പോലീത്ത അദ്ദേഹത്തെ തിരികെവിളിച്ചു. അങ്ങനെ ആ ശീശ്മ അവസാനിച്ചു.

www.malankaralibrary.com



## 2 മേലൂസ് ശീശ്മ

1874—ൽ മേലൂസ് എന്നു പേരുള്ള ഒരു മെത്രാൻ പേർഷ്യയിൽനിന്നും കേരളത്തിൽ വന്നു. അപ്പോഠം അദ്ദേഹം പള്ളിയിൽ കയറുന്നതിനെ നിരോധിക്കണമെന്നുകാണിച്ച് അന്നത്തെ ഭരണം നടത്തിവന്ന അഡ്മിനിസ്ട്രേററർ മദ്രാസ് ഹൈക്കോടതിയിൽ കേസുകൊടുത്തു. ആ പരാതിപ്രകാരം മേലൂസ് മെത്രാൻെറ പ്രവേശനം കോടതി തടഞ്ഞു. ആ വിവരം പേർഷ്യായിൽ അറിഞ്ഞപ്പോഠംഅദ്ദേഹംമടങ്ങിച്ചെല്ലുവാൻ കല്പനയായി. തദനുസരണം അദ്ദേഹം മടങ്ങിപ്പോയതിനാൽ ആ ശീശ്മയും അവസാനിച്ചു.

## തൃശൂർ, കോട്ടയം വികാരിയാത്തുകൾ

ഇത്രയുമായപ്പോഴേക്ക് സുറിയാനിക്കാർക്ക് സ്വന്തം മെത്രാൻമാരെ കൊടുത്തെങ്കിലേ ശാശ്വതമായ സമാധാനമുണ്ടാകുകയുള്ളു എന്നു റോമിലും ബോധ്യമായി. ലെയോൻ പതിമൂന്നാമൻ മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് 1887 മെയ്മാസം 20—ാം തീയതി സുറിയാനിക്കാർക്കായി തൃശൂർ, കോട്ടയം, എന്നീരണ്ടു വികാരിയാത്തുകഠം അനുവദിച്ചു. തൃശൂർ വികാരിയാത്തിൻെറ വികാരി അപ്പസ്തോലിക്കയായി മെഡ്ലിക്കോട്ടു മെത്രാനെയും കോട്ടയം വികാരിയാത്തിൻെറ അപ്പസ്തോലിക്കായായി ചാററൽസ് ലവീഞ്ഞു മെത്രാനെയും നിയമിച്ചു. ഈ വികാരിയാത്തുകളെ 1896—ൻ തൃശൂർ, എറണാകുളം, ചങ്ങനാശേരി എന്നിങ്ങനെ മൂന്നു വികാരിയാത്തുകഠംആക്കിത്തീർക്കുകയും നാട്ടുകാരായ മൂന്നു സുറിയാനിമെത്രാൻമാരെ നിയമിക്കുകയും ചെയ്തു. 1911—ൽ തെക്കുംഭാഗക്കാർക്കായി പത്താം പീയൂസ് മാർപാപ്പാ കോട്ടയത്ത് ഒരു വികാരിയാത്ത് അനുവദിച്ചു. 11—ാം പീയൂസ് മാർപാപ്പാ 1923- ൽ സിറോ മലബാർ ഹൈരാർക്കി സ്ഥാപിക്കുകയും ഡോക്ററർ അഗസ്ററീൻകണ്ടത്തിലിനെഎറണാകുളം മെത്രാപ്പോലീത്തായാക്കുകയും വികാരിയാത്തുകഠം രൂപതകളാക്കി ഉയർത്തുകയും ചെയ്തു.

www.malankaralibrary.com



1950–ൽ എറണാകുളം രൂപതയെ വിഭജിച്ചു കോതമംഗലത്തും ചങ്ങനാശേരിരൂപതയെവിഭജിച്ചുപാലായിലും രണ്ടു പുതിയരൂപതകഠസ്ഥാപിച്ചു 1966-ൽ ചങ്ങനാശേരി രൂപതയെ അതിരൂപതയാക്കി ഉയർത്തുകയും ചെയ്തു. 1953-ൽ തലശ്ശേരിയിൽ വേറെ ഒരു രൂപതകൂടെ അനുവദിച്ചു. 1955-ൽ ചങ്ങനാശ്ശേരി രൂപതയുടെ ഭരണാതിർത്തി തെക്കോട്ടു കന്യാകുമാരി വരെയും തലശ്ശേരിരൂപതയുടെ അതിർത്തിമൈസൂർ സംസ്ഥാനത്തിൻെറ അതിർത്തിവരെയും ആക്കി സ്ഥിരപ്പെടുത്തി. 1973–ൽ തലശേരി രൂപത വിഭജിച്ചു മാനന്തവാടി രൂപതയും 1974–ൽ തൃശൂർ രൂപതയെ വിഭജിച്ചു പാലക്കാട്ടു രൂപതയും 1977–ൽചങ്ങനാശ്ശേരി രൂപത വീണ്ടും വിഭജിച്ച് കാഞ്ഞിരപ്പള്ളിരൂപതയും 1978–ൽ തൃശൂർ രൂപത വീണ്ടും വിഭജിച്ച് ഇരിങ്ങാലക്കുടരൂപതയും 1986-ൽ മാനന്തവാടിരൂപത വിഭജിച്ച് താമരശേരി രൂപതയും സ്ഥാപിച്ചപ്പോഠ സീറോ മലബാർ രൂപതകഠ ആകെ പന്ത്രണ്ട് ആയി. കൂടാതെ വടക്കേ ഇന്ത്യയിൽ ചാന്ദാ മിഷൻ (1962) ഉജ്ജെജൻ (1968) സാററ്നാ (1968) സാഗർ (1968) ജഗദൽപൂർ (1972) ബിജ്നോർ (1972) എന്നീ എക്സാർക്കറ്റുകളും സ്ഥാപിതമായി. 1977–ശ ചാന്ദ് ഉജ്ജെജൻ, നാററ്നാ, സാഗർ, ജഗദൽപൂർ, എന്നീഎക്സാർക്കറ്റുകഠ രൂപതകളായി ഉയർത്തപ്പെട്ടു. ആ വർഷം തന്നെ രാജ്ക്കോട്ട് എന്ന ഒരു പുതിയ രൂപതയും മലബാർസഭയെ ഏല്പ്പിച്ചു. 1988-ൽ ബോംബേ, പൂനാ എന്നീ പ്രദേശങ്ങഠ ഉഠക്കൊള്ളിച്ചുകൊണ്ട് മലബാർ സഭയ്ക്കു ഒരു പുതിയ രൂപതകൂടി ഉണ്ടായി.

## മാർ ദിവന്നാസ്യോസ് അഞ്ചാമൻ

മാത്യൂസ് മാർ അത്താനാസ്യോസ് (1842–77)യാക്കോബായക്കാരുടെ മലങ്കരമെത്രാനായിഭരണം നടത്തിത്തുടങ്ങി. എങ്കിലും പ്രോട്ടസ്ററൻറുപദേശത്തെ പിൻതാങ്ങിനിന്നതിനാൽ ജനങ്ങളിൽഭൂരിഭാഗവും അദ്ദേഹത്തോടെതിർത്തുനിന്നു. അവർ പുലിക്കോട്ടുജോസഫ്

www.malankaralibrary.com



കത്തനാരെ മറുദീനിൽയാക്കോബായപാത്രിയർക്കീസിന്റെ അടുക്കലേക്കയപ്പിച്ച് 1865—ൽ മാർ ദീവന്നാസ്യോസ് എന്ന പേരിൽ മെത്രാനായി വാഴിപ്പിച്ചു. ഇത്തവണയും മലങ്കരയാക്കോബായക്കാരെ ഭരിച്ചുകൊണ്ടിരുന്ന മെത്രാനോടു പാത്രിയർക്കീസ് ചോദിച്ചല്ല ഈ മെത്രാൻ വാഴ്ച നടത്തിയത്. മാർ ദിവന്നാസ്യോസ് കോട്ടയത്തു വന്നു താമസമാക്കി.

## തോമസ് മാർ അത്താനാസ്യോസ് മെത്രാൻ

മാത്യൂസ്മാർഅത്താനാസ്യോസ് തന്റെ ഒരുഅനന്തരവനെ 1868—ൽ തോമസ് മാർ അത്താനാസ്യോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു തന്റെ സഹായിയാക്കി. ഈ വിവരങ്ങളെല്ലാം കാണിച്ചു മാർ ദിവന്നാസ്യോസ് മറുദീനിലെ പാത്രിയർക്കീസിന്റെ പേർക്കു എഴുതിഅയച്ചു. തൽഫലമായി മാർ പത്രോസ്പാത്രിയർക്കീസ് 1875—ൽ മലബാറിലേക്കു വന്നു.

## മുളന്തുരുത്തി സുന്നഹദോസ്

അദ്ദേഹം വന്ന് അധികം താമസിക്കുന്നതിനു മുമ്പെ മുളന്തുരുത്തിയിൽ ഒരു സുന്നഹദോസ് വിളിച്ചുകൂട്ടി. മലങ്കര യാക്കോബായ സഭയെ കൊച്ചി അങ്കമാലി, കണ്ടനാട്. കോട്ടയം. നിരണം, തുമ്പമൺ കൊല്ലം എന്നിങ്ങനെ ഏഴുമെത്രാസന ഇടവകകളായി തിരിച്ചു. അവയ്ക്കു മെത്രാൻമാരെയും നിയമിച്ചു. പൊതുസഭാ ഭരണത്തിനു മലങ്കര അസോസ്യേഷൻ എന്നും മലങ്കര സഭാമാനേജിംഗ് കമ്മററി എന്നും രണ്ട് കമ്മററികളേയും ഏർപ്പെടുത്തി.

1877-ൽ മാത്യൂസ് മാർ അത്താനാസ്യോസ് തന്റെ അനന്തരവൻ തോമസ് മാർ അത്താനാസ്യോസിനെ യാക്കോബായക്കാരുടെ മലങ്കര മെത്രാനാക്കി ചാർജേൽപ്പിച്ചശേഷം നിര്യാതനായി. ഉടനെ പത്രോസ് പാത്രിയർക്കീസ്ബാവാമാർ തോമസ് അത്താനാസ്യോസിനെ മലങ്കരമെത്രാനാക്കി നിയമിച്ചു. അനന്തരം അദ്ദേഹം ശീമയ്ക്കു മടങ്ങിപ്പോകയും ചെയ്തു. തുടർന്നു മാർ ദിവന്നാസ്യോസ്,തോമസ് മാർ അത്താനാസ്യോസിനെ

www.malankaralibrary.com



പള്ളികളിൽ നിന്നൊഴിപ്പിച്ചുകിട്ടുവാനായി 1879–ൽ ഒരു കേസു കൊടുക്കുകയും ചെയ്തു.

## ഏഴാം പുനരൈക്യശ്രമം

ഈ മാർ ദിവന്നാസ്യോസ് അഞ്ചാമന്റെ കാലത്തും ഒരു പുനരൈക്യാലോചന നടന്നു. ഫാദർ ഇമ്മാനുവേൽ നിധിയിരിയായിരുന്നു പഴയകൂററുകാരുടെ ആരംഭേരായി പ്രവർത്തിച്ചുകൊണ്ടിരുന്നത്. നിധിയിരിമാണിക്കത്തനാര് എന്ന പേരിലാണ് അദ്ദേഹം അറിയപ്പെട്ടുവന്നത്.

ഈ ആലോചനപ്രായോഗികമാക്കുന്നതിനുവേണ്ടി "നസ്രാണി ജാത്യൈകസംഘം" എന്ന പേരിൽ ഒരു സംഘം കോട്ടയത്തു സ്ഥാപിച്ചു. ആ സംഘത്തിനു ഒരു ആഫീസ് സ്ഥാപിക്കുവാനായി ജെയിംസ് ഡാറായോടു കോട്ടയത്തുള്ള വുഡ്ലാൻറ് എസ്റേററ് മാർ ദിവന്നാസ്യോസിന്റെയും നിധിയിരി മാണിക്കത്തനാരുടെയും പേർക്ക് തീറാധാരമെഴുതി വാങ്ങിച്ചു. മാണിക്കത്തനാർ അവിടെ താമസവുമാക്കി. മാർ ദിവന്നാസ്യോസിന് അന്ന് വ്യവഹാര കാലമായതിനാൽ ഈ വസ്തുവിന്റെ വിലയിൽ ഭൂരിഭാഗം കൊടുത്തത് മാണിക്കത്തനാരുടെ പാർട്ടിക്കാരായിരുന്നു. അങ്ങനെയിരിക്കെ 1887-ൽ മാർ തോമസ് അത്തനാസ്യോസുമായുള്ള കേസ് മാർ ദിവന്നാസ്യോസിനനുകൂലമായി വിധിച്ചു. ഈ ഘട്ടത്തിൽ തനിക്കു കൂടി അവകാശമുള്ള വുഡ്ലാൻറ് എസ്റേററിൽ തന്റെ ഒരാളെപ്പോലും താമസിപ്പിക്കാതെ തനിക്കുള്ളഅവകാശം പരിത്യാജ്യമായി കിടക്കുന്നത് ശരിയല്ലെന്നു കരുതി അദ്ദേഹം നിധിയിരിമാണിക്കത്തനാരെ വരുത്തി തന്റെ ഒരാളെക്കൂടെ എസ്റേററുബംഗ്ലാവിൽ താമസിപ്പിക്കുന്നതിന് അനുവദിപ്പിച്ചു. അങ്ങനെ ഒരു പുത്തൻകൂർ വൈദികനെക്കൂടെ അവിടെ താമസിപ്പിക്കുകയും ചെയ്തു.

ആ യാക്കോബായ വൈദികൻ വിവാഹിതനായിരുന്നു. കുറെ ദിവസം കഴിഞ്ഞപ്പോൾ ആ വൈദിക

www.malankaralibrary.com



ൻെറ ഭാര്യയും മക്കളുംകൂടെ അവിടെചെന്ന് അദ്ദേഹത്തോടുകൂടെ ബംഗ്ലാവിൽ താമസമാക്കി. വൃതാനുഷ്ഠാനക്കാരനായ മാണിക്കത്തനാർക്ക് ഇതു വലിയ ഉപദ്രവമായിതീർന്നു. അതേതുടർന്ന് മാണിക്കത്തനാരുടെ ഈ താമസത്തെപ്പററി പല ആക്ഷേപഹർജികളും ചങ്ങനാശേരിയിലെ ലവീഞ്ഞ് മെത്രാൻെറ പേർക്കു തുരുതുരെ ചെന്നുതുടങ്ങി. യൂറോപ്യനായ അദ്ദേഹം മാണിക്കത്തനാർ ഉടനെ അവിടെനിന്നുംമാറി താമസിക്കുവാൻ കല്പന കൊടുക്കുകയും അച്ചൻ ഉടനെ സ്ഥലംവിട്ടുപോകയും ചെയ്തു. പിന്നീടു മാർ ദീവന്നാസ്യോസ് തൻെറ പേരിൽ അവിടെ ഒരു ഇംഗ്ലീഷ് ഹൈസ്കൂളും ഒരു ചാപ്പലും സ്ഥാപിച്ചു. എസ്റേററിൽ വേറൊരു ഭാഗത്തായി മനോരമ പ്രസ്സും സ്ഥാപിച്ചു. 1888 മുതൽ അവിടെ നിന്നു മനോരമ പ്രസിദ്ധം ചെയ്തുതുടങ്ങി. ഇങ്ങനെ കാര്യങ്ങൾ മുമ്പോട്ടു പോയപ്പോൾ ജാത്യൈകസംഘവും പുനരൈക്യാലോചനയും ഇല്ലാതെയായി, അതിനിടയിൽ ഓരോ പള്ളിയിൽ നിന്നും മാർ അത്തനാസ്യോസിൻെറ കക്ഷിക്കാരെ ഇറക്കിക്കിട്ടുന്നതിനു മാർ ദിവന്നാസ്യോസ് കേസുകൊടുത്ത് അവരെയെല്ലാം ഒഴിപ്പിച്ചു പള്ളികളെല്ലാം സ്വാതന്ത്ര്യപ്പെടുത്തി എടുക്കുകയും ചെയ്തു.

## മാർതോമ്മാസഭ

കേസിൽ തോററ് പള്ളികളിൽനിന്നെല്ലാം ഇറങ്ങേണ്ടിവന്നപ്പോൾ മാർ തോമസ് അത്തനാസ്യോസ് തൻെറ അനുഭാവികളെ ചേർത്ത് ഒരു പുതിയ സഭ തുടങ്ങി. ആദ്യകാലത്ത് നവീകരണക്കാരെന്നും മാർ തോമ്മാമെത്രാൻ കക്ഷിയെന്നും അവർക്കു പേർ പറയപ്പെട്ടിരുന്നു. എങ്കിലും മാർതോമ്മാസഭക്കാരെന്ന പേരിലാണ് അവർ ഇപ്പോൾ അറിയപ്പെടുന്നത്. ഈ തോമസ് മാർഅത്താനാസ്യോസ് കാലംചെയ്തപ്പോൾ അദ്ദേഹത്തിൻെറ പിൻഗാമിയായി തിത്തൂസ് മാർ തോമ്മാ മെത്രാപ്പോലീത്താ (1894—1910) ഭരിച്ചു.

www.malankaralibrary.com



അദ്ദേഹം കബറടങ്ങിയപ്പോൾതീത്തൂസ്മാർത്തോമ്മാ രണ്ടാമൻ (1910—1944) ഭരിച്ചു. അദ്ദേഹത്തിൻെറ പിൻഗാമിയായി എബ്രാഹാം മാർത്തോമ്മാ1944–1947 ഭരിച്ചു. അദ്ദേഹം കാലം ചെയ്തപ്പോൾ മാർ യൂഹാനോൻ മാർത്തോമ്മായെ 1947—ൽ അദ്ദേഹത്തിൻെറപിൻ ഗാമിയായി വാഴിച്ചു. അദ്ദേഹം 1976-ൽ കബറടങ്ങിയപ്പോൾ അലക്സാണ്ഡർ മാർ തോമയോഫിലോസ് മാർത്തോമ്മാ മെത്രാപ്പോലിത്തയായി സ്ഥാനമേററു. സഫ്രഗൻ മെത്രാപ്പോലീത്താമാരായി പീലിപ്പോസ് മാർക്രിസോസ്ററം, തോമസ് മാർ അത്താനാസിയോസ് എന്നിവരെ 1952-ലും ജോസഫ് മാർ ഐറേനിയസ്, ഈശോമാർതീമോത്തിയോസീ എന്നിവരെ 1974-ലും സക്കറിയാസ് മാർ തെയോഫിലോസിനെ 1980 ലും വാഴിച്ചു. ഇവരിൽ തോമസ് മാർ അത്തനാസിയോസ് 1986 ലും, ഈശോമാർതിമോത്തിയോസ് 1988 ലും കാലം ചെയ്തു.

## സെൻററ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച്

മാർതോമ്മാസഭയിലെ മെത്രാപ്പോലീത്താതിരുമേനിയും കുറെ ജനങ്ങളും യാക്കോബായവിശ്വാസത്തിലേക്കു പിൻതിരിയുന്നു എന്നും എബ്രഹാം മല്പാൻെറ പരിഷ്ക്കാരങ്ങൾ മുഴുവൻ നടപ്പിൽ വരുത്തുന്നില്ലെന്നും അവരിലൊരു കൂട്ടം വൈദികർക്കും ജനങ്ങൾക്കും തോന്നിത്തുടങ്ങി. അവരെ പഥ്യോപദേശക്കാരെന്നും മെത്രാപ്പോലീത്തായുടെ കക്ഷിക്കാരെ സത്യോപദേശക്കാരെന്നും വിളിക്കുന്നു. ഈ പഥ്യോപദേശക്കാരിൽപെട്ട നാലുവൈദികരെ മെത്രാപ്പോലീത്താ മുടക്കി. മററു ചിലരെ അംശം മുടക്കി. ഉടനെ അവർ ഒരു പുതിയ കൂട്ടമായി തിരിഞ്ഞു. ആ കൂട്ടത്തിനു "സെൻററ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് ഇൻഡ്യ" എന്നപേർ കൊടുത്തു. അതിലെ ബിഷോപ്പൻമാരായി കെ. എൻ, ഉമ്മൻകശീശായേയും മെത്രാപ്പോലീത്തായാൽ മുടക്കപ്പെട്ട പി. ജോൺവറുഗീസ് കശീശയേയും അവരുടെ പതിനെട്ടു കശീശൻമാർ കൂടി ഒരു വലിയജനക്കൂട്ടത്തിൻെറ സാന്നിദ്ധ്യത്തിൽ

www.malankaralibrary.com



വച്ചു 1960 ജനുവരി 26–ാം തീയതി നിയമിച്ചു. അഞ്ചു വർഷത്തേക്കാണ് പ്രിസൈഡിംഗ് ബിഷപ്പിന്റെ ഭരണകാലാവധി. അതുകഴിഞ്ഞാൻ വേറെ പ്രിസൈഡിംഗ് ബിഷപ്പിനെ ഭൂരിപക്ഷം വോട്ടുമൂലം തിരഞ്ഞെടുക്കണം. എന്നാൽ 1960–നു ശേഷം ഇതുവരെയും അങ്ങിനെയൊരു തെരഞ്ഞെടുപ്പ് നടന്നിട്ടില്ല. 1984–ൽ ബിഷപ്പ് ഉമ്മൻ കാലംചെയ്തു. 1985–ൽ എം. കെ. കോശി എന്ന വൈദികൻ ബിഷപ്പായിനിയമിക്കപ്പെട്ടു. ഇപ്പോഴം പ്രിസൈഡിംഗ് ബിഷപ്പ് ജോൺ വർഗീസ് ആണ്.

## പുതിയപ്രശ്നങ്ങൾ:

## രണ്ടു പാത്രിയർക്കീസൻമാർ

മാർ ദിവന്നാസ്യോസ് അഞ്ചാമനു പ്രായാധിക്യമായിവരുന്നു എന്നു കണ്ടപ്പോഴം മലങ്കരയാക്കോബായക്കാർ രണ്ടു റമ്പാൻമാരെ തിരഞ്ഞെടുത്തു. മെത്രാൻമാരായി വാഴിക്കുന്നതിനു മറുദീനിൽ പാത്രിയർക്കിസിന്റെഅരമനയിലേക്കയച്ചു.അന്നു തമ്മിൽ മത്സരിക്കുന്ന രണ്ടു പാത്രിയർക്കീസൻമാർ മറുദീനിലുണ്ടായിരുന്നു. അബ്ദൽ മിശിഹാ ത്രിതീയൻ എന്ന ആളായിരുന്നു ആദ്യം പാത്രിയർക്കീസായത്. അദ്ദേഹം 1872-ൽ പാത്രിയർക്കീസായി 1914–ൽ മരിച്ചു. അക്കാലത്ത് അബ്ദള്ളാ എന്നൊരു യാക്കോബായമെത്രാൻ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടിരുന്നു. 1895 മുതൽ 1906 വരെയും അദ്ദേഹംകത്തോലിക്കാസഭയിലായിരുന്നു. അദ്ദേഹം യാക്കോബായസഭയിലേക്കു തിരിച്ചു ചെല്ലണമെന്നു ചില യാക്കോബായസഭക്കാർ ആവശ്യപ്പെട്ടു. തന്നെ പാത്രിയർക്കീസാക്കാമെങ്കിൽ വരാമെന്ന് അദ്ദേഹംസമ്മതിച്ചു. ഉടനെ അവർ യാക്കോബായമെത്രാൻമാരെയും ഗവൺമെന്റിനെയും സമീപിച്ച് അവരുടെയെല്ലാം സമ്മതം വാങ്ങിക്കൊണ്ടും അബ്ദൽ മിശിഹായെബഹിഷ്ക്കരിച്ചുകൊണ്ടും അബ്ദള്ളായെ 1906–ൽ പാത്രിയർക്കീസായി വാഴിച്ചു. ഇങ്ങനെ രണ്ടു പാത്രിയർക്കീസൻമാർ തമ്മിൽ മൽസരിച്ചുകൊണ്ടിരുന്ന അവസരത്തിലാണ് മലബാറിൽനിന്നയക്ക

www.malankaralibrary.com



പ്പെട്ട റമ്പാൻമാർ മെത്രാൻസ്ഥാനമേല്ക്കുവാൻ അവിടെ ചെന്നുചേർന്നത്.

യാക്കോബായനടപടി അനുസരിച്ചു സീനിയറായ അബ്ദൽ മിശിഹാ പാത്രിയർക്കീസിൽനിന്ന് അവർ മെത്രാൻസ്ഥാനാഭിഷേകംസ്വീകരിക്കേണ്ടതായിരുന്നു. എന്നാൽ ചെയ്തതങ്ങനെയല്ല. അതിനു കാരണവുമുണ്ടായിരുന്നു. മാർതോമ്മാസഭയുടെ സ്ഥാപകനായ മാർതോമസ് അത്താനാസ്യോസിൻെറ മെത്രൻസ്ഥാനം മുടക്കുമൂലം നഷ്ടപ്പെട്ടുപോയിഎന്നു യാക്കോബായക്കാർവാദിച്ചുവന്നിരുന്നു. ആ സ്ഥിതിക്ക് മുടക്കപ്പെട്ട പാത്രിയർക്കീസിൽനിന്നും പട്ടമേററാൽജനങ്ങൾ തങ്ങളെയും അതുപോലെ പരിഗണിച്ചേക്കും എന്ന് അവർ ഭയന്നിരുന്നു. അതിനാൽ ജൂണിയറായ അബ്ദള്ളാ പാത്രിയർക്കീസിൽനിന്നും മാർദിവന്നാസ്യോസ് എന്നും മാർ കൂറിലോസ് എന്നും ഉള്ള പേരുകളിൽ അവർ മെത്രാഭിഷേകം പ്രാപിച്ചു മലബാറിൽ തിരിച്ചെത്തുകയും ചെയ്തു.

※

## അദ്ധ്യായം 11

### മാർ ദിവന്നാസ്യോസ് ആറാമൻ

മാർ ദിവന്നാസ്യോസ് അഞ്ചാമൻ 1909 മിഥുനം 28–ാം തീയതി കോട്ടയം പഴയ സിമ്മനാരിയിൽ കബറടങ്ങി. അപ്പോൾ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് 6–ാമനെ അദ്ദേഹത്തിൻെറപിൻഗാമിയായി തിരഞ്ഞെടുക്കുകയും ചെയ്തു.

### അബ്ദള്ളാപാത്രിയർക്കീസിൻെറ വരവ്

താമസംവിനാ 1910-ൽ അബ്ദള്ളാപാത്രിയർക്കീസ് കേരളം സന്ദർശിച്ചു. മലങ്കര യാക്കോബായസഭയിൽ തനിക്കു ലൗകികാധികാരമുണ്ടെന്നു സമ്മതിച്ച് ഒരു രജിസ്ററർ ഉടമ്പടി മലങ്കരമെത്രാനായ മാർ ദിവന്നാസ്യോസ് കൊടുക്കണമെന്ന് പാത്രിയർക്കീസ് ആ

www.malankaralibrary.com



വശ്യപ്പെട്ടു. മാർ ദിവന്നാസ്യോസ് അതു സമ്മതിച്ചില്ല. എന്നാൽ മാർ കൂറിലോസ് മെത്രാൻ ഉടമ്പടി എഴുതിക്കൊടുത്തു. പാത്രിയർക്കീസ് മാർ ദിവന്നാസ്യോസിനെ മുടക്കി. മാർ കൂറിലോസിനെ മലങ്കര മെത്രാനാക്കി കല്പനകൊടുത്തശേഷംമറുദീനിലേക്കു മടങ്ങിപ്പോയി. പാത്രിയർക്കീസിനെ അനുകൂലിച്ചു നിന്നവരെ ബാവാകക്ഷിക്കാരെന്നും മാർ ദിവന്നാസ്യോസിനെ അനുകൂലിച്ചുനിന്നവരെ മെത്രാൻ കക്ഷിക്കാരെന്നും പേരു വിളിച്ചുതുടങ്ങി.

മലങ്കരമെത്രാൻസ്ഥാനത്തിനു മാർ ദിവന്നാസ്യോസും മാർ കൂറിലോസും തമ്മിൽ മൽസരവും വ്യവഹാരവുമായി. ആദ്യകാലങ്ങളിൽ മാർ ദിവന്നാസ്യോസിനും പാർട്ടിക്കും തിരുവിതാംകൂർ ഹൈക്കോടതിയിൽ തോൽവിയായിരുന്നു കണ്ടുതുടങ്ങിയത്. കേസിൽ തോൽവി സംഭവിച്ചാലും ഇല്ലെങ്കിലും തങ്ങളുടെ സ്ഥാനം സുരക്ഷിതമാക്കുന്നതിനു മെത്രാൻ കക്ഷിക്കാർ പരിശ്രമിച്ചുകൊണ്ടിരുന്നു. ഈ പരിശ്രമങ്ങളിൽ ഏററവും മുന്നിട്ടുനിന്നു പ്രവർത്തിച്ചുകൊണ്ടിരുന്നതു യാക്കോബായവൈദികരിൽ പ്രഥമമായി എം. ഏ. ഡിഗ്രി കരസ്ഥമാക്കിയിരുന്നയാളും ബുദ്ധിശാലിയുമായ പി. ററി. ഗീവറുഗീസ് പണിക്കർ അച്ചനായിരുന്നു. അദ്ദേഹം മാർദിവന്നാസ്യോസ് മുമ്പു മർദീനിൽ ചെന്നിരുന്നപ്പോറം ഒന്നു സന്ദർശിക്കാൻപോലും ഇടയാകാതെപോന്ന അബ്ദൽമിശിഹാ പാത്രിയർക്കീസിനെ കേരളത്തിലേക്കു വരുത്തി ഒരു കാതോലിക്കാസ്ഥാപനം ഉണ്ടാക്കുന്നതിനു നിശ്ചയിച്ചു.

### കാതോലിക്കാവാഴ്ച

ബാവാ 1912—ൽ മലങ്കരയെത്തി. മാർ ദിവന്നാസ്യോസിൻെറ പാർട്ടിയിൽ നിന്നിരുന്ന മുറിമററത്തു മാർഈവാനിയോസ് മെത്രാനെ അദ്ദേഹം മാർ ബസേലിയോസ് ഒന്നാമനെന്ന പേരിൽ പൌരസ്ത്യകാതോലിക്കയായി വാഴിച്ചു. അതോടൊരുമിച്ചു കല്ലിശ്ശേരിൽ മാർ ഗ്രിഗോറിയോസ്, കണ്ടനാട്ടുമാർഈവാനിയോസ്

www.malankaralibrary.com



വാകത്താനത്തു മാർ പീലക്സീനോസ് എന്നിങ്ങനെ മൂന്നു മെത്രാൻമാരെയും കൂടെ വാഴിച്ചു.

ഈ സ്ഥാനാഭിഷേകം നടത്തിയ പാത്രിയർക്കീസ് മുട്ടക്കപ്പെട്ട ആളാണെന്നും, അദ്ദേഹം പട്ടംകൊടുത്തവർക്കു പട്ടംകിട്ടിയില്ലെന്നുംമററും രേഖപ്പെടുത്തിക്കൊണ്ടു അബ്ദള്ളാ പാത്രിയർക്കീസും അദ്ദേഹത്തിൻെറ പിൻഗാമിയായി വന്ന മാർ ഏലിയാസ് പാത്രിയർക്കീസും അനന്തരം അദ്ദേഹത്തിൻെറ പിൻഗാമിയായിരുന്ന മാർ അപ്രേം പാത്രിയർക്കീസും കൽപനകരം ഇറക്കിയിട്ടുണ്ട്.

മാർ ബസേലിയോസ് പ്രഥമൻ കാതോലിക്കാ 1913—ൽ കബറടങ്ങി. പിന്നീടു പന്ത്രണ്ടുവർഷം കഴിഞ്ഞ് വാകത്താനത്തു മാർ പീലക്സീനോസിനെ മാർ ബസേലിയോസ് ദ്വിതീയൻ എന്ന പേരിൽ 1925—ൽ കാതോലിക്കായായി വാഴിച്ചു. അതിൻെറ പിറെറദിവസമായ 1925 മെയ്മാസം 2-ാം തീയതി ബഥനിയുടെ സുപ്പീര്യറായ പി. ററി. ഗീവറുഗീസ് റമ്പാച്ചനെ മാർ ഈവാനിയോസ് എന്നപേരിൽ ബഥനിമെത്രാനായും വാഴിച്ചു.

## മലങ്കര ഓർത്തഡോക്സ് സഭ

അങ്ങനെയിരിക്കെ മാർ ദിവന്നാസ്യോസിൻെറ പാർട്ടിയിൽപ്പെട്ട മാർ ഗ്രിഗോറിയോസ് 1926—ൽ ഒരു യാക്കോബായപ്പള്ളിവയ്ക്കുവാനായി ഗവൺമെൻറനുവാദത്തിനപേക്ഷിച്ചു. അന്നത്തെ ഗവൺമെൻറു നിയമം അങ്ങനെയായിരുന്നു. മറേറ കക്ഷിക്കാർ അതിനെ എതിർത്തു. അദ്ദേഹത്തിനു യാക്കോബായപള്ളി വയ്ക്കുവാൻ അവകാശമില്ലെന്നു വാദിച്ചു. തൻമൂലം പള്ളി വയ്ക്കുവാൻ ഗവൺമെൻറനുവാദം കൊടുത്തില്ല. അപ്പോരം വിരോധികരം എതിർക്കാതിരിപ്പാൻ വേണ്ടി ഓർത്തഡോക്സുസഭയ്ക്കായി ഒരു പള്ളി വയ്ക്കുവാൻ അനുവാദത്തിനപേക്ഷിച്ചു. അപ്പോരം ആർക്കും എതിരു പറവാൻ സാധിച്ചില്ല. അതിനാൽ ഗവൺമെൻറ് അതു അനുവദിക്കുകയും ചെയ്തു. അന്നു മുതൽ ആ കക്ഷിക്കാർ ഓർത്തഡോക്സുപള്ളികരം

www.malankaralibrary.com



വയ്ക്കുകയും ഓർത്തഡോക്സുകാരെന്നു വിളിക്കപ്പെടുകയും ചെയ്തുവരുന്നു. യാക്കോബായക്കാർ എന്ന പേരിന്റെ മാഹാത്മ്യത്തെപ്പററി പ്രകീർത്തിച്ചുകൊണ്ട് അതേവരെ ഇറക്കിയിട്ടുള്ള ഗ്രന്ഥങ്ങളെല്ലാം അസ്ഥാനത്തായി.

1929-ൽ മാർ ബസേലിയോസ് ദ്വിതീയൻ കാലം ചെയ്തപ്പോഠം അടുത്ത കാതോലിക്കയായി മാർ ബസേലിയോസ് തൃതീയനെ വാഴിച്ചു. അന്നുതന്നെ മാർ ഈവാനിയോസിനെ ബഥനിയുടെ മെത്രാപ്പോലീത്തായായി ഉയർത്തുകയുംബഥനിയിലെ ഒരു യാക്കോബച്ചനെ മാർ തെയോഫിലോസ് എന്ന പേരിൽ മാർ ഈവാനിയോസിന്റെ സഹായമെത്രാനായി അവരോധിക്കുകയുമുണ്ടായി.

മാർ ദിവന്നാസ്യോസ് ആറാമൻ 1934—ൽ കാലം ചെയ്തു. അപ്പോഠം മാർ ബസേലിയോസ് തൃതീയൻ മലങ്കരമെത്രാൻ സ്ഥാനം കൂടി സ്വീകരിച്ചു. തന്റെ സഹായത്തിനായി വേറെ ചില മെത്രാൻമാരെയുംകൂടി വാഴിച്ചു. പാത്രിയർക്കീസ് കക്ഷിക്കാരും ചില മെത്രാൻമാരെക്കൂടിവാഴിച്ചു. കേരളഹൈക്കോടതിയിലെ വിധി മാർ ദീവന്നാസ്യോസിന്റെ പാർട്ടിക്കു ദോഷമായി വന്നപ്പോഠം അവർ സുപ്രീംകോടതിയിൽ അപ്പീൽ കൊടുക്കുകയും അവിടെ ഗുണമായി 1953—ൽ വിധി സമ്പാദിക്കുകയും ചെയ്തു.

ഉടനെ അന്നത്തെ പാത്രിയർക്കീസായ യാക്കോബു ത്രിതീയൻ തന്റെ മുൻഗാമികളുടെ കല്പനകളെയെല്ലാം അവഗണിച്ചു തന്റെകക്ഷിയിലുള്ള എല്ലാവരും കാതോലിക്കായെ സ്വീകരിച്ചുകൊള്ളുവാൻ കല്പന കൊടുത്തു. അങ്ങനെ അവർക്കു മേൽപട്ടസ്ഥാനം കിട്ടിയിട്ടുണ്ടെന്ന് അദ്ദേഹംപരോക്ഷമായി സമ്മതിക്കുകയും ചെയ്തു. അങ്ങനെ കാതോലിക്കയായ ഗീവറുഗീസ് മാർ ബസേലിയോസ്തൃതീയൻ, കുര്യാക്കോസ് മാർ ഗ്രീഗോറിയോസ് പാമ്പാടി, മാത്യൂസ് മാർ ഈവാനിയോസ് പുതുപ്പള്ളി,ഔഗേൻമാർ തീമോത്തിയോസ് മൂവാററുപുഴ, പൗലൂസ് മാർ പീല

www.malankaralibrary.com



ക്സിനോസ് പുറമററം, വറുഗീസ് മാർ ഗ്രിഗോറിയോസ് ആലുവാ. പൗലൂസ് മാർ സേവേറിയോസ് കൊരട്ടി, പത്രോസ് മാർ ദിവന്നാസ്യോസ്തിരുവല്ലാ ദാനിയേൽ മാർ പീലക്സിനോസ് പത്തനംതിട്ട, മാത്യൂസ് മാർ കൂറിലോസ് കൊല്ലം, ഏബ്രഹാം മാർ ക്ലീമ്മീസ്ചിങ്ങനം, മാത്യൂസ് മാർഅത്താനാസ്യോസ് കോട്ടയം, അലക്സിയോസ് മാർ തേവോദോസിയോസ് റാന്നി പെരുനാട്, ഏലിയാസ് മാർ യൂലിയോസ് മഞ്ഞിനിക്കര എന്നിങ്ങനെ ഇരു കക്ഷികളിലും പ്പെട്ട 14 മെത്രാൻമാർ സഭയിലുണ്ടായിരുന്ന ദീർഘകാലത്തെ വിയോജിപ്പിനുശേഷംഅന്യോന്യം സ്വീകരിച്ചു യോജിപ്പിലെത്തി. എങ്കിലും ബാവാകക്ഷിയും മെത്രാൻകക്ഷിയും തമ്മിൽ ആന്തരികമായി പരിപൂർണ്ണ യോജിപ്പിൽ എത്തിച്ചേർന്നില്ല എന്നു പിൽകാലസംഭവങ്ങൾ തെളിയിക്കുന്നു.

1958 മുതൽ 1970 വരെ 12വർഷത്തേയ്ക്കു ഇരു കക്ഷികളും ഏകദേശം യോജിപ്പോടുകൂടി മുന്നോട്ടു നീങ്ങി. 1964–ൽ യാക്കോബു മൂന്നാമൻ പാത്രിയർക്കീസ് കേരളത്തിൽ വന്നു മാർ ഔഗേൻ പ്രഥമനെ കാതോലിക്കോസായി വാഴിച്ചപ്പോൾ സഭാസമാധാനം പൂർണ്ണമായി എന്നു എല്ലാവരും വിശ്വസിച്ചു. എന്നാൽ പാത്രിയർക്കീസിനെ പൂർണ്ണമായിഒഴിവാക്കുന്നതിനു മുൻ കാതോലിക്കാവിഭാഗനേതൃത്വം ശ്രമിച്ചു തുടങ്ങിയതോടെ ഭിന്നിപ്പു വീണ്ടും ദൃശ്യമായിതുടങ്ങി. 1970–ൽ തോമ്മാശ്ലീഹായുടെ സിംഹാസനവാദം കാതോലിക്കാകക്ഷി ഉന്നയിക്കുകയും പാത്രിയർക്കീസ് അതിനെ ചോദ്യം ചെയ്യുകയുമുണ്ടായി. മലങ്കരയിലുണ്ടായിരുന്ന പാത്രിയർക്കീസ് പ്രതിനിധിയെ ഗവൺമെൻറിൻെറ ഉത്തരവിൻപ്രകാരം ശീമയിലേക്കു മടക്കി അയയ്ക്കുകയും മുൻ പാത്രിയർക്കീസ് വിഭാഗത്തെ സഭാഭരണകേന്ദ്രത്തിൽനിന്നും അകററി നിറുത്താൻ ശ്രമിക്കുകയുംചെയ്തതോടെ വീണ്ടുംപഴയചേരി തിരിവുകൾശക്തമായിതീർന്നു. പാത്രിയർക്കീസ്

www.malankaralibrary.com



അനുഭാവികളായിരുന്ന പൗലൂസ് മാർ പീലക്സി നോസ്, ഏബ്രഹാം മാർ ക്ലീമീസ് എന്നീ മെത്രാപ്പോലീത്താമാരും വൈദികരും ജനങ്ങളും മാറി നില്ക്കുന്നതിനുതന്നെ തീരുമാനിച്ചു. ഇതേ തുടർന്ന് 1975–ൽ പാത്രിയർക്കീസ് അദ്ദേഹത്തിന്റെ പക്ഷക്കാർക്കുവേണ്ടി ശ്രേഷ്ഠകാതോലിക്കായേയും മെത്രാൻമാരെയും വാഴിക്കുകയും പാത്രിയർക്കീസിനെ എതിർത്തുനിന്നിരുന്ന കാതോലിക്കായെയും അനുയായികളെയും മുടക്കുകയും ചെയ്തു. അങ്ങിനെ 1975 മുതൽ ഓർത്തഡോക്സ് കക്ഷിയും പാത്രിയർക്കീസുകക്ഷിയും പ്രത്യേകം പ്രത്യേകം കാതോലിക്കാമാരുടെ ഭരണത്തിൻ കീഴിലാണ്.

1973–ൽ ഇരുകക്ഷികളും തമ്മിൽ വ്യവഹാരങ്ങളുടെ ഒരു പരമ്പരതന്നെ ആരംഭിച്ചു. 1980–ൽ ആണ് ഇവയുടെ വിധി കേരളാ ഹൈക്കോടതി പ്രസ്താവിച്ചത്. ഈ വിധിപ്രകാരം ഓർത്തഡോക്സ് പക്ഷത്തിന്റെ സ്വതന്ത്രമായ നിലനില്പിനുള്ള അവകാശം കോടതി അംഗീകരിച്ചു. എന്നാൽ അന്ത്യോക്യാ പാത്രിയർക്കീസിനെ സഭാധികാരിയായി സ്വീകരിക്കുന്നവർക്കു അപ്രകാരമുള്ള സഭാസംവിധാനത്തിന് അവകാശമുണ്ടെന്നു കോടതി വിധിച്ചു. ശാശ്വതസമാധാനം സുവിശേഷാധിഷ്ഠിതമായ അനുരഞ്ജനത്തിലൂടെ മാത്രമേ നേടാൻ സാധിക്കൂ എന്ന് വിധിന്യായത്തിൽ ഹൈന്ദവനായ ജഡ്ജി പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

### യാക്കോബായ ഓർത്തഡോക്സ് കക്ഷി

1966–ൽ ബസേലിയോസ് മാർ ഔഗേൻ, ഫീലിപ്പോസ് മാർ തെയോഫിലോസ് (അങ്കമാലി, ബോംബെ ഭദ്രാസനാധിപൻ) യൂഹാനോൻ മാർ സെവേറിയോസ് (കൊച്ചി ഭദ്രാസനാധിപൻ) തോമസ് മാർ തീമോത്തിയോസ് (മലബാർഭദ്രാസനാധിപൻ) എന്നീ മെത്രാപ്പോലീത്താമാരെ വാഴിച്ചു. 1975–ൽ ബസ്സേലിയോസ് മാർ ഔഗേൻ ഒന്നാമൻ സ്ഥാനത്യാഗം

www.malankaralibrary.com



ചെയ്തപ്പോൾ നേരത്തെ നിയുക്തനായിരുന്ന ഇപ്പോഴത്തെ കതോലിക്കോസ് ആയ ബസേലിയോസ് മാർ തോമ്മാ മാത്യൂസ് ഒന്നാമൻ ഭരണഭാരം ഏറ്റെടുത്തു. 1986–ൽ യൂഹാനോൻ മാർ സേവേറിയോസ് കാലം ചെയ്തു.

1975–ൽ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് (നിരണം ഭദ്രാസനാധിപൻ) പൗലോസ് മാർ ഗ്രീഗോറിയോസ് (ഡെൽഹി ഭദ്രാസനാധിപൻ) സ്റ്റീഫൻ മാർ തീയഡോഷ്യസ് (കൽക്കട്ട ഭദ്രാസനാധിപൻ) തോമസ് മാർ മക്കാറിയോസ്, (അമേരിക്കാ, കാനഡ ഭദ്രാസനാധിപൻ) ജോസഫ് മാർ പക്കോമിയോസ് (കണ്ടനാട്ട് ഭദ്രാസനാധിപൻ) എന്നീ മെത്രാപ്പോലീത്താമാരും 1979–ൽ യാക്കോബ് മാർ പോളികാർപോസ്, മാർ ദിവന്ന്യാസിയോസ് (മദ്രാസ് ഭദ്രാസനാധിപൻ) ഗീവറുഗീസ് മാർ ദിയസ്കോറോസ് (തിരുവനന്തപുരം ഭദ്രാസനാധിപൻ) മാത്യൂസ് മാർ ബാർണബാസ് (അങ്കമാലി. ബോംബേ ഭദ്രാസന അസിസ്റ്റൻറ്) യൂഹാനോൻ മാർ അത്താനാസിയോസ് (ബഥനി സുപ്പീര്യർ, കോട്ടയം ഭദ്രാസനഅസിസ്റ്റൻറ്) എന്നീ എപ്പിസ്കോപ്പാമാരും വാഴിക്കപ്പെട്ടു. ഇവരിൽ യൂഹാനോൻ മാറ അത്താനാസിയോസ് 1980–ൽ നിര്യാതനായി. 1985–ൽ മാത്യൂഡ് മാർ എപ്പിഫാനിയോസ് ഫീലിപ്പോസ് മാർ എവുസേബിയോസ്, തോമസ്, മാർ അത്താനാസിയോസ്, ഗീവർഗീസ് മാർ ഈവാനിയോസ്, പൗലോസ് മാർ മെലിത്തിയോസ് എന്നിവരെ എപ്പിസ്കോപ്പാമാരായി മാവേലിക്കര പുതിയകാവ് പള്ളിയിൽവച്ച് വാഴിച്ചു.

## യാക്കോബായ പാത്രിയർക്കീസ് കക്ഷി

1970–ൽ ഇഗ്നേഷ്യസ് യാക്കോബു മൂന്നാമൻ പാത്രിയർക്കീസ് മലങ്കരയിലെ കാതോലിക്കോസിനയച്ച എഴുത്തിനെ തുടർന്ന് ഓർത്തഡോക്സ് പക്ഷക്കാരും പാത്രിയർക്കീസ് പക്ഷക്കാരും തമ്മി

www.malankaralibrary.com



ലുള്ള വിടവ് വർദ്ധിച്ചു. 1974–ൽ കാതോലിക്കോസിൻെറ പേരിൽ 13 കുററങ്ങളാരോപിച്ചുകൊണ്ട് വീണ്ടും പാത്രിയർക്കീസ് എഴുതി. അതിനുശേഷം മലങ്കരഭരണഘടനയെ കവച്ചുവച്ചുകൊണ്ട് പാത്രിയർക്കീസ് മൂന്ന് മെത്രാൽമാരെ വാഴിച്ചു. 1975–ജനുവരിയിൽ കാതോലിക്കോസിനെ സസ്പെൻറ് ചെയ്യുകയും 1975 ഒക്ടോബറിൽ കാതോലിക്കോസിനെയും അനുയായികളെയും മുടക്കുകയും ചെയ്തു. പക്ഷേ മുടക്കിനു മുമ്പുതന്നെ 1975 സെപ്ററംബറിൽ ബസ്സേലിയോസ് മാർ ഔഗേൻസ്ഥാനത്യാഗം ചെയ്തിരുന്നു. 1975 സെപ്ററംബറിൽ അന്ത്യോക്യാ പാത്രിയർക്കീസ്, കണ്ടനാട്ടു മെത്രാപ്പോലീത്തായായ മാർ പീലക്സിനോസിനെ മാർ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ എന്ന പേരിൽ കാതോലിക്കോസായി നിയമിച്ചു സഭാവിഭജനം പൂർത്തിയാക്കി. 1980–ൽ പാത്രിയർക്കീസ് കക്ഷിയിൽ ശ്രേഷ്ഠകാതോലിക്കായെ കൂടാതെ എബ്രഹാം മാർ ക്ലീമീസ് (ക്നാനായ ഭദ്രാസന മെത്രാപ്പോലീത്താ ചിങ്ങവനം) തോമസ് മാർ ഒസ്താത്തിയോസ് (കൊച്ചി ഭദ്രാസനാധിപൻ) യാക്കോബ് മാർ തിമോത്തിയോസ് (വൈദിക സിമ്മനാരി (പ്രിൻസിപ്പൽ) കടവിൽ പൗലോസ്. മാർ അത്താനാസ്യോസ്, ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് (മലങ്കര എപ്പിസ്ക്കോപ്പൽ സുന്നഹദോസു സെക്രട്ടറി) തോമസ് മാർ ദിവന്ന്യാസ്യോസ് (അങ്കമാലി) കുരിയാക്കോസ് മാർ കൂറിലോസ് (തെക്കൻ ഭദ്രാസനം) സാമുവൽ മാർ പീലക്സീനോസ് (മലബാർ ഭദ്രാസനം) തോമസ് മാർ തെയോഫീലോസ് (ഡൽഹി ഭദ്രാസനം) പീലിപ്പോസ് മാർ ഈവാനിയോസ് (കണ്ടനാട്ട്, ഇടുക്കിഭദ്രാസനം) യാക്കോബ് മാർ യൂലിയോസ് (സിംഹാസനപള്ളികളുടെ മെത്രാപ്പോലീത്താ)എന്നിങ്ങനെ 11 മേലദ്ധ്യക്ഷൻമാർ ഉണ്ടായിരുന്നു. 1982–ൽ അങ്കമാലി സഹായ മെത്രാപ്പോലീത്താ ആയി ഏബ്രഹാം മാർ സേവേറിയോസിനെയും 1985–ൽ സിംഹാസനപ്പള്ളികളുടെ സഹായ മെത്രാനാ

www.malankaralibrary.com



യി ബന്യാമിൻ മാർ ഒസ്താത്തിയോസിനെയും വാഴിച്ചു. 1985–ൽ സാമുവേൽ മാർപീലിക്സിനോസും 1988–ൽ പീലിപ്പോസ് മാർഈവാനിയോസും കാലം ചെയ്തു.

## ബഥനി ആശ്രമവും മഠവും

എല്ലാ മൽസരങ്ങളിൽനിന്നും അകന്നിരിപ്പാനാഗ്രഹിക്കുന്നവർക്കായി ഒരു പ്രസ്ഥാനംഉണ്ടാക്കണമെന്നു കരുതി 1919–ൽ ഫാദർ പി. ററി. ഗീവർഗീസ് തൻെറ പേരിൽ റാന്നി പെരുനാട്ടിൽ 300–ൽപ്പരം ഏക്കർ മല പതിപ്പിച്ചു. അവിടെ ബഥനി എന്ന പേരിൽ ഒരു ആശ്രമവും അനാഥശാലയും അഗതിമന്ദിരവും ആശുപത്രിയും പള്ളിയുമെല്ലാം ഉണ്ടാക്കി. 1925–ൽ തിരുവല്ലായിൽ ബഥനി മഠവും ആരംഭിച്ചു.

ഇതു കണ്ട് മലങ്കര മെത്രാപ്പോലീത്തായും മററ് ഓർത്തഡോക്സ് മെത്രാൻമാരുമെല്ലാം വളരെ സന്തോഷിച്ചു. ഒരു പക്ഷേ കേസിൽ തോററു സകലതും വിട്ടിറങ്ങേണ്ടിവന്നാലും ബഥനി ഉണ്ടല്ലോ എന്നു ചിന്തിച്ച് അവർ സമാധാനപ്പെട്ടു. വട്ടിപ്പണകേസിൻെറ ഹൈക്കോടതി വിധിയിൽ മാർ ദിവന്ന്യാസ്യോസ് തോററായുടനെ യാക്കോബായപാത്രിയർക്കീസിനെ കണ്ട് എങ്ങനെയെങ്കിലും ഒരു സമാധാനമുണ്ടാക്കണമെന്നു കരുതി അദ്ദേഹം 1924–ൽ മർദ്ദീനിലേക്കു പോയി.

## വീണ്ടും കത്തോലിക്കാ പുനരൈക്യചിന്ത

അദ്ദേഹം ബാഗ്ദാദിലെത്തിയപ്പോൾ ഒരുസുറിയാനിക്കാരൻ മെത്രാനെ കാണാനിടയായി. സംഭാഷണമദ്ധ്യേ തൻെറയാത്രയുടെഉദ്ദേശം മാർദിവന്ന്യാസ്യോസ് അദ്ദേഹത്തോടു പറഞ്ഞു. അപ്പോൾ അദ്ദേഹം നിങ്ങൾ യാക്കോബായക്കാരുമായിയോജിക്കാൻ അലോചിക്കുന്നതിനേക്കാൾ നല്ലതു കത്തോലിക്കാപുനരൈക്യത്തിന് ആലോചിക്കുകയാണെന്നും, ഞങ്ങൾ അങ്ങനെ പുനരൈക്യപ്പെട്ടവരാണെന്നും മററും അദ്ദേഹം ആലോചനനൽകുകയുണ്ടായി. മർദ്ദീൻ യാത്ര കഴിഞ്ഞ്

www.malankaralibrary.com



അദ്ദേഹം മടങ്ങിവന്നപ്പോഠം ഈവിവരമെല്ലാം ഇവിടെയുള്ളവരെ അറിയിച്ചു. കത്തോലിക്കാപുനരൈക്യം തന്നെയാണ് നമുക്കു നല്ലതെന്ന് ഏവരും സമ്മതിച്ചു പറഞ്ഞു. 1928—ൽ നിരണത്തു മെത്രാൻമാരുടെ സുന്നഹദോസ് കൂട്ടുകയും കത്തോലിക്കാസഭയുമായിപുനരൈക്യപ്പെടുന്നതിനുള്ള കത്തിടപാടുകഠം ബേറൂട്ടിൽ താമസിക്കുന്ന പുനരൈക്യപ്പെട്ട അപ്രേം റഹ്മാനി പാത്രിയർക്കീസുമായി നടത്തുവാൻ ബഥനി മെത്രാനെ ചുമതലപ്പെടുത്തുകയും ചെയ്തു. അദ്ദേഹം വാകത്താനത്തു മാർബസേലിയോസ് ദ്വിതീയൻ കാതോലിക്കായുടെയും കുണ്ടറ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെയും സഹകരണത്തോടും ആലോചനയോടും കൂടി കത്തിടപാടുകഠം മുറയ്ക്കു നടത്തിക്കൊണ്ടിരുന്നു.

അങ്ങിനെയിരിക്കെ തിരുവനന്തപുരത്തുവച്ച് നടത്തപ്പെട്ട സമുദായപ്രമാണികളുടെ ഒരു പ്രത്യേക കോൺഫ്രൻസിൽവച്ച് മിസ്റ്റർ ഈ. ജെ. ജോൺ വക്കീൽ, കൊച്ചി പോലീസ് സൂപ്രണ്ട് മിസ്റ്റർ എം. ഏ. ചാക്കോ മുതലായ സമുദായപ്രമുഖൻമാർ ഇര പുനരൈക്യാലോചനയെപ്പററികേഠക്കുകയും നാം കത്തോലിക്കാ പുനരൈക്യത്തിനാലോചിക്കുന്നുവെങ്കിൽ അതു റോമാമാർപാപ്പായുമായി നേരിട്ടു നടത്തുന്നതാണ് നല്ലതെന്ന് അവർ അഭിപ്രായപ്പെടുകയുമുണ്ടായി.

അതിനാലാണ് റോമായുമായി നേരിട്ട് എഴുത്തുകുത്തുകഠം നടത്തുവാനിടയായത്. റോമിൽനിന്നുള്ള മറുപടി വളരെ ഉത്തേജനപ്രദമായിരുന്നു. യാക്കോബായപ്പള്ളിക്രമങ്ങഠം സ്വീകാര്യങ്ങളാണെന്നും, അവ ഉപയോഗിക്കാൻ അനുവദിക്കാമെന്നും, വിവാഹിതരായ പട്ടക്കാരെയും സ്വീകരിച്ചുകൊള്ളാമെന്നും ആ മറുപടി കല്പനയിൽ വ്യക്തമാക്കിയിരുന്നു.

**ചിലരുടെ പിൻമാററം**

ഇത്രയുമായപ്പോഴേക്ക് മാർ ദിവന്ന്യാസ്യോസിന്റെ റിവിഷൻ അപ്പീലിൽ അദ്ദേഹത്തിന്റെ മുടക്കു

www.malankaralibrary.com



സ്വാഭാവികനീതിപ്രകാരം അസാധുവാണെന്ന് വിധി ക്കയുണ്ടായി. ഈ ഘട്ടത്തിൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടാൽ തങ്ങളുടെ കൈവശം ഉറപ്പിച്ചു കിട്ടിയിരിക്കുന്ന വസ്തുക്കൾ പ്രതിയോഗികൾക്ക് വിട്ടുകൊടുക്കേണ്ടിവരുമെന്ന് ശങ്കിക്കുകയാൽ ഈ പുനരൈക്യാലോചനയിൽ നിന്ന് പിൻമാറണമെന്ന് മാർ ദിവന്ന്യാസ്യോസ് തിരുമേനി നിർബന്ധിച്ചു തുടങ്ങി.

## പുനരൈക്യപ്രസ്ഥാനം

സഭ ക്രിസ്തുവിൻെറ മൗതികശരീരമായിട്ടാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്, ആ സഭാശരീരത്തിൽ നിന്നു വേർപെട്ടു നില്ക്കുന്നത് ആത്മരക്ഷയ്ക്കു തടസമായിരിക്കും എന്നിങ്ങനെയുള്ള ചിന്തകൾ കൊണ്ട് ആ പിൻതിരിപ്പനാലോചനയ്ക്കു ബഥനിക്കാർ വഴിപ്പെട്ടില്ല. അങ്ങനെ 1930ജസെപ്ററംബർ 20—ാംതീയതി കൊല്ലത്തെ ലത്തീൻ ബിഷപ്പിൻെറ അരമനയിൽ വച്ച് ഭാഗ്യസ്മരണാർഹനായ ബെൻസിഗർ മെത്രാപ്പോലീത്താ തിരുമനസ്സിലെ സന്നിധാനത്തിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, മാർ തെയോഫിലോസ് മെത്രാൻ, ഒരു വൈദികൻ, ഒരു ശെമ്മാശൻ, ഒരു അൽമേനി എന്നിവർ സത്യപ്രതിജ്ഞ ചെയ്തു കത്തോലിക്കാപുനരൈക്യം ഉൽഘാടനം ചെയ്തു.

അതിൻെറ പിറേറദിവസംപുലിക്കോട്ടു ജോസഫ് റമ്പാച്ചനും, ചേപ്പാട്ടു പീലിപ്പോസ് റമ്പാച്ചനും മററു ബഥനി ആശ്രമസ്ഥരും ബഥനി കന്യാസ്ത്രീകളുമെല്ലാം പുനരൈക്യപ്പെട്ടു. അതോടുകൂടി ഓരോ സ്ഥലത്തുനിന്നും വൈദികരും അല്മേനികളും പുനരൈക്യപ്പെടുകയും അങ്ങനെ പുനരൈക്യപ്രസ്ഥാനം അനുദിനം വളർന്നുതുടങ്ങുകയും ചെയ്തു. അതോടുകൂടെ എതിർപ്പും വർദ്ധിച്ചുകൊണ്ടിരുന്നു.

1932—ൽ മാർഈവാനിയോസ് മെത്രാപ്പോലീത്താ റോമിലെത്തി മാർപാപ്പാതിരുമേനിയിൽനിന്നും പാലിയം സ്വീകരിച്ചു. തിരുവനന്തപുരം അതിരൂപതയും

www.malankaralibrary.com



തിരുവല്ലാ രൂപതയും ഉൾപ്പെടെയുള്ള മലങ്കര സിറിയൻ കത്തോലിക്കാ ഹൈരാർക്കി 11—ാം പീയൂസ് മാർപാപ്പാ തിരുമേനി 'ക്രിസ്തോപാസ്തോരും പ്രിൻചിപ്പി' എന്നു തിരുവെഴുത്തുമൂലം കല്പിച്ചനുവദിക്കുകയും അതു 1932 ജൂൺ 11ാം തീയതി നടപ്പിലാക്കുകയും ചെയ്തു. 193 മാർച്ചു 12—ാം തീയതി തിരുവനന്തപുരം അതിരൂപതകാനോനികമായിസ്ഥാപിക്കപ്പെടുകയും മാർഈവാനിയോസ്തിരുമേനി അതിരൂപതയുടെ പ്രഥമമെത്രാപ്പോലീത്തയായി അവരോധിക്കപ്പെടുകയും ചെയ്തു. 1933 നവംബർ 6-ാം തീയതി തിരുവല്ലാ രൂപതയുടെ പ്രഥമ മെത്രാനായി മാർതോയോഫിലോസ് തിരുമേനിയും നിയമിതനായി. 1937 നവംബർ 29-ാം തീയതി ഓർത്തഡോക്സ് സഭയിൽപെട്ട മാർസേവേറിയോസ് മെത്രാപ്പോലീത്തായും 1939 നവംബർ 12-ാം തീയതി ക്നാനായക്കാരുടെ മാർ ദീയസ്ക്കോറോസ് മെത്രാനും പുനരൈക്യപെട്ടു.

1943 ഫെബ്രുവരി 21-ാം തീയതി മാർ ദീയസ്ക്കോറോസ് മെത്രാൻ നിര്യാതനായി. 1953 ജനുവരി 29-ാം തീയതി ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയെ മാർ ഈവാനിയോസ് തിരുമേനിയുടെ സഹായമെത്രാനായി വാഴിച്ചു. 1953 ജൂലൈ 15-ാം തീയതി മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തു. അതിനുശേഷം മാർ ഗ്രിഗോറിയോസ് തിരുമേനി അപ്പസ്തോലിക്അഡ്മിനിസ്ട്രേററായി ഭരണം തുടരുകയും 1955 ജനുവരി 27-ാം തീയതി തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്തയായി 12-ാം പീയൂസ് മാർപാപ്പായാൽ നിയമിതനാകുകയും ചെയ്തു. മാർ തേയോഫിലോസ് തിരുമേനിയുടെ ശരീരാസ്വാസ്ഥ്യം മൂലം മാർ സേവേറിയോസ് തിരുമേനി തിരുവല്ലായുടെ അഡ്മിനിസ്ട്രേറർ അപ്പോസ്തോലിക്ആയി 1938 മുതൽ 1950 വരെഭരണം നടത്തി. 1950 മുതൽ 1955 വരെ രൂപതയുടെ മെത്രാനായും ഭരണം തുടർന്നു. തൻെറ സഹായമെത്രാനായി സഖറിയാസ് മാർഅത്താനാസിയോസ് തിരുമേനിയെ

www.malankaralibrary.com



1954 ഏപ്രിൽ 22—ാം തീയതി വാഴിച്ചു. 1955 ജനുവരി 18—ാം തീയതി മാർ സേവേറിയോസ് തിരുമേനി കാലം ചെയ്തു. അപ്പോഠം സഖറിയാസ് മാർ അത്താനാസിയോസ് തിരുമേനി അപ്പോസ്തോലിക് അഡ്മിനിസ്ട്രേററായി ഭരണം നടത്തുകയും 1955 ജനുവരി 27—ാം തീയതി തിരുവല്ലാരൂപതയുടെ മെത്രാനായി നിയമിതനാകുകയും ചെയ്തു. 1956 ജൂൺ 27—ാം തീയതി മാർതെയോഫിലോസ് തിരുമേനി കബറടങ്ങി.

1977 ആഗസ്ററ് 28-ാം തീയതി തൊഴിയൂർ സ്വതന്ത്രസുറിയാനി സഭാദ്ധ്യക്ഷനായിരുന്ന പൗലോസ് മാർപീലക്സിനോസ് തിരുമേനി പുനരൈക്യപ്പെട്ടു. തിരുമേനി ഇപ്പോഠം തിരുവനന്തപുരം അതിരൂപതയുടെ എപ്പിസ്ക്കോപ്പൽ വികാർ ആയി നിയമിതനായിരിക്കയാണ്. 1977 സെപ്ററംബർ 28-ാം തീയതി തിരുവല്ലാമെത്രാൻ മാർ സഖറിയാസ് അത്തനാസിയോസ് തിരുമേനി കാലംചെയ്തു. 1978 ഒക്ടോബർ 18-ാം തീയതി തിരുവല്ലാ രൂപത വിഭജിച്ച് ബത്തേരി രൂപത സ്ഥാപിച്ചു. 1978 ഡിസംബർ 28-ാം തീയതി തിരുവല്ലാരൂപതയുടെ മെത്രാനായി ഐസക് മർേ യൂഹാനോൻ തിരുമേനിയും ബത്തേരി രൂപതയുടെ മെത്രാനായി സിറിൽ മാർ ബസ്സേലിയോസ് തിരുമേനിയും വാഴിക്കപ്പെട്ടു. 1979 ഫെബ്രുവരി 2—ാം തീയതി സിറിൽ മാർ ബസേലിയോസ് തിരുമേനി ബത്തേരി രൂപതയുടെ ഭരണാധികാരം ഔദ്യോഗികമായി ഏറെറടുത്തു. 1980-ൽ പുനരൈക്യപ്രസ്ഥാനത്തിൻെറ കനകജൂബിലി ആഘോഷം കോട്ടയത്തുവച്ച് ആചരിച്ചു. ജൂബിലിആഘോഷവേളയിൽ ഡിസംബർ 27-ാം തീയതി ലോറൻസ്മാർഅപ്രേംതിരുമേനി തിരുവനന്തപുരം സഹായമെത്രാനായി വാഴിക്കപ്പെട്ടു. 1980—നുശേഷം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും അമേരിക്കയിലും മലങ്കര കത്തോലിക്കർക്കുവേണ്ടി പല ഇടവകകളും സ്ഥാപിതമായി. 1984-ൽ മലങ്കര മേജർ സെമിനാരി രംഭിച്ചു. 1986 ഫെബ്രുവരി 8—ാം തീയതി ജോൺ പോഠം രണ്ടാമൻ മാർപാപ്പാ പട്ടം സെൻറ്മേരീസ് കത്തീഡ്രൽ സന്ദർശിച്ചു.

www.malankaralibrary.com

അദ്ധ്യായം 12

# കേരളത്തിലെ രൂപതാതിരൂപതകൾ

## സീറോ മലങ്കര സഭ

## തിരുവനന്തപുരം വൈദിക സംസ്ഥാനം

### 1 തിരുവനന്തപുരം അതിരൂപത

ഈ അതിരൂപത 1932—ൽ സ്ഥാപിതമായി. ഈ അതിരൂപതയുടെ പ്രഥമ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായായിരുന്നു. അദ്ദേഹത്തിന്റെ കാലശേഷം 1953-ൽ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി ഭരണഭാരം ഏററു. 1977-ൽ തൊഴിയൂർ സ്വതന്ത്രസുറിയാനിസഭയിൽനിന്നു പുനരൈക്യപ്പെട്ട പൗലോസ് മാർ പീലക്സിനോസ് തിരുമേനി എപ്പിസ്ക്കോപ്പൽ വികാരിയായി നിയമിക്കപ്പെട്ടു. 1980—ൽ ലോറൻസ് മാർ അപ്രേം തിരുമേനി അതിരൂപതയുടെ സഹായമെത്രാനായി വാഴിക്കപ്പെട്ടു. ഈ അതിരൂപതയിൽ 578 ഇടവകകളിലായി 177 ഇടവകവൈദികരും 30 സന്യാസ വൈദികരും 49 സന്യാസസഹോദരൻമാരും 596 കന്യാസ്ത്രീകളും 227 ഉപദേശിമാരും ഇപ്പോഠം വേല ചെയ്യുന്നുണ്ട്. ആകെ 218,558 കത്തോലിക്കർ ഉണ്ട്. അഞ്ചു കോളേജുകളുഠപ്പെടെ 189 വിദ്യാഭ്യാസസ്ഥാപനങ്ങളും 9 അഗതിമന്ദിരങ്ങളും 21 ആസ്പത്രികളും ഈ അതിരൂപതയിലുണ്ട്.

### 2 തിരുവല്ലാരൂപത

ഈ രൂപത തുടങ്ങിയത് 1932-ൽ ആണ്. പ്രഥമ മെത്രാൻ മാർ തെയോഫിലോസ് തിരുമേനിയായിരുന്നു. പിന്നീട് മാർ സേവേറിയോസ് മെത്രാപ്പോലീത്താ ഭരിച്ചു. അദ്ദേഹത്തിന്റെ കാലശേഷം സഖറിയാ

---

*സ്ഥിതിവിവരക്കണക്കുകഠം 1987-88 ലെ മലങ്കര വൈദിക പഞ്ചാംഗത്തിൽനിന്നും.

www.malankaralibrary.com



സ് മാർ അത്താനാസിയോസ് തിരുമേനി രൂപതാഭര ണംഏറ്റെടുത്തു. അദ്ദേഹത്തിന്റെ കാലശേഷം 1978-ൽ ഐസക് മാർ യൂഹാനോൻ തിരുമേനി രൂപതാഭരണം ഏറ്റെടുത്തു. 1987-ൽ അദ്ദേഹം കാലം ചെയ്തു. അതിനുശേഷം റൈററ് റവ. മോൺ. ജോൺ ചുണ്ടേവാലൻ അഡ്മിനിസ്ട്രേററായി. 1988—ൽ അദ്ദേഹം രൂപതയുടെ മെത്രാനായി നിയമിക്കപ്പെട്ടു. തിരുവല്ലാ രൂപതയിൽ 166 ഇടവകകളിലായി 108 ഇടവക വൈദികരും 34 സന്യാസവൈദികരും 26 സന്യാസസഹോദരൻമാരും 265 കന്യാസ്ത്രീകളും ഏതാനും ഉപദേശിമാരും വേലചെയ്തുവരുന്നു. ആകെ 36,561 കത്തോലിക്കർ ഉണ്ട്. 49 വിദ്യാഭ്യാസസ്ഥാപനങ്ങളും ഇതരസാമൂഹ്യ ക്ഷേമകേന്ദ്രങ്ങളും ഈ രൂപതയിലുണ്ട്.

### 3 ബത്തേരി രൂപത

1978—ൽ തിരുവല്ലാരൂപതവിഭജിച്ച് ഉണ്ടായതാണ് ബത്തേരിരൂപത. ഇതിന്റെ പ്രഥമ മെത്രാൻ സിറിൽ മാർ ബസേലിയോസ് തിരുമേനിയാണ്. ആകെ 79 ഇടവകകൾ ഉണ്ട്. 47 ഇടവക വൈദികരും 11 സന്യാസവൈദികരും 105 കന്യാസ്ത്രികളും 18,586 വിശ്വാസികളും ഈ രൂപതയിലുണ്ട്. 34 വിദ്യാഭ്യാസസ്ഥാപനങ്ങളും 13 ആശുപത്രികളും ഇതര സാമൂഹ്യക്ഷേമകേന്ദ്രങ്ങളും പ്രവർത്തിച്ചുപോരുന്നു.

## സീറോ മലബാർസഭ*

## എറണാകുളം വൈദികസംസ്ഥാനം

### 1 എറണാകുളം അതിരൂപത

കൊച്ചിൻ കോർപ്പറേഷനിൽ ഏററവും അധികം ജനത്തിരക്കുള്ള എറണാകുളം ബ്രോഡ്‌വേയുടെ സമീപമാണ് അതിരൂപതാമന്ദിരവും മിനി ബസ്സ്റ്റീക്കാ

*സ്ഥിതിവിവരക്കണക്കുകൾ 1984-ലെ കാതലിക് ഡയറക്ടറിയിൽനിന്നും.

www.malankaralibrary.com



യും. 1896 ജൂലൈ 28-ാം തീയതി എറണാകുളം വികാരിയാത്ത് സ്ഥാപിക്കപ്പെട്ടു. മാർ ളൂയിസ് പഴേപറമ്പിൽ ആദ്യത്തെ വികാരി അപ്പസ്തോലിക്കയായി ഭരണം നടത്തി. 1923-ൽ സീറോ മലബാർ ഹയരാർക്കി സ്ഥാപിക്കപ്പെട്ടപ്പോൾ അന്നത്തെ വികാരി അപ്പസ്തോലിക്കയും മാർ ളൂയിസ് പഴേപറമ്പിലിൻെറ പിൻഗാമിയുമായ കണ്ടത്തിൽ മാർ ആഗുസ്തീനോസ് പ്രഥമ മെത്രാപ്പോലീത്തായിത്തീർത്തു. ഇന്നു ഈ അതിരൂപതയിൽ ഉണ്ടായിട്ടുള്ള എല്ലാവിധ പുരോഗതികളുടെയും സൂത്രധാരകൻ കണ്ടത്തിൽ മെത്രാപ്പോലീത്തയാണെന്നു പറയാം. അദ്ദേഹത്തിൻെറ പിൻഗാമിയായ മാർ ജോസഫ് പാറേക്കാട്ടിൽ 1969-ൽ കർദ്ദിനാൾ സ്ഥാനത്തേക്കു ഉയർത്തപ്പെട്ടു. സീറോ മലബാർ സഭയുടെ പ്രഥമ കർദ്ദിനാളാണ് ജോസഫ് പാറേക്കാട്ടിൽ. അത്യുന്നത കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ അതിരൂപതാദ്ധ്യക്ഷസ്ഥാനത്തുനിന്നും വിരമിച്ചതോടെ മാർസെബാസ്റ്റ്യൻമങ്കുഴിക്കരിഅതിരൂപതയുടെ അഡ്മിനിസ്ട്രേററായി. 1985 ജൂലൈ 3-ാംതീയതി, ചങ്ങനാശേരി രൂപതാദ്ധ്യക്ഷനായിരുന്ന മാർ ആൻറണി പടിയറ അതിരൂപതയുടെ ഭരണസാരഥ്യം ഏറെറടുത്തു. 1987 ൽ കർദ്ദിനാൾ പാറേക്കാട്ടിൽ കാലംചെയ്തു. 1988-ൽ മാർ ആൻറണിപടിയറ തിരുമേനികർദ്ദിനാൾ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. 1956-ൽ ഈ അതിരൂപതവിഭജിച്ച് സ്ഥാപിതമായതാണ് കോതമംഗലംരൂപത. ഈ അതിരൂപതയിലെ കത്തോലിക്കാ ജനസംഖ്യ 325000 ആണ്. 129 ഇടവകകളും 162 കപ്പേളകളും 291 ഇടവക വൈദികരും 380 സന്യാസവൈദികരും 83 സന്യാസസഹോദരൻമാരും 3350 സന്യാസിനികളും ഇവിടെ ഉണ്ട്. 38 ആശുപത്രികളും 27 അഗതിമന്ദിരങ്ങളും രൂപതാടിസ്ഥാനത്തിലുള്ള സേവനരംഗത്തുണ്ട്. 6 കോളേജുകളും മററു വിദ്യാഭ്യാസ സ്ഥാപനങ്ങളും അതിരൂപതയുടെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

www.malankaralibrary.com



## 2 തൃശൂർ രൂപത

സീറോ മലബാർ സഭയിലെ ആദ്യത്തെ രണ്ടു വികാരിയാത്തുകളിലൊന്നാണു തൃശൂർ വികാരിയാത്ത്. 1887 മേയ് 20-ാം തീയതി പരി. പിതാവു ലേയോ XIII–ാമൻ മാർപ്പാപ്പായാണ് തൃശൂർ വികാരിയാത്തു സ്ഥാപിച്ചത്. പ്രഥമ വികാരി അപ്പസ്തോലിക്ക മോൺ. അഡോൾഫ് ഇ. മെഡ്ലിക്കോട്ട് ആയിരുന്നു. അദ്ദേഹത്തെ തുടർന്ന് മാർ യോഹന്നാൻ മേനാച്ചേരി പ്രഥമ ഏതദ്ദേശീയ വികാരി അപ്പസ്തോലിക്കയായി നിയമിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പിൻഗാമിയായി മാർ ഫ്റാൻസിസ് വാഴപ്പള്ളിൽ 1921-ൽ അഭിഷിക്തനായി. മാർ ഫ്റാൻസിസ് വാഴപ്പള്ളിയാണ് പ്രഥമ മെത്രാൻ. വിദ്യാഭ്യാസവിഷയത്തിൽ തൃശൂർ രൂപതയെ ഇന്നത്തെ നിലയിലെത്തിച്ചതിന്റെ പിന്നിൽ പ്രവർത്തിച്ച മേധാശക്തി മാർ വാഴപ്പള്ളിയുടേതാണ്. അദ്ദേഹത്തിന്റെ മരണശേഷം 1944–ൽ മാർജോർജ്ജ് ആലപ്പാട്ട് രൂപതാഭരണം ഏറ്റെടുത്തു. 1955–ൽ തൃശൂർ രൂപത കോയമ്പത്തൂർ ഡിസ്ട്രിക്ടിലേക്കുവ്യാപിപ്പിച്ചു. രൂപതയെ 26വർഷം സേവിച്ചതിനുശേഷം പ്രായാധിക്യം മൂലംമാർആലപ്പാട്ട് ജോലിയിൽനിന്നു വിരമിച്ചപ്പോൾ മാർ ജോസഫ് കുണ്ടുകുളം രൂപതാദ്ധ്യക്ഷനായി. തൃശൂർ രൂപത വിഭജിച്ചു 1974–ൽ പാലക്കാട്ടു രൂപതയും 1978–ൽ ഇരിഞ്ഞാലക്കുട രൂപതയും സ്ഥാപിക്കപ്പെട്ടു.

കേരളത്തിൽ ഏററവും കൂടുതൽ കത്തോലിക്കാജനസംഖ്യയുള്ള തൃശൂർ രൂപതയിൽ 349165 വിശ്വാസികളുണ്ട്. ഇടവകകളുടെ എണ്ണം 135.170 ഇടവക വൈദികരും 65 സന്യാസ വൈദികരും 99 സന്യാസസഹോദരൻമാരും 2349 കന്യാസ്ത്രീകളും ഈ രൂപതയിൽ സേവനമനുഷ്ടിച്ചുവരുന്നു. വിദ്യാഭ്യാസരംഗത്ത് രൂപതയുടെ ആഭിമുഖ്യത്തിൽ 21 കോളേജുകളും 160 സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ആതുരസേവനത്തിൽ

www.malankaralibrary.com



പിന്നോക്കമല്ലാത്ത ഈ രൂപതയുടെ കീഴിൽ 33 ആശുപത്രികളും 23 അനാഥശാലകളുമുണ്ട്.

### 3 തലശ്ശേരിരൂപത

ഇരുപതാം നൂററാണ്ടിൻെറ പൂർവ്വാർത്ഥത്തിൽ അനുഭവപ്പെട്ട ജനപെരുപ്പവും കൃഷിഭൂമിയുടെ കുറവും പുതിയമേച്ചിൽപുറം തേടിയിറങ്ങുവാനുള്ള പ്രവണത പ്രബുദ്ധ ക്രൈസ്തവജനതയിലുണർത്തി. അതിൻെറ ഫലമായി അദ്ധ്വാനശീലരായ സുറിയാനി ക്രിസ്ത്യാനികൾ മലബാറിൻെറ വിരിമാറിലേക്ക് സംഘടിതമായി കുടിയേറി. ഈ സുറിയാനി ക്രിസ്ത്യാനികൾക്കുവേണ്ടി 1953-ൽ സ്ഥാപിക്കപ്പെട്ടതാണ് തലശ്ശേരി രൂപത. പാലാരൂപതയിൽപ്പെട്ട മാർ സെബാസ്ററ്യൻ വെള്ളോപ്പള്ളിയാണ് രൂപതയുടെ ഭരണസാരഥ്യം വഹിക്കുന്നത്. കുറഞ്ഞൊരു കാലംകൊണ്ട് അസൂയാർഹമായ പുരോഗതി മലബാർ പ്രദേശത്ത് കൈവന്നതിൻെറ പിന്നിലെ മാസ്മരരഹസ്യം പ്രഗത്ഭനായ വള്ളോപ്പള്ളിൽ മെത്രാൻെറയും പ്രഥമ വൈദികരുടെയും കർമ്മശക്തിയാണ്. 1955-ൽ ഈ രൂപതയുടെ പ്രവർത്തനമണ്ഡലം ഊട്ടി, മൈസൂർ കോയമ്പത്തൂർ, മംഗലാപുരം എന്നി പ്രദേശങ്ങളിലേക്കും വ്യാപിപ്പിച്ചു. ഈ രൂപതയിൽനിന്നു തിരിഞ്ഞതാണ് മാനന്തവാടി രൂപത.

309856 കത്തോലിക്കരുള്ള തലശ്ശേരി രൂപതയിൽ 160 ഇടവകപ്പള്ളികളുണ്ട്. 285 വൈദികരും 895 കന്യാസ്ത്രീകളും ഈ രൂപതയിലുണ്ട്. ഒരു കോളജുൾപ്പെടെ 96 വിദ്യാഭ്യാസസ്ഥാപനങ്ങളും 9 ആശുപത്രികളും 10 അഗതിമന്ദിരങ്ങളും രൂപതയുടെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

### 4 കോതമംഗലംരൂപത

മലയോടു മല്ലിട്ടു ജീവിക്കുന്ന മലയോരകർഷകരായ ക്രൈസ്തവർക്കുവേണ്ടി 1956-ൽ എറണാകുളം

www.malankaralibrary.com



അതിരൂപത വിഭജിച്ചു സ്ഥാപിച്ചതാണ് കോതമംഗലം രൂപത. ഒരു ക്രൈസ്തവകേന്ദ്രമായ കോതമംഗലം തന്നെയാണ് ഈ രൂപതയുടെ കേന്ദ്രവും. എറണാകുളം വികാരി ജനറാളായിരുന്ന മോൺ. മാത്യു പോത്തനാമൂഴിയായിരുന്നു ഈ രൂപതയുടെ പ്രഥമ മെത്രാൻ. കർമ്മകുശലനും സ്നേഹസമ്പന്നനുമായ മാർ പോത്തനാമൂഴിയുടെ ഭാവനാതല്ലജങ്ങളാണ് ഇന്നു അവിടെയുള്ള എല്ലാ കത്തോലിക്കാസ്ഥാപനങ്ങളും. 1978-ൽ തന്റെ പിൻഗാമിയായ മാർ ജോസഫ് പുന്നക്കോട്ടിലിനെ അഭിഷേകം ചെയ്തു വാഴിച്ചശേഷം അദ്ദേഹം ഔദ്യോഗിക ജീവിതത്തിൽനിന്നു വിരമിച്ചു. മാർ ജോസഫ് പുന്നക്കോട്ടിലാണ് ഇന്ന് കോതമംഗലം രൂപതയുടെ അജപാലകൻ.

ഈ രൂപതയിലെ കത്തോലിക്കാ ജനസംഖ്യ 322700 ആണ്. 218 ഇടവക വൈദികര്യം 51 സന്യാസവൈദികരും 11 സന്യാസസഹോദരൻമാരും 1997 കന്യാസ്ത്രീകളും ഈ രൂപതയിലെ 182 ഇടവകളിൽ വിവിധ സേവനങ്ങളനുഷ്ഠിച്ചു വരുന്നുണ്ട്. മൂന്നുകോളേജുകളും 206 വിദ്യാലയങ്ങളും 37 ആശുപത്രികളും 14 അഗതിമന്ദിരങ്ങളും ഈ രൂപതയിൽ പ്രവർത്തിക്കുന്നു.

## 5 മാനന്തവാടി രൂപത

പാലാരൂപതയിൽ ജനിച്ചുവളർന്ന മാർ ജേക്കബ് തൂങ്കുഴി അദ്ധ്യക്ഷനായ മാനന്തവാടി രൂപത 1973 മേയ് 1—ാം തീയതിയാണ് സ്ഥാപിക്കപ്പെട്ടത്. തലശ്ശേരി രൂപതയിൽനിന്നുവേർതിരിച്ച ഈ രൂപത മലബാർ, മൈസൂർ, മംഗലാപുരം എന്നീ പ്രദേശങ്ങളിലായി വ്യാപിച്ചുകിടക്കുന്നു. ഈ അഭിനവരൂപതയെ പാലൂട്ടിവളർത്തുവാൻ മാർ ജേക്കബ് തൂങ്കുഴിയും അവിടത്തെ പ്രഗത്ഭരായ യുവവൈദികരും കിണഞ്ഞുൽസാഹിച്ചുവരുന്നു. ഈ രൂപത വിഭജിച്ചാണ് 1986-ൽ താമരശേരി രൂപത സ്ഥാപിതമായത്.

111000 കത്തോലിക്കർ 107 ഇടവകകളിലായിഇവിടെ ജീവിക്കുന്നു. 62 ഇടവക വൈദികരും 53 സന്യാസ

www.malankaralibrary.com



വൈദികരും 16 സന്യാസസഹോദരൻമാരും 418 കന്യാസ്ത്രീകളും ഇവിടെ അത്യദ്ധ്വാനം ചെയ്യുകയാണ്. 36 സ്കൂളുകളും 23 ആസ്പത്രികളും 9 അഗതിമന്ദിരങ്ങളും ഇവിടെയുണ്ട്.

## 6 പാലക്കാട്ടുരൂപത

വിശാലമായ തൃശൂർ രൂപതയുടെ കിഴക്കൻ പ്രദേശങ്ങളും കോയമ്പത്തൂർ ജില്ലയുടെ ഏതാനും ഭാഗവും ചേർത്ത് 1974 സെപ്റ്റംബർ 8-ാം തീയതി രൂപം കൊടുത്തതാണ് പാലക്കാട്ടുരൂപത. രൂപതാദ്ധ്യക്ഷനായ മാർ ജോസഫ് ഇരുമ്പൻ തൃശൂർ രൂപതയുടെ വികാരി ജനറാളായി സേവനമനുഷ്ടിച്ച പ്രാക്തന പരിചയംകൊണ്ട് സമ്പന്നനാണ്. ഭാസുരമായ ഭാവിയുള്ള ഈ രൂപതയിലെ കത്തോലിക്കാ ജനസംഖ്യ 38204 ആണ്. 49 ഇടവകകളും 26 മിഷൻ സ്റ്റേഷനുകളുമുള്ള ഈ രൂപതയിൽ 55 വൈദികരും 534 സന്യാസിനികളും പ്രവർത്തിക്കുന്നു. 7 കോളേജുകളും 32 സ്കൂളുകളും 13 ആശുപത്രികളും 10 ആതുരശാലകളുമാണിവിടുത്തെ ഇതര കത്തോലിക്കാ സ്ഥാപനങ്ങൾ.

## 7 ഇരിഞ്ഞാലക്കുട രൂപത

മാർത്തോമ്മാക്രിസ്ത്യാനികളുടെ പ്രഥമ ഭരണകേന്ദ്രമായിരുന്നു കൊടുങ്ങല്ലൂർ ഉൾപ്പെടുന്ന ഈ രൂപത തൃശൂർ രൂപതയിൽനിന്നും വേർതിരിച്ചു സ്ഥാപിക്കപ്പെട്ടത് 1978-ൽ ആണ്. മാർ ജെയിംസ് പഴയാററിൽ ആണ് രൂപതാദ്ധ്യക്ഷൻ. 1978-ൽ മാർ പഴയാററിൽ അഭിഷിക്തനായി. എണ്ണത്തിൽ 207064 വരുന്ന കത്തോലിക്കർ 93 ഇടവകകളിലും 20 മിഷനുകളിലുമായി ജീവിക്കുന്നു. 122 ഇടവക വൈദികരും 89 സന്യാസവൈദികരും 22 സന്യാസസഹോദരൻമാരും 1071 കന്യാസ്ത്രീകളും ഇവിടെ സേവനംചെയ്യുന്നു. 4 കോളേജുകളും 75 സ്കൂളുകളും 18 ആശുപത്രികളും 16 അഗതിമന്ദിരങ്ങളും ഈ രൂപതയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്നു.

www.malankaralibrary.com



## 8 താമരശ്ശേരി രൂപത

1986–ൽ തലശ്ശേരി രൂപത വീണ്ടും വിഭജിച്ച് താമരശ്ശേരി രൂപത സ്ഥാപിച്ചു. രൂപതയുടെ പ്രഥമ മെത്രാനായി എറണാകുളം സഹായമെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി നിയമിതനായി. 66 ഇടവകപ്പള്ളികളും 15 മിഷൻ സ്റ്റേഷനുകളും 21 ഹൈസ്ക്കൂളുകളും 3 ആശുപത്രികളും 11 ആതുരാലയങ്ങളും ഇതര സാമൂഹ്യക്ഷേമ കേന്ദ്രങ്ങളും ഈ രൂപതയിലുണ്ട്. 11 സന്യാസാശ്രമങ്ങളിലായി 75 പേരും 49 മഠങ്ങളിലായി 486 കന്യാസ്ത്രീകളും ഇവിടെ പ്രവർത്തിക്കുന്നു.

## ചങ്ങനാശ്ശേരി വൈദിക സംസ്ഥാനം

## 1 ചങ്ങനാശ്ശേരി അതിരൂപത

1887-ൽ കോട്ടയം വികാരിയാത്തു എന്ന പേരിൽ അനുവദിക്കുകയും പിന്നീട് ചങ്ങനാശ്ശേരിയിലേക്കു ആസ്ഥാനം മാററി സ്ഥാപിക്കുകയും ചെയ്ത ഈ വികാരിയാത്തിന്റെ പ്രഥമ മേലദ്ധ്യക്ഷൻ ചാറം സ്ലവീഞ്ഞു എസ്. ജെ. എന്ന വിദേശമെത്രാനായിരുന്നു. അദ്ദേഹത്തെ തുടർന്ന് അന്നത്തെ വികാരി ജനറാളായിരുന്നമാത്യുമാക്കീൽ ചങ്ങനാശ്ശേരിയുടെ പ്രഥമ ഏതദ്ദേശീയ വികാരി അപ്പസ്തോലിക്കയായി ഭരണമേററു. 1911-ൽക്നാനായവിഭാഗക്കാർക്കുവേണ്ടി കോട്ടയം വികാരിയാത്തു സ്ഥാപിച്ചപ്പോറം മാർ മാത്യു മാക്കീൽ കോട്ടയത്തേക്കു മാററി. ചങ്ങനാശ്ശേരിയിൽ മാർ തോമസ് കുര്യാളശേരി നിയമിതനായി. 1923-ൽ ചങ്ങനാശ്ശേരി ഒരു രൂപതയുടെ നിലയിലേക്കുയർത്തപ്പെട്ടപ്പോറം മാർതോമസ് കുര്യാളശ്ശേരി അവിടത്തെ പ്രഥമ മെത്രാനായത്തീർന്നു. ദിവ്യ കാരുണ്യആരാധനാസമൂഹ (S. A. B. S.) ത്തിന്റെ സ്ഥാപകൻ മാർ കുര്യളേശ്ശേരിയിൽ ആണ്. ദിവ്യ കാരുണ്യഭക്തനും പുണ്യശ്ലോകനുമായ മാർ കുര്യാളശ്ശേരി 1925–ൽ റോമിൽവച്ചു നിര്യാതനായതിനെ

www.malankaralibrary.com



തുടർന്നു മാർ ജെയിംസ് കാളാശേരിൽ മെത്രാനായി നിയമിക്കപ്പെട്ടു. ആയിരക്കണക്കിനുയുവത്തിടമ്പുകൾ സഹ്യനപ്പുറത്തു പ്രേഷിതരംഗങ്ങളിലേക്കു ഇറങ്ങി തിരിച്ചതു മാർ കാളാശേരിയുടെ കാലത്താണ്. 1949 ഒക്ടോബർ 27-ാം തീയതി ചങ്ങനാശ്ശേരി രൂപതയുടെ വടക്കുകിഴക്കൻ ഭാഗങ്ങൾ വേർതിരിച്ചു പാലാ രൂപത സ്ഥാപിക്കപ്പെട്ടു. മാർ മാത്യു കാവുക്കാട്ടു ചങ്ങനാശ്ശേരിയുടെയും മാർ സെബാസ്റ്റ്യൻ വയലിൽ പാലാരൂപതയുടെയും മെത്രാൻമാരായി വാഴിക്കപ്പെട്ടു. 1955 ഏപ്രിൽ മാസത്തിൽ ചങ്ങനാശ്ശേരിരൂപതയുടെ അതിർത്തി തെക്കു കന്യാകുമാരിവരെ വികസിപ്പിച്ചു. 1956—ൽ ചങ്ങനാശേരി അതിമെത്രാസന പദവിയിലേക്കു ഉയർത്തപ്പെട്ടു. പാലായും കോട്ടയവും സാമന്ത രൂപതകളാവുകയും ചെയ്തു. ശാന്തശീലനും സ്നേഹനിധിയുമായ മാർ മാത്യു കാവുക്കാട്ടുമെത്രാപ്പോലീത്താ1969ഒക്ടോബർ 9-ാംതീയതി നിര്യാതനായപ്പോൾ മാർ ആൻറണി പടിയറമെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ടു. ഊട്ടി ലത്തീൻ രൂപതയുടെ മെത്രാനായിരിക്കവേയാണ് ചങ്ങനാശ്ശേരി രൂപതയിൽ ജനിച്ചുവളർന്ന അദ്ദേഹത്തെ ചങ്ങനാശ്ശേരി അതിരൂപതയുടെമെത്രാപ്പോലീത്തായായി സ്ഥലം മാററി നിയമിച്ചത്. കേരളത്തിനുവെളിയിൽ താമസിക്കുന്ന മാർതോമ്മാ ക്രിസ്ത്യാനികളുടെ അപ്പസ്തോലിക് വിസിററും കേരള കാതലിക് ബിഷപ്പ്സ് കോൺഫറൻസിൻെറ (K C B C) അദ്ധ്യക്ഷനുമായി മാർ ആൻറണി പടിയറ സേവനം അനുഷ്ടിച്ചിട്ടുണ്ട്. അദ്ദേഹം ചങ്ങനാശേരിയിൽനിന്നും എറണാകുളം അതിരൂപതാദ്ധ്യക്ഷനായി സ്ഥലംമാററപ്പെട്ടതിനെതുടർന്ന് കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ ജോസഫ് പവ്വത്തിൽ ഇവിടുത്തെ മെത്രാപ്പോലീത്തായായി.

333194 കത്തോലിക്കർ ഈ അതിരൂപതയുടെ അതിർത്തികൾക്കുള്ളിൽ നിവസിക്കുന്നു. 123 ഇടവകപ്പ

www.malankaralibrary.com



ള്ളികളും 47 മിഷൻ സ്റ്റേഷൻസും 6 കോളേജുകളും 166 മററു വിദ്യാലയങ്ങളും 27 ആശുപത്രികളും 15 അഗതി മന്ദിരങ്ങളും ഈ അതിരൂപതയിലുണ്ട്. 285 ഇടവക വൈദികരും 19 സന്യാസ വൈദികരും 1824 കന്യാസ്ത്രീകളും ദൈവത്തിനും രാജ്യത്തിനും വേണ്ടി അഹോരാത്രം പണിയെടുത്തു അതിരൂപതയെ അഭിവൃദ്ധിപ്പെടുത്തികൊണ്ടിരിക്കുന്നു.

## 2 കോട്ടയം രൂപത

വിശുദ്ധ പത്താം പീയൂസ് മാർപ്പാപ്പാ 1911 ആഗസ്ററ് 29—ാം തീയതി ഇൻ യൂണിവേർസി ക്രിസ്ത്യാനി (In universi Christiani) എന്ന തിരുവെഴുത്തു വഴി ക്നാനായ സുറിയാനി ക്രിസ്ത്യാനികൾക്കു വേണ്ടിമാത്രമായി സ്ഥാപിച്ചതാണ് കോട്ടയം വികാരിയാത്ത്. മാർ മാത്യു മാക്കീൽ ആയിരുന്നു പ്രഥമ വികാരി അപ്പസ്തോലിക്ക. 1914—ൽഅദ്ദേഹംനിര്യാതനായപ്പോൾ മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ കോട്ടയം രൂപതയുടെ പ്രഥമ മെത്രാനായിതീർന്നു. രൂപതയുടെ സർവ്വതോൻമുഖമായ അഭിവൃദ്ധിക്കുവേണ്ടി അദ്ദേഹം കഠിനാദ്ധ്വാനംചെയ്തു. കോട്ടയം രൂപതയുടെ ശില്പി എന്ന പേരിൽ അദ്ദേഹം അറിയപ്പെടുന്നു. മാർ തോമസ് തറയിൽ 1945—ൽ പിൻതുടർച്ചാവകാശമുള്ള സഹായമെത്രാനായി നിയമിക്കപ്പെട്ടു. 1951—ൽ മാർ ചൂളപ്പറമ്പിൽ നിര്യാതനായപ്പോൾ മാർ തോമസ് തറയിൽ രൂപതാഭരണം ഏറെറടുത്തു. രൂപതയിലെങ്ങും പ്രവർത്തിച്ചുവരുന്ന നിരവധി വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒരു വിദ്യാഭ്യാസവിചക്ഷണൻ കൂടിയായ മാർ തോമസ് തറയിൽ മെത്രാൻെറ അശ്രാന്തപരിശ്രമഫലമാണ്. പ്രായാധിക്യം നിമിത്തം 1974 സെപ്ററംബർ 15—ാം തീയതി മാർ തോമസ് തറയിൽ തൻെറ സഹായമെത്രാനായിരുന്ന മാർ കുര്യാക്കോസ് കുന്നശ്ശേരിയെ ഭരണഭാരം ഏല്പിച്ചശേഷം പൊതുജീവിതത്തിൽനിന്നും വിരമിച്ചു. 1975 ജൂലൈ 26-ാം തീയതി മാർ തോമസ് തറയിൽ നിര്യാ

www.malankaralibrary.com



തനായി. മാർ കുര്യാക്കോസ് കുന്നശ്ശേരി ഇന്നുരൂപ തയ്ക്കു വിദഗ്ധമായ നേതൃത്വം കൊടുത്തു നയിച്ചു കൊണ്ടിരിക്കുന്നു.

1955 ഏപ്രിൽ 29–ാം തീയതി പരി. പിതാവു XII –ാം പീയൂസ് മാർപാപ്പ സീറോമലബാർ സഭയുടെ അതിർത്തി മുഴുവനിലുമുള്ള ക്നാനായ വിഭാഗം കത്തോലിക്കരുടെ മേലുള്ള അധികാരം കോട്ടയം രൂപതയുടെ മേലദ്ധ്യക്ഷനു ഏല്പിച്ചുകൊടുത്തു.

ഇന്നു ഈ രൂപതയിൽ 108775 കത്തോലിക്കരുണ്ട്. 99 ഇടവകകളിലായി 131 വൈദികർ സേവനമനുഷ്ഠിക്കുന്നുണ്ട്. കന്യാസ്ത്രീകളുടെ എണ്ണം 792 ആണ്. 2 കോളേജുകളും 74 സ്കൂളുകളും 9 ആശുപത്രികളും 5 അനാഥശാലകളും ഇവിടെ ഉണ്ട്.

**3 പാലാ രൂപത**

ചങ്ങനാശ്ശേരി രൂപതയിൽനിന്നും വേർതിരിച്ച് 1949–ൽ സ്ഥാപിതമാണ് പാലാരൂപത. 1951 ജനുവരി 4–ാം തീയതിയാണ് ഈ രൂപത സമുദ്ഘാടനം ചെയ്യപ്പെട്ടത്. മാർ സെബാസ്റ്റ്യൻ വയലിൽ ആയിരുന്നു പ്രഥമരൂപതാദ്ധ്യക്ഷൻ. 1973 ആഗസ്റ്റ് 15–ാം തീയതി മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ പാലാരൂപതയുടെ സഹായമെത്രാനായി വാഴിക്കപ്പെടുകയുണ്ടായി. മാർ സെബാസ്റ്റ്യൻ വയലിൽ പ്രായാധിക്യത്താൻ ഔദ്യോഗിക ജീവിതത്തിൽനിന്നും വിരമിച്ചതിനെതുടർന്നു മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ രൂപതാദ്ധ്യക്ഷനായി. 1985-ൽ മാർ സെബാസ്റ്റ്യൻ വയലിൽ കാലംചെയ്തു. 132 ഇടവകകളിലായി 278175 കത്തോലിക്കർ തിങ്ങിപ്പാർക്കുന്ന പാലാരൂപതയിൽ 390 ഇടവകവൈദികരും 76 സന്യാസവൈദികരും 14 സന്യാസസഹോദരൻമാരും സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു. വിവിധസന്യാസസഭകളിൽപ്പെട്ട കന്യാസ്ത്രീകളുടെ എണ്ണം 3486 ആകുന്നു. 6 കോളേജുകളും 172 സ്കൂളുകളും 15 ആശുപത്രിക

www.malankaralibrary.com



ളും 32 അഗതിമന്ദിരങ്ങളും ഈ രൂപതയിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു.

### 4 കാഞ്ഞിരപ്പള്ളിരൂപത

ചങ്ങനാശ്ശേരി അതിരൂപതയുടെ കിഴക്കൻ മലയോരപ്രദേശങ്ങരം വിഭജിച്ചു സ്ഥാപിച്ചതാണ് കാഞ്ഞിരപ്പള്ളി രൂപത. 1977 ഫെബ്രുവരി 25–ന് ഈ രൂപത സ്ഥാപിക്കപ്പെട്ടു. മാർ ജോസഫ് പൗവ്വത്തിൽ ആയിരുന്നു പ്രഥമ രൂപതാദ്ധ്യക്ഷൻ. അദ്ദേഹത്തെ ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്തയായി ഉയർത്തിയതിനെതുടർന്ന് 1987ൽ മാർ മാത്യു വട്ടക്കുഴിയെ ഇവിടുത്തെ മെത്രാനായിനിയമിച്ചു. ബാലാരിഷ്ടതകളെഅതിജീവിച്ചുകൊണ്ട് വളർന്നുകൊണ്ടിരിക്കുന്ന ഈ രൂപതയിൽ141425 കത്തോലിക്കരുണ്ട്. 130ഇടവകകളിലായി 102 ഇടവക വൈദികരും 20 സന്യാസവൈദികരും 16 സന്യാസസഹോദരൻമാരും 820 കന്യാസ്ത്രീകളും ജോലി ചെയ്യുന്നു. ഒരു കോളേജും 43 സ്കൂളുകളും 23 ആശുപത്രികളും 7 അഗതിമന്ദിരങ്ങളും ഇവിടെ പ്രവർത്തിച്ചുവരുന്നു.

## ലത്തീൻസഭ

## വരാപ്പുഴ വൈദിക സംസ്ഥാനം

### 1 വരാപ്പുഴ അതിരൂപത

ദക്ഷിണ ഇൻഡ്യയിലെ ലത്തീൻ ക്രിസ്ത്യാനികരംക്കുവേണ്ടി 1845–ൽ മംഗലാപുരം, വരാപ്പുഴ, കൊല്ലം എന്നു മൂന്നു വികാരിയാത്തുകരം സ്ഥാപിച്ചപ്പോരം രൂപം കൊണ്ടതാണ് വരാപ്പുഴ വികാരിയാത്ത്. വടക്ക് ഭാരതപ്പുഴ മുതൽ തെക്ക് പമ്പാനദിവരെയായിരുന്നു ഈ വികാരിയാത്തിൻെറ പ്രവർത്തനമേഖല. അക്കാലത്തു മലബാർ സുറിയാനികത്തോലിക്കരും ലത്തീൻ ക്രിസ്ത്യാനികളും വരാപ്പുഴ വികാരിയാത്തിൻെറ പരിധിയിൽപ്പെട്ടിരുന്നു. പ്രൊപ്പഗാന്താ ഭരണത്തിൻ കീഴിലായിരുന്നു ഈ വികാരിയാത്ത് സ്ഥാപി

www.malankaralibrary.com



തമായത്. കർമ്മലീത്തസഭയിൽപ്പെട്ട മോൺ. ലുദോവിക്കൂസ് ആണ് പ്രഥമ വികാരി അപ്പസ്തോലിക്കാ. 1886-ൽ വരാപ്പുഴ അതിരൂപതയായി ഉയർത്തപ്പെട്ടു. കൊച്ചിയും കൊല്ലവുംസാമന്തരൂപതകളായിത്തീർന്നു. വിജയപുരം രൂപത 1930-ൽ വരാപ്പുഴ അതിരൂപത വിഭജിച്ചുണ്ടായതാണ്. വരാപ്പുഴ അതിരൂപതയുടെ പ്രഥമ അതിരൂപതാദ്ധ്യക്ഷൻ ലെയോനാർഡ് ലൂയി മെല്ലാനാ ഒ. സി. ഡി. ആയിരുന്നു. അവസാനത്തെ വിദേശമെത്രാപ്പോലീത്തയായിരുന്ന ഏയ്ഞ്ചൽ മേരിപേരെസ് സിസിലിയ ഓ. സി. ഡി. (1910–1935) യെ തുടർന്ന് മാർ ജോസഫ് അട്ടിപ്പേററി ഏതദ്ദേശീയമെത്രാപ്പോലീത്താ 1970 വരെ അതിരൂപതയെഭരിച്ചു. ഡോ. ജോസഫ് കേളന്തറ 1971–ൽ ഭരണമേററു. ഈ അതിരൂപതയുടെ സഹായമെത്രാനായി ഡോ. ആൻറണി തണ്ണിക്കോട്ടിൽ 1979 നിയമിക്കപ്പെട്ടു. തിരുമേനി 1984-ൽ നിര്യാതനായി. 1986-ൽ ഡോ. ജോസഫ് കേളന്തറ കാലംചെയ്തതിനെത്തുടർന്ന് വിജയപുരം രൂപതാദ്ധ്യക്ഷനായിരുന്ന ഡോ. കൊർണേലിയോസ് ഇലഞ്ഞിക്കലിനെ ഇവിടുത്തെ മെത്രാപ്പോലീത്തായായി തിരുസിംഹാസനം നിയമിച്ചു. 1987-ൽ ഈ രൂപത വിഭജിച്ച് കോട്ടപ്പുറം രൂപത നിലവിൽവന്നു.

ഈ അതിരൂപതയിൽ 263565 വിശ്വാസികളും 59 ഇടവകപ്പള്ളികളും 225 ഇടവകവൈദികരും 727 കന്യാസ്ത്രീകളുണ്ട്. വിദ്യാഭ്യാസരംഗത്തു 6 കോളേജുകളും 196 സ്കൂളുകളും പ്രവർത്തിക്കുന്നു. 11 ആശുപത്രികളും 22 അനാഥമന്ദിരങ്ങളും ഈ അതിരൂപതയിലുണ്ട്. വരാപ്പുഴ അതിരൂപതയുടെ ആസ്ഥാനം എറണാകുളമാണ്.

### 2 കൊല്ലം രൂപത

ഇന്ത്യയിലെ ഏററം പഴക്കംചെന്ന ലത്തീൻ രൂപതയാണ് കൊല്ലം. 1329–ൽ പരിശുദ്ധ പിതാവ് ജോൺ **XXII**–ാമൻ മാർപ്പാപ്പാ ജോർഡാനസ് കാററലാനി എന്ന ഡൊമിനിക്കൻ സന്യാസവൈദികനെ കൊല്ല

www.malankaralibrary.com



ത്തെ മെത്രാനായി നിയമിച്ചു. 1502 മുതൽ പോർട്ടുഗീസ് ഫ്രാൻസിസ്കൻ മിഷനറിമാർ ഇവിടെ പ്രേഷിതവേലചെയ്തുതുടങ്ങി. 1523—ൽ ഗോവാ രൂപത സ്ഥാപിച്ചപ്പോൾ കൊല്ലം ഗോവായുടെ കീഴിലായി. പിന്നീട് 1558-ൽ കൊച്ചി രൂപത സ്ഥാപിച്ചപ്പോൾ അതു കൊച്ചിയുടെ ഭരണത്തിനധീനമായിത്തീർന്നു. പിന്നീട് 1845—ൽ കൊല്ലം വികാരിയത്തു രൂപം കൊണ്ടു. 1886-ൽ അതിനെ ഒരു രൂപതയാക്കി. ഡോ. ജറോം എം. ഫെർണാണ്ടസ് തിരുമേനി ആയിരുന്നു പ്രഥമഏതദ്ദേശീയമെത്രാൻ. പ്രായാധിക്യത്താൽജോലിയിൽനിന്നും അദ്ദേഹം വിരമിച്ചപ്പോൾ ഡോ. ജോസഫ്ഫെർണാണ്ടസ് ഭരണം ഏറ്റെടുത്തു. 1985—ൽ ഈ രൂപത വിഭജിച്ചാണ് പുനലൂർ രൂപത സ്ഥാപിച്ചത്. 200272 വിശ്വാസികളുണ്ട്. 112 വൈദികർ ജോലിചെയ്യുന്ന 73 ഇടവകകൾ ഈ രൂപതയിലുണ്ട്. 113 സന്യാസികളും 1301 കന്യാസ്ത്രീകളും ഇവിടെ സേവനം അനുഷ്ഠിക്കുന്നു. 4 കോളേജുകളും 128 സ്കൂളുകളും 12 അഗതിമന്ദിരങ്ങളും 12 ആശുപത്രികളും രൂപതാതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നുണ്ട്.

### 3 കൊച്ചിരൂപത

1558—ലാണ് കൊച്ചി രൂപതയുടെ സ്ഥാപനം. പോർട്ടുഗീസ് പദ്രുവാദോഭരണത്തിൽ ഇന്ത്യയിൽ സ്ഥാപിച്ച രണ്ടാമത്തെ രൂപതയാണ് കൊച്ചി രൂപത. ഗോവ അതിരൂപതയുടെ ഒരു സാമന്തരൂപതയായിരുന്നു ഇത്. 1838 ഏപ്രിൽ 24-ാം തീയതി പദ്രുവാദോ ഭരണം നിർത്തലാക്കിയതിന്റെ ഫലമായി ഈ ഭദ്രാസനവും നിന്നുപോയി. 1857-ൽ പദ്രുവാദോ പുനഃസ്ഥാപിക്കപ്പെട്ടു. അപ്പോൾ കൊച്ചി രൂപത വീണ്ടും നിലവിൽവന്നു. 1886-ൽ കൊച്ചി, വരാപ്പുഴ അതിരൂപതയുടെ കീഴിൽ ഒരു സാമന്തരൂപതയായിത്തീർന്നു. ഈ രൂപത വരാപ്പുഴയ്ക്കും കൊല്ലത്തിനുമിടയ്ക്ക് തീരപ്രദേശത്തു സ്ഥിതിചെയ്യുന്നു. 1952--ൽ കൊച്ചി വിഭജിച്ച് ആലപ്പുഴ രൂപത സ്ഥാപിച്ചു. അവ

www.malankaralibrary.com



സാനത്തെ വിദേശമെത്രാൻ ഡോ. ആൽവെർണസ് ആയിരുന്നു. അദ്ദേഹത്തിന്റെകാലശേഷം ഏതദ്ദേശീയനായ മോൺ. ഏഴേടത്ത് 1952—ൽ ഭരണമേറ്റെടുത്തു. ഇപ്പോഴത്തെ രൂപതാദ്ധ്യക്ഷൻ ഡോ. ജോസഫ് കുരീത്തറയാണ്.

ഈ രൂപതയിൽ 39 ഇടവകകളിലും 47 മിഷൻകേന്ദ്രങ്ങളിലുമായി 66 ഇടവക വൈദികരും 22 സന്യാസവൈദികരും രണ്ടു സന്യാസസഹോദരൻമാരും പ്രവർത്തിക്കുന്നു. രണ്ടു കോളേജുകൾ ഉൾപ്പെടെ 89 വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇവിടെയുണ്ട്. 13 ആശുപത്രിതളും 9 അഗതിമന്ദിരങ്ങളുമാണ് ഇവിടത്തെ ഇതര കത്തോലിക്കാസ്ഥാപനങ്ങൾ. വിശ്വാസികളുടെ എണ്ണം 156798 ആകുന്നു.

**4 തിരുവനന്തപുരം**

കൊല്ലം രൂപത വിഭജിച്ച് 1937-ൽ സ്ഥാപിച്ചതാണ് ഈ രൂപത. കേരളത്തിന്റെ തലസ്ഥാനനഗരിയിലാണ് ഈ രൂപതയുടെ കേന്ദ്രസ്ഥാനം. ഇതിന്റെ ആദ്യത്തെ മെത്രാൻ ഡോ. വിൻസന്റ് ഡരേരതിരുമേനി ആയിരുന്നു. ഡോ. പീറ്റർ ബി. പെരേരതിരുമേനി 1955—ൽ പ്രഥമ ഏതദ്ദേശീയ മെത്രാനായി വാഴിക്കപ്പെട്ടു. അദ്ദേഹത്തിന്റെ നിര്യാണത്തെതുടർന്ന് ഡോ. ജേക്കബ് അച്ചാരുപറമ്പിൽ ഇപ്പോൾ രൂപതാദ്ധ്യക്ഷനായി ഭരണം നടത്തുന്നു. 102 ഇടവകദേവാലയങ്ങളും മുന്നൂറോളം മിഷൻകേന്ദ്രങ്ങളുമുള്ള ഈ രൂപതയിൽ 105 ഇടവകവൈദികരും 60 സന്യാസവൈദികരും 40 സന്യ്യസസഹോദരൻമാരും 1326 സിസ്റ്ററേഴ്സും ജോലിചെയ്യുന്നു. 4 കോളേജുകളും 62 ഇതര വിദ്യാലയങ്ങളും 21 ആശുപത്രികളും 14 അഗതിമന്ദിരങ്ങളും ഈ രൂപതയിലുണ്ട്. 380000 കത്തോലിക്കർ ഈ രൂപതയിലുണ്ട്.

**5 കോഴിക്കോട്**

1928-ൽ മംഗലാപുരം രൂപതയിൽനിന്നു വേർപെടുത്തി സ്ഥാപിച്ചതാണു കോഴിക്കോടു രൂപത.

www.malankaralibrary.com



ഡോ. അൽദോമരിയ പത്രോണി ആയിരുന്നു ഒടുവി ലത്തെ വിദേശമെത്രാൻ. ഈ രൂപതയും വരാപ്പുഴ അ തിരൂപതയുടെ ഒരു സാമന്തരൂപതയാണ്. ഡോ. മാക്സ്‌വെൽ നൊറോഞ്ഞാ ആണ് രൂപതാധ്യക്ഷൻ.

49572 വിശ്വാസികൾ 67 ഇടവകകളിലായി വ്യാ പിച്ചു ജീവിക്കുന്നു. 64 ഇടവകവൈദികരും 64 സ ന്യാസവൈദികരും 31 സന്യാസസഹോദരൻമാരും 1007 കന്യാസ്ത്രീകളും ജോലി ചെയ്യുന്നു. 1 കോളേജും 89 സ്കൂളുകളും 19 ആശുപത്രികളും 25 അഗതിമ ന്ദിരങ്ങളും ഇവിടെയുണ്ട്.

## 6 വിജയപുരം

1930-ൽ വരാപ്പുഴ അതിരൂപതയിൽനിന്നു വേർ പെടുത്തി സ്ഥാപിച്ച ഈ രൂപതയുടെ പ്രഥമമെ ത്രാൻ വിദേശിയനായ ഡോ. ബൊനവെന്തുരാ O. C. D. ആയിരുന്നു. തുടർന്ന് ഏതദ്ദേശീയനായ ഡോ. കൊർ ണേലിയൂസ് ഇലഞ്ഞിക്കൽ രൂപതാഭരണം ഏറ്റെടുത്തു 1988–ൽ റൈററ് റവ. പീററർ തുരുത്തിക്കോണം രൂപ താധ്യക്ഷനായി നിയമിക്കപ്പെട്ടു. കോട്ടയമാണ് ഈ രൂപതയുടെ കേന്ദ്രസ്ഥാനം. 74900 ജനങ്ങളും 66 ഇട വകകളും 65 മിഷൻ കേന്ദ്രങ്ങളും 80 ഇടവകവൈദി കരും 34 സന്യാസവൈദികരും 25 സന്യാസസഹോദരൻ മാരും 295 കന്യാസ്ത്രീകളും ഇവിടെയുണ്ട്. 53 സ് കൂളുകളും 4 ആശുപത്രികളും 19 അഗതിമന്ദിരങ്ങ ളും ഇവിടെ പ്രവർത്തിക്കുന്നു.

## 7 ആലപ്പുഴ

1951–ൽ കൊച്ചി രൂപതയിൽ നിന്ന് വേർപെടു ത്തി സ്ഥാപിച്ചതാണ് ഈ രൂപത. ഡോ. മൈക്കിൾ ആറാട്ടുകുളമാണ് രൂപതാദ്ധ്യക്ഷൻ. അദ്ദേഹത്തിൻെറ സഹായമെത്രാനായി 1983-ൽ പീററർ ചേനപ്പറമ്പിൽ തിരുമേനിയെ വാഴിച്ചു. 75 ഇടവകവൈദികരും അഞ്ചു സന്യാസവൈദികരും ഒരുസന്യാസസഹോദരനും 280

www.malankaralibrary.com



കന്യാസ്ത്രീകളും 26 ഇടവകകളിലും 30 മിഷൻ കേന്ദ്രങ്ങളിലുമായി പ്രവർത്തിക്കുന്നു. രണ്ടു കോളേജുകളും 54 സ്കൂളുകളും 7 ആശുപത്രികളും 5 അഗതിമന്ദിരങ്ങളും ആണ് ഇവിടത്തെ കത്തോലിക്കാ സ്ഥാപനങ്ങൾ. ഇവിടത്തെ കത്തോലിക്കാജനസംഖ്യ 113431 ആണ്.

**8 പുനലൂർ**

1985-ൽ കൊല്ലം രൂപത വിഭജിച്ച് പുനലൂർ രൂപതസ്ഥാപിച്ചു. പ്രഥമമെത്രാനായി ഡോ. മത്തിയാസ് കാപ്പിൽ നിയമിക്കപ്പെട്ടു.

**9 കോട്ടപ്പുറം**

1987–ൽ വരാപ്പുഴ അതിരൂപത വിഭജിച്ച് കോട്ടപ്പുറം രൂപതസ്ഥാപിച്ചു. ഡോ. ഫ്രാൻസിസ് കല്ലറക്കലാണ് പ്രഥമമെത്രാൻ.

എല്ലാ ലത്തീൻ രൂപതകളും പ്രോപ്പഗാന്താതിരുസംഘത്തിന്റെ കീഴിലാണ്.

A. M. D. G. Mque